# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

**Vol. 14 / Issue 06**
**June 2023**

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)



# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 14** **ജൂൺ 2023** **ലക്കം 6**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം

ആദരാഞ്ജലികൾ........................................................................ 05
രൂപതാ കച്ചേരി വാർത്തകൾ.................................................... 08
മൈനർ സെമിനാരി വാർത്തകൾ............................................ 17
മതബോധനരംഗം ........................................................................ 20
ചെറുപുഷ്പ മിഷൻലീഗ്.......................................................... 31
Department of Youth Ministry ........................................ 38
കെ.സി.വൈ.എം.............................................................................. 41
കുടുംബപ്രേഷിതത്വം.................................................................. 51
സീയോൻ വാർത്ത........................................................................ 61
വിൻസെന്റ് ഡി പോൾ സൊസൈറ്റി..................................... 63
സാമൂഹ്യ സേവനരംഗം (WSSS).......................................... 66
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി................................ 74
ബയോവിൻ അഗ്രോ റിസർച്ച്.................................................. 78
റേഡിയോ മാറ്റൊലി .................................................................... 81
കത്തോലിക്കാ കോൺഗ്രസ്.................................................... 84
Mary Matha Arts & Science College................................ 88
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................................... 90
ബിഷപ്സ് പ്രോഗ്രാം .................................................................. 97

# ബഹു. തോമസ് ഒറ്റപ്ലാക്കൽ അച്ചന് ആദരാഞ്ജലികൾ



മാനന്തവാടി രൂപതാംഗമായ ബഹുമാനപ്പെട്ട തോമസ് ഒറ്റപ്ലാക്കലച്ചൻ (69) 2023 മെയ് 5 ന് രാവിലെ കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതരായ ഒറ്റപ്ലാക്കൽ ജോസഫ് മറിയം ദമ്പതികളുടെ മകനായി 1953 ആഗസ്റ്റ് 6 ന് ഇപ്പോൾ താമരശ്ശേരി രൂപതയിലുള്ള കൂരാച്ചുണ്ട് ഇടവകയിലാണ് അച്ചൻ ജനിച്ചത്. ജോസഫ്, സണ്ണി, മേരി, സിസിലി, അന്നക്കുട്ടി, റീന എന്നിവർ സഹോദരങ്ങളാണ്. കൂരാച്ചുണ്ട് എൽ.പി., യു.പി. സ്കൂളുകളിലും കുളത്തുവയൽ സെന്റ് ജോർജ്ജ് ഹൈസ്കൂളിലുമായി പ്രാഥമികവിദ്യാഭ്യാസവും കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ പി. ഡി. സി യും പൂർത്തിയാക്കിയശേഷം വൈദികനാകണമെന്ന ആഗ്രഹത്തോടെ ചെറുപുഷ്പ സഭയുടെ (CST) മൂക്കന്നൂരുള്ള മൈനർ സെമിനാരിയിൽ പരിശീലനത്തിനയച്ചു. പിന്നീട് മാനന്തവാടി രൂപതയിൽ ചേർന്ന തോമസച്ചൻ തത്വശാസ്ത്ര പഠനം കാർമ്മൽ ഗിരി സെമിനാരിയിലും ദൈവശാസ്ത്രപഠനം മംഗലപ്പുഴ സെമിനാരിയിലുമായി പൂർത്തിയാക്കി. പ്രായോഗിക പരിശീലന കാലമായ റീജൻസി ബോയ്സ് ടൗണിലും ചിലവഴിച്ചു.

1983 ൽ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം ഡിസം ബർ 22ന് മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് തരിയോട്, കല്പറ്റ, ഒലിവുമല പള്ളികളിൽ സഹവികാരി യായും ചാരിറ്റി, കല്പ്ര, പുല്പള്ളി, ഒണ്ടയങ്ങാടി, എടപ്പെട്ടി, വാളവയൽ, ആറാട്ടുതറ, പട്ടാണിക്കുപ്പ്, ചേലൂർ, മക്കിയാട്, അമരക്കുനി എന്നീ ദേവാലയങ്ങളിൽ വികാരിയായും സേവന മനുഷ്ഠിച്ചു. 1988-92 വർഷങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ താമസിച്ചുകൊണ്ട് ചെറുപുഷ്പ മിഷൻ ലീഗ്, കെ.സി.വൈ.എം എന്നീ സംഘടനകളുടെഡയറക്ടറായും ഏതാനും മാസങ്ങൾ വിശ്വാസപരിശീലനവിഭാഗത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറുമായും അച്ചൻ ശുശ്രൂഷ ചെയ്തു.

വിയാനിഭവനിൽ ആരോഗ്യപരമായ കാരണങ്ങളാൽ 2022 മുതൽ വിശ്രമത്തിലും ചികിത്സയിലുമായിരുന്നു തോമസച്ചൻ. വിവിധ രോഗങ്ങൾ അലട്ടിയിരുന്ന അച്ചൻ രോഗത്തിന് ആവശ്യമായ വിദഗ്ദ ചികിത്സ സ്വീകരിച്ചുവെങ്കിലും അവ ഫലിക്കാതെവന്ന സാഹ ചര്യത്തിൽ സുബോധത്തോടെ തന്നെ രോഗീലേപനം സ്വീകരി ച്ചാണ് ലോകത്തോട് വിടപറഞ്ഞത്. പ്രൗഢഗംഭീരമായ കമന്ററികളി ലൂടെ ആത്മീയ ശുശ്രൂഷകളുടെ അർത്ഥം വ്യാഖ്യാനിച്ചുകൊടുത്ത് ദൈവജനത്തെവഴിനടത്തിയ ഇടയനായിരുന്നു തോമസച്ചൻ. മികച്ച ഗായകനും പ്രസംഗകനുമായിരുന്ന അച്ചൻ ഇടവകയിൽ എല്ലാവരെയും ചേർത്തുനിർത്താനും ഒരുപോലെ പരിഗണി ക്കാനും ശേഷിയുണ്ടായിരുന്ന അജപാലകനുമായിരുന്നു. കെ.സി. വൈ.എം ഡയറക്ടറായിരുന്ന കാലയളവിൽ വിവിധ മേഖലകളിൽ ബഹുജനപങ്കാളിത്തത്തോടെ നടത്തിയ പ്രോഗ്രാമുകളിലൂടെയും റാലികളിലൂടെയുമെല്ലാം മാനന്തവാടി രൂപതയിലെ യുവജന മുന്നേ റ്റത്തിന് പുതുജീവൻ നല്കാൻ ബഹുമാനപ്പെട്ട തോമസച്ചൻ നടത്തിയ അശ്രാന്ത പരിശ്രമങ്ങളെ രൂപത അഭിമാനത്തോടെ അനുസ്മരിക്കുന്നു.

മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിനു വിയാനി ഭവൻ ചാപ്പലിൽവെച്ച് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് നേതൃത്വം നൽകി. തുടർന്ന് ബഹുമാനപ്പെട്ട തോമസ് ഒറ്റപ്ലാക്കല

ച്ചന്റെ ഭൗതികദേഹം ദ്വാരക പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി വരെ പൊതുദർശനത്തിനു വെച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം മെയ് 6 ന് 8 മണിക്ക് രൂപതാ വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ നിർവ്വഹിച്ചു. അന്നേദിവസം3 മണിക്ക് വിശുദ്ധ കുർബാനയോടെ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആരംഭിച്ചു.സഹായമെത്രാൻ മാർ അലക്സ് താരാമംഗലം, വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ, തലശ്ശേരി അതിരൂപതാ സിഞ്ചെല്ലൂസ് ബഹു. ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, ബഹു. ഫാ. ജോർജ് മഞ്ഞാടി, ബഹു. മാത്യു കുമ്പുക്കൽ CST, ഫാ. ജെയ്മോൻ കളമ്പുകാട്ട് എന്നിവർ സഹകാർമ്മികരായിരുന്നു. മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാനും തൃശൂർ അതിരൂപതാ മെത്രാപ്പോലീത്തായുമായിരുന്ന ആർച്ച് ബിഷപ്പ് എമിരിറ്റസ് അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവ്, തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയായിരുന്ന ആർച്ച് ബിഷപ്പ് എമിരിറ്റസ് അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവ്, ബത്തേരി രൂപതാ മെത്രാൻ ജോസഫ് മാർ തോമസ് പിതാവ് എന്നിവർ ആദരാഞ്ജലികൾ അർപ്പിക്കാൻ എത്തിയിരുന്നു.

ഒറ്റപ്ലാക്കൽ തോമസ് അച്ചന്റെ ദേഹവിയോഗത്തിൽ മാനന്തവാടി രൂപതാകുടുംബം ദു:ഖം രേഖപ്പെടുത്തുകയും അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹുമാനപ്പെട്ട മാത്യു കൊല്ലിത്താനം അച്ചന്റെ ചരമവാർഷികം ജൂൺ 3 നും ബഹുമാനപ്പെട്ട തോമസ് കാട്ടൂരച്ചന്റെ ചരമവാർഷികം ജൂൺ 8 നും ബഹുമാനപ്പെട്ട ജെയിംസ് കുമ്പുക്കിൽ അച്ചന്റെ ചരമവാർഷികം ജൂൺ 21 നും ബഹുമാനപ്പെട്ട ജെയിംസ് പീടികപ്പാറ അച്ചന്റെ ചരമവാർഷികം ജൂൺ 28 നുമാണ്. നമ്മുടെ വി. കുർബാനകളിലും പ്രാർത്ഥനകളിലും ഈ വൈദികരെ സ്നേഹപൂർവ്വം അനുസ്മരിക്കാം.

**മാധ്യമദിനം - ജൂൺ 10**

2023 ജൂൺ 10 ന് മാധ്യമദിനമായി കേരളസഭ ആചരിക്കുകയാണല്ലോ. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പത്രോസിന്റെ കാശ് - ജൂൺ 25**

ജൂൺ 29 ന് ആദിമസഭയുടെ അടിസ്ഥാനങ്ങളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 25-ാം തീയതി ഞായറാഴ്ച വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേയ്ക്ക് അയച്ചുകൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സീറോ മലബാർ ദിനം - ജൂലൈ 3**

സീറോ മലബാർ സഭാദിനമായി കൂടി ആചരിക്കുന്ന നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. സീറോ മലബാർ സഭാദിനവുമായ ജൂലൈ 3 ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയുടെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിനായി കഴിയുന്നതും നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

2023 ഏപ്രിൽ മാസം മുതൽ ശമ്പളത്തോടൊപ്പം ദേവാലയ ശുശ്രൂഷിയ്ക്ക് 150 രൂപ വാർഷിക ഇൻക്രിമെന്റ് കൂടി കൂട്ടിയ തുകയും അക്കൗണ്ടന്റിന് 100 രൂപ വാർഷിക ഇൻക്രിമെന്റ് കൂടി കൂട്ടിയ തുകയും (വിശദ വിവരങ്ങൾക്ക് മാനന്തവാടി രൂപതാ ബുള്ളറ്റിൻ, ഏപ്രിൽ 2022 പേജ് 17-19 കാണുക) ബഹു. വൈദികർക്ക് വാർഷിക ഇൻക്രിമെന്റ് ആയ 500 രൂപയും നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**മാനന്തവാടി രൂപത സുവർണ്ണ ജൂബിലിക്ക് പ്രൗഢോജ്ജ്വല സമാപനം**

മാനന്തവാടി രൂപത സുവർണ്ണ ജൂബിലിക്ക് സമാപനമായി. 2023 മെയ് 1 രാവിലെ 9 മണിക്ക് മാനന്തവാടി രൂപത പ്രഥമ മെത്രാൻ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ച ആഘോഷമായ കൃതജ്ഞതാബലിയോടെയാണ് സമാപന സമ്മേളനം ആരംഭിച്ചത്. വിശുദ്ധ കുർബാനക്ക് ശേഷമുള്ള പൊതു സമ്മേളനത്തിൽ ഗുവാഹത്തി അതിരൂപതാദ്ധ്യക്ഷൻ ആർച്ചു ബിഷപ് ജോൺ മൂലച്ചിറ അദ്ധ്യക്ഷനായിരുന്നു. ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് ലിയോപോൾദോ ജിറേല്ലി സമാപനസമ്മേളനം ഒലിവുമരത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ജൂബിലി കൺവീനർ റവ. ഫാ. ബിജു മാവറ ജൂബിലവർഷപ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു.

തുടർന്ന് വിവിധ ജൂബിലി പദ്ധതികളുടെ ഉദ്ഘാടനങ്ങൾ നടന്നു. കേരള ജലവകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ സാന്ത്വനം, പാലിയേറ്റീവ് & ആംബുലൻസ് (നീലഗിരി) പദ്ധതിയുടേയും, പ്രതിപക്ഷ നേതാവ് ശ്രീ വി.ഡി. സതീശൻ രൂപതയിൽ ആരംഭിക്കുന്ന ഡയാലിസിസ് സെന്ററിന്റെയും, താമരശേരി രൂപതാ ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ, ബിഷപ്പ് ഇമ്മാനുവേൽ പോത്തനാമുഴി സ്കോളർഷിപ്പിന്റെയും ഉദ്ഘാടനം നടത്തി.

മാർ ജേക്കബ് തൂങ്കുഴി പിതാവ് പാസ്റ്ററൽ പ്ലാൻ പ്രസിദ്ധീകരണവും മാനന്തവാടി നിയോജകമണ്ഡലം എം.എൽ.എ. ശ്രീ ഒ.ആർ. കേളു വീടുകളുടെ താക്കോൽ ദാനവും സുൽത്താൻ ബത്തേരി നിയോജകമണ്ഡലം എം.എൽ.എ. ശ്രീ ഐ.സി. ബാലകൃഷ്ണൻ സൗജന്യ ഡയാലിസിസ് ടോക്കണുകളുടെ വിതരണവും കൽപ്പറ്റ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ ടി. സിദ്ധിക്ക് കർഷക പാക്കേജ് ഉദ്ഘാടനവും നടത്തി.

മാനന്തവാടി രൂപതയുടെ ആദ്യമെത്രാനായിരുന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത, തലശ്ശേരി അതിരൂപതാദ്ധ്യക്ഷനായിരുന്ന മാർ ജോർജ്ജ് ഞരളക്കാട്ട് എന്നിവരെയും വൈദികർ, സന്യസ്തർ, ദേവാലയശുശ്രൂഷികൾ, മതാദ്ധ്യാപകർ എന്നിവരിലെ സുവർണ്ണജൂബിലിക്കാരെയും സമാപനസമ്മേളനത്തിൽ ആദരിച്ചു. അഡ്വ. സണ്ണി ജോസഫ് എം.എൽ.എ (പേരാവൂർ നിയോജക മണ്ഡലം), റവ. സി. ആൻമേരി എസ്.എ.ബി.എസ്. (പ്രൊവിൻഷ്യൽ സുപ്പീരിയർ, ശ്രീമതി ബീന കരിമാംകുന്നേൽ (രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം), കുമാരി അഥേല ബിനീഷ് (കുട്ടികളുടെ പ്രതിനിധി) എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

ശ്രീ ഷംഷാദ് മരക്കാർ (പ്രസിഡന്റ്, വയനാട് ജില്ലാ പഞ്ചായത്ത്), ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം (ആർച്ച് ബിഷപ്പ്എമിരിറ്റസ്, തലശേരി അതിരൂപത), ആർച്ച് ബിഷപ്പ് ജോൺ മൂലച്ചിറ (ആർച്ച് ബിഷപ്പ്, ഗുവാഹത്തി അതിരൂപത), ബിഷപ്പ് ജോസഫ് മാർ തോമസ് (ബിഷപ്പ്, ബത്തേരി മലങ്കര രൂപത), ബിഷപ്പ് സെബാസ്റ്റ്യൻ എടയന്ത്രത്ത് (ബിഷപ്പ്, മണ്ഡ്യ രൂപത), ബിഷപ്പ് ജോസഫ് അരുമച്ചാടത്ത് MCBS (ബിഷപ്പ്, ഭദ്രാവതി രൂപത), ബിഷപ്പ് അരുളപ്പൻ അമൽരാജ് (ബിഷപ്പ്, ഊട്ടി രൂപത), ശ്രീ ജസ്റ്റിൻ ബേബി (മാനന്തവാടി ബ്ലോക്ക് പഞ്ചായത് പ്രസിഡന്റ്), ശ്രീമതി രത്ന വല്ലി (മാനന്തവാടി നഗരസഭാ ചെയർപേഴ്സൺ), ശ്രീ എച്. ബി. പ്രദീപ് (എടവക പഞ്ചായത്ത് പ്രസിഡന്റ്), ശ്രീമതി കെ. സി. റോസക്കുട്ടി ടീച്ചർ (ചെയർപേഴ്സൺ, വനിതാ വികസന കോർപ്പറേഷൻ), ശ്രീ കെ. ജെ. ദേവസ്യ (ചെയർമാൻ, കേരള സെറാമിക്സ് ലിമിറ്റഡ് കോർപ്പറേഷൻ) എന്നിവരും വിവിധ രൂപതകളിൽ നിന്നുള്ള വികാരി ജനറാൾമാർ, വൈദികർ, സന്യസ്തർ, അത്മായപ്രതിനിധികൾ എന്നിവരും മാനന്തവാടി രൂപതയുടെ എല്ലാ ഇടവകകളിൽ നിന്നുമുള്ള പ്രതിനിധികളും എല്ലാ വൈദികരും സമർപ്പിതരും സമാപനസമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

രൂപതയുടെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ജോസ് മാത്യു പുഞ്ചയിൽ സമാപനസമ്മേളനത്തിന് കൃതജ്ഞത പ്രകാശിപ്പിക്കുകയും രൂപതാ ഗാനത്തോടെ സമ്മേളനം അവസാനിക്കുകയും തുടർന്ന് എല്ലാവരും സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.

മാനന്തവാടി രൂപതയുടെ ചരിത്രത്തിൽ അതീവപ്രാധാന്യമുള്ളതും എല്ലാവരും ഹൃദയത്തിൽ സൂക്ഷിക്കേണ്ടതുമായ ഒരു ദിന

മായിരുന്നു അമ്പത് വർഷങ്ങൾ പൂർത്തിയാക്കുന്ന ഈ സുദിനം. സാമൂഹിക, സാമുദായിക മണ്ഡലങ്ങളിൽ നിന്ന് നിരവധി പ്രമുഖർ പങ്കെടുത്ത മാനന്തവാടി രൂപത സുവർണ്ണജൂബിലി സമാപനസമ്മേള നത്തിനു തിരശീല വീഴുമ്പോൾ നല്ല ദൈവത്തിന്റെ നിരന്തരമായ പരിപാലനയെ സ്മരിക്കാം.

സുവർണ്ണ ജൂബിലി വർഷത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത വിവിധ കമ്മിറ്റി അംഗങ്ങളെ നന്ദിയോടെ ഓർക്കുന്നു. ഓരോ കമ്മിറ്റിയുടെയും ഉത്തരവാദിത്വങ്ങൾ ഏറ്റെ ടുത്ത് സഹായിച്ച ചെയർമാൻമാരായ വൈദികർക്കും കൺവീനർ മാരായ സഹോദരീ സഹോദരങ്ങൾക്കും കമ്മിറ്റി അംഗങ്ങളായി പ്രവർത്തിച്ച എല്ലാ സുമനസ്സുകൾക്കും ഒരായിരം നന്ദി. ജൂബിലി ആഘോഷ കർമ്മപദ്ധതികൾ ഇത്ര വിജയകരമായി പൂർത്തി യാക്കുവാൻ സാധിച്ചതിന്റെ പിന്നിൽ മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും സിസ്റ്റേഴ്സി ന്റെയും ആത്മാർത്ഥമായ സഹകരണമാണ്. ജൂബിലി ആഘോഷ പരിപാടികളിൽ സജീവമായ ഇടപെടലുകൾ നടത്തിയ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ സന്യസ്ത വൈദികർക്കും ബ്രദേഴ്സിനും നന്ദി അർപ്പിക്കുന്നു.

മാനന്തവാടി രൂപതയാകുന്ന ഈ വലിയ കുടുംബത്തിലെ ഓരോ അംഗത്തിന്റെയും വിലയേറിയ സഹായങ്ങളും സംഭാവന കളും സ്നേഹവും ഇനിയും പ്രതീക്ഷിച്ചുകൊണ്ട്, സുവർണ്ണ ജൂബിലിയിൽ വിഭാവനം ചെയ്ത കർമ്മപദ്ധതികൾ വിജയത്തി ലെത്തിക്കാൻ നമ്മുക്കൊരുമിച്ച് പരിശ്രമിക്കാം.

**നന്ദി**

മാനന്തവാടി രൂപതയിലെ സ്തുത്യർഹമായ സേവനത്തിനു ശേഷം പുതിയ കർമ്മ മേഖലകളിലേക്ക് പ്രവേശിക്കുന്ന CMI സഭാംഗവും തലപ്പുഴ വികാരിയുമായിരുന്ന ബഹു. ഫ്രാൻസീസ് മൂന്നനാൽ അച്ചനും, CMI സഭാംഗവും അരുൾനിലയം വികാരിയു മായിരുന്ന ബഹു. ചാക്കോ ഇല്ലിപ്പറമ്പിൽ അച്ചനും, Norbertine സഭാംഗവും പുതിയിടം വികാരിയുമായിരുന്ന ബഹു. ബാബു പൂച്ചാലിക്കളത്തിൽ അച്ചനും, O. Carm സഭാഗവും അപ്പപ്പാറ വികാരിയുമായിരുന്ന ബഹു. ജോമോൻ കളപറമ്പത്ത് അച്ചനും, MSFS സഭാംഗവും ടി. കെ കോളനി വികാരിയുമായ ബഹു സജി വടക്കേടത്ത് അച്ചനും, CMF സഭാംഗവും ഒലിവുമല വികാരി യുമായ ബഹു. സ്റ്റാൻലി മഞ്ഞാട്ട് അച്ചനും, വിവിധ ഇടവകളിൽ

അസി വികാരിമാരായിരുന്ന ബഹു. ക്രിസ്റ്റിൻ വല്ലാട്ടുപറമ്പിൽ OFM cap, ബഹു. ലിബിൻ കിഴക്കേക്കുടിയിൽ OFM cap. എന്നീ വൈദികർക്കും രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ യാത്രാമംഗ ളങ്ങൾ. പുതിയ അജപാലനമേഖലകളിൽ എല്ലാവിധ ദൈവാനു ഗ്രഹവും നേരുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിലേയ്ക്ക് സേവനത്തിനായി കടന്നു വന്നിരിക്കുന്ന ബഹു. ജിജോ മറ്റപ്പള്ളിൽ O.Carm ബഹു. മാത്യു പാലയ്ക്കൽ CMF, ബഹു. ഷിൻസ് പനയ്ക്കപ്പള്ളി MSFS, ബഹു. ഫ്രാൻസിസ് അള്ളുപ്പുറം O. Praem, ബഹു. മാത്യു കളരിക്കൽ CMI, ബഹു. ജോർജ്ജ് ഏഴാനിക്കാട്ട് CMI എന്നീ വൈദികർക്ക് രൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യയമായ സ്വാഗതം. ശുശ്രൂഷാ മേഖലകളിൽ എല്ലാവിധദൈവാനുഗ്രഹവും വിജയവും നേരുന്നു.

## Transfer List – May 2023
## (w.e.f.14 th May 2023)

| SN | House Name, Name | Assignment |
|---|---|---|
| 1 | Alackathadathil James | Vice Rector, MMC |
| 2 | Alumkal Joseph | Cheengavallam & Bursar, SHMHSS Kayyunni |
| 3 | Ambalathara Francis | Director, KCYM |
| 4 | Chakkiathumooda Xavier | Coonoor |
| 5 | Chempala Augustine | Kalpra |
| 6 | Chirackathottathil Augustine | Mandya |
| 7 | Elvaunkal Johny | Munderi- Bhoodanam |
| 8 | Kakkattikalayil Sebastian | Kavummannam |
| 9 | Kalapurayil Vincent | Thomattuchal |
| 10 | Kalliyattu Devasia | Bekki |
| 11 | Kappiarumalayil Jose | Cherukattoor |
| 12 | Karukappally Joseph | Manager, Newman's College(additional charge) |
| 13 | Karuthedath Mathew | Seethamount |

| | | |
|---|---|---|
| 14 | Kavalakkadan Varghese | Associate Manager Newman's College (additional charge) |
| 15 | Kizhakkenputhupally Varghese | Irulam |
| 16 | Kizhakkenputhuppally John | Principal, Little Flower English HSS, Nilambur Residence-Little Flower Forane Church, Nilambur |
| 17 | Kizhakkumpuram George | Retirement |
| 18 | Kocharackal Jose | Procurator, Bishop's House |
| 19 | Koottala Paul | Chungakkunnu |
| 20 | Korandiyarkunnel Paul | Vadakkanad |
| 21 | Korattiparambil Vincent | Chundakkara |
| 22 | Kottackal Stephen | Muthireri |
| 23 | Kottaram Jose | Peria |
| 24 | Kottayil Joseph | Kallody |
| 25 | Kunnathettu James | Thalippadam |
| 26 | Kuttikattukunnel Thomas | Manvayal |
| 27 | Kuzhikandathil Joseph | Nilambur |
| 28 | Madapallikunnel Antony | Puzhamudi & Vice-Principal, De Paul Kalpetta |
| 29 | Madapallikunnel Mathew | Vilambukandam |
| 30 | Madathil Abraham | Temperance Movement |
| 31 | Mattam Gervasis | Nadavayal |
| 32 | Mavara Stanislaus | Sisumala |
| 33 | Mecheril Jose | Pazhoor |
| 34 | Moloparambil Jose | Administrative Leave |
| 35 | Moonnanal Justin | Mullenkolly |
| 36 | Moothedath Mathew | Dwaraka |
| 37 | Mukkattukavunkal Thomas | Chennalode |

| | | |
|---|---|---|
| 38 | Mulakodiyankal Varghese | Kalluvayal |
| 39 | Mulavelikkunnel Jacob | Pookkottumpadam |
| 40 | Mundackamattam Jose | Retirement |
| 41 | Muthirakalayil Joseph | Kunjhome |
| 42 | Muthukathaniyil Varghese | Vimalagiri |
| 43 | Olickal Thomas | Kuttimoola |
| 44 | Padinjarayil George | Valeri |
| 45 | Padinjarayil Mathew | Manager, Seminary Villa Estate |
| 46 | Palath Joseph | Administrative Leave |
| 47 | Palathadathil George | Director, WSSS |
| 48 | Pallichankudiyil Mathai | Administrative Leave |
| 49 | Perumattikunnel Johny | Boys' Town |
| 50 | Pinakkattu Joseph | Edappetty |
| 51 | Plassanal Thomas | Thariode |
| 52 | Ponparackal John | Kayyunni |
| 53 | Poovathinkal Peter | Nedumpala |
| 54 | Pudussery Martin | Karimbil |
| 55 | Pullankunnel Joy | Poroor |
| 56 | Punchayil Lucka | Kottiyoor |
| 57 | Punnackapadavil Sebastian | Prasanthagiri |
| 58 | Puthenpurayil Manuel | Alattil |
| 60 | Puthukkattil Mathew | Thalanji |
| 61 | Puthukulam John | Pattanikkoop |
| 62 | Thamarassery Vincent | Valavayal |
| 63 | Thanniyil Augustine | Marakkadavu |
| 64 | Thattuparambil Jinto | Director, ZION |
| 65 | Thekkanady Jose | Arinchermala |
| 66 | Thekkethil Prince | Director-Pastoral Centre, Manimooly & Marutha |
| 67 | Thekkilakkattil Joseph | Bavali |

| | | |
|---|---|---|
| 68 | Therakam Thomas Joseph | Paralikkunnu |
| 69 | Thuruthel Kuriakose | Chithragiri |
| 70 | Thuruthel Thomas | Dharmagiri |
| 71 | Vadakkel Emmanuel | Kommayad |
| 72 | Vadakkemulanjanal Michael | Kottathara |
| 73 | Vattukulathil Mathew | Chooralmala |
| 74 | Vazhakattu Joseph | Cathedral |
| 75 | Vazhakkala Chackochan | Chokkad |
| 76 | Vazhappilly Paul | USA |
| **Religious Priests** | | |
| 77 | Allupuram Francis O. Praem | Puthiyidom (w.e.f.21st May 2023) |
| 78 | Ezhanikkatt George CMI | Arulnilayam (w.e.f.21st May 2023) |
| 79 | Kalarickal Mathew CMI | Thalapuzha (w.e.f.21st May 2023) |
| 80 | Mattapallil Jijo O. Carm | Appapara (w.e.f.21st May 2023) |
| 81 | Palackal Mathew CMF | Olivumala (w.e.f.21st May 2023) |
| 82 | Panackappally Shince MSFS | T.K Colony (w.e.f.28st May 2023) |
| **Assistant Vicars** | | |
| 83 | Poikayil Joseph | Mullenkolly |
| 84 | Uppuveettil John | Kallody |

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

# Notice

It is hereby made known to all concerned that the permission that had been granted to Fr Philip (Jino) Mekkattu to exercise priestly faculties in the eparchy of Mananthavady (See Mananthavady Roopatha Bulletin, vol.14, 2023 February) is hereby withdrawn with immediate effect.

Mananthavady
1st June 2023

Bishop Jose Porunnedom
Bishop of the eparchy of Mananthavady

# മൈനർ സെമിനാരി വാർത്തകൾ

**മൈനർ ഓർഡേഴ്സ്**

2023 ഏപ്രിൽ 3 തിങ്കളാഴ്ച രാവിലെ 7.00 ന് മൈനർ സെമിനാരിയിൽ വച്ച് വിവിധ മേജർ സെമിനാരിയിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് പൗരോഹിത്യ സ്വീകരണത്തിനൊരുക്കമായ വിവിധ പട്ടങ്ങൾ നല്കി. നെല്ലിമലയിൽ ഇമ്മാനുവേൽ (റിൻസൺ), കൊച്ചുമലയിൽ വർഗ്ഗീസ് (അനറ്റ്), വട്ടക്കുന്നേൽ ജൂഡ്, മന്ത്രിക്കൽ തോമസ് (അമൽ), കത്തിൻകര ഇമ്മാനുവേൽ (അഭിഷേക്), മുളങ്ങാട്ടിൽ തോമസ് (അമൽ), തുരുത്തിയിൽ ലൂയിസ് എന്നിവർ മ്ശംശാന പട്ടവും, പൂതക്കുഴിയിൽ ജോസഫ് (ക്രിസ്റ്റി), പാലക്കുഴ ജോസഫ് (ബോബി) എന്നിവർ ഹെവുപ്പദ്യാക്ക്ന പട്ടവും, വടക്കൻ ജോസഫ് (അനൂപ്), കോട്ടപ്പുറത്ത് തോമസ് (ജെഫിൻ), കുളങ്ങര പോൾ (ഷിന്റോ), ചിറയിൽപറമ്പിൽ ജോസഫ് (ജോബിൻ) എന്നിവർ കാറോയ പട്ടവും സ്വീകരിച്ചു.

**വൈദികവസ്ത്ര സ്വീകരണം**

മെയ് 10 ന് രാവിലെ 6.45 ന് മൈനർ സെമിനാരിയിൽ വച്ച് ബിരുദാനന്തരബിരുദ പഠനം പൂർത്തിയാക്കിയ ഓളളാട്ട്പുറത്ത് വർക്കി (അബിൻ), കൈപ്പകശ്ശേരി മാത്യു (ജോബിൻ), അറുകക്കൽ വർഗ്ഗീസ് (ആശിഷ്), വടക്കൂടൻ ജോൺ (റ്റിജോ), അതിരക്കുളങ്ങര ഡൊമിനിക്ക് (ബിബിറ്റോ), വടശ്ശേരി ജോസഫ് (അഖിൽ), തലച്ചിറ മാത്യു (ഫെബിൻ) എന്നീ ബ്രദേഴ്സിന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് വൈദിക വസ്ത്രം ആശീർവദിച്ച് നൽകി. വൈദിക വസ്ത്രം സ്വീകരിച്ചവർക്ക് അഭിനന്ദങ്ങൾ.

**Major Seminarians' Gathering**

2023 ഏപ്രിൽ 25 മുതൽ 28 വരെ വിവിധ മേജർ സെമിനാരിയിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ സമ്മേളനം നടന്നു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവും മാർ അലക്സ് താരാമംഗലം പിതാവും സമ്മേളനത്തിന് നേതൃത്വം നൽകി. 25 ന് വൈകുന്നേരം ആരംഭിച്ച സമ്മേളനത്തിൽ മൈനർ സെമിനാരി

റെക്ടർ ഫാ. സജി നെടുങ്കല്ലേൽ സ്വാഗതം ആശംസിച്ചു. മാനന്തവാടി രൂപതയുടെ വികാരി ജനറാൾ ബഹു. പോൾ മുണ്ടോളിക്കലച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. അനൂപ് കാളിയാനിയിൽ, ഫാ. ബിജു പൊൻപാറക്കൽ, ഫാ. റിബിൻ പേഴക്കാട്ടിൽ, ഫാ. ജെയ്നേഷ് പുതുക്കാട്ടിൽ, ഫാ. ജോണി മലയിൽ, ഫാ. ജോഫിൻ മുളകൊടിയാങ്കൽ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. ലീഡർമാരായ ഡീക്കൻ അമൽ മുളങ്ങാട്ടിൽ, ബ്രദർ സെബാസ്റ്റ്യൻ മുട്ടംതോട്ടിൽ എന്നിവർ മീറ്റിംഗിൽ നേതൃത്വം നൽകി. 2023-24 വർഷത്തെ ലീഡേഴ്സായി ബ്രദർ ക്രിസ്റ്റി പൂതക്കുഴിയിൽ, ബ്രദർ ജിബിൻ തെക്കേൽ എന്നിവരെ തെരഞ്ഞെടുത്തു.

കഴിഞ്ഞ വർഷം ഈ കൂട്ടായ്മയെ നയിച്ച ഡീക്കൻ അമൽ മുളങ്ങാട്ടിൽ, ബ്രദർ സെബാസ്റ്റ്യൻ മുട്ടംതോട്ടിൽ എന്നിവർക്ക് നന്ദി. പുതുതായി നേതൃത്വം ഏറ്റെടുത്തിരിക്കുന്ന ബ്രദർ ക്രിസ്റ്റി പൂതക്കുഴിയിൽ, ബ്രദർ ജിബിൻ തെക്കേൽ എന്നിവർക്ക് ആശംസകൾ.

ഏപ്രിൽ 25 ന് വൈകുന്നേരം ആരംഭിച്ച സമ്മേളനം 28 വെള്ളിയാഴ്ച പെരിയ ബഹു. പോൾ മുണ്ടോളിക്കലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ബലിയോടെ സമാപിച്ചു.

**അഭിനന്ദനങ്ങൾ, ആശംസകൾ**

വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും ആരംഭിച്ചവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**തത്വശാത്രം**

കൂട്ടുങ്കൽ ജൂഡ് (അതുൽ), കുളങ്ങര ജോൺ (റിന്റോ), കുറ്റിപ്ലാക്കൽ പീറ്റർ (ആൽബിൻ), പടിക്കലൊത്ത് തോമസ് (നിബിൻ), കോയിക്കര ആന്റണി (നിജോ), പുത്തനങ്ങാടിത്തറ വർഗ്ഗീസ് (റിന്റോ), വെളിയത്ത് പത്രോസ് (അതുൽ)

**ദൈവശാസ്ത്രം**

ഓള്ളാട്ടുപുറത്ത് വർക്കി (അബിൻ), കൈപ്പകശ്ശേരി മാത്യു (ജോബിൻ), അറുകക്കൽ വർഗ്ഗീസ് (ആശിഷ്), വടക്കൂടൻ ജോൺ (റ്റിജോ), അതിരകുളങ്ങര ഡോമിനിക്ക് (ബിബിറ്റോ), വടാശ്ശേരി ജോസഫ് (അഖിൽ), തലച്ചിറ മാത്യു (ഫെബിൻ)

**സ്വാഗതം, നന്ദി**

സെമിനാരിയുടെ പുതിയ വൈസ് റെക്ടറായി നിയമിതനായിരിക്കുന്ന ബഹു. നിധിൻ ആലക്കാതടത്തിൽ അച്ചന് സ്നേഹോഷ്മളമായ സ്വാഗതമാശംസിക്കുകയും എല്ലാവിധ നന്മകളും നേരുകയും ചെയ്യുന്നു. കഴിഞ്ഞ കാലയളവിൽ സെമിനാരിയുടെ വൈസ് റെക്ടറായി സേവനമനുഷ്ഠിച്ച് തലഞ്ഞി ഇടവകയുടെ വികാരിയായി ചുമതല ഏറ്റെടുത്തിരിക്കുന്ന ജെയ്നേഷ് പുതുക്കാട്ടിൽ അച്ചന് നന്ദി അറിയിക്കുകയും പുതിയ കർമ്മ വേദിയിൽ ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു

2023 മെയ് 18 ന് മൈനർ സെമിനാരിയിൽ വച്ച് നടന്ന അഭിവന്ദ്യ പിതാവുമായുള്ള കൂടിക്കാഴ്ച്ചയിലേക്ക് കുട്ടികളെ പറഞ്ഞയച്ച എല്ലാ വികാരി അച്ചന്മാർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. തുടർന്നും ദൈവവിളി പ്രോത്സാഹനത്തിനായി എല്ലാ ബഹുമാനപ്പെട്ട വൈദികരുടെയും സഹകരണം അപേക്ഷിക്കുകയും ചെയ്യുന്നു.

**ഫാ. സജി നെടുങ്കല്ലേൽ**
റെക്ടർ

# മതബോധനരംഗം

**പുതിയ അധ്യയനവർഷം**

ശിഷ്യന്മാരാക്കുക, വിശ്വസിക്കുന്നതിലൂടെ യേശുവിന്റെ നാമത്തിൽ ജീവൻ ഉണ്ടാകേണ്ടതിന് അവനാണ് ദൈവത്തിന്റെ പുത്രൻഎന്ന് വിശ്വസിക്കുവാൻ മനുഷ്യരെ സഹായിക്കുക, ക്രിസ്തുവിലുള്ള ജീവിതത്തിൽ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക. അങ്ങനെ അവിടുത്തെ ശരീരമാകുന്ന തിരുസഭയുടെ പ്രവർത്തനങ്ങളുടെ ആകെത്തുകയാണ് മതബോധനം (CCC ആമുഖം II.4).

2023-2024 അധ്യയന വർഷം മെയ് 28 ന് ആരംഭിച്ചല്ലോ. പുതിയ വർഷത്തിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളിലേക്ക് എല്ലാവരെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. ഈ വിശ്വാസ പരിശീലന വർഷം ദൈവാനുഗ്രഹപ്രദമാകുവാൻ നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ വർഷങ്ങളിൽ ഈ രംഗത്ത് സേവനം ചെയ്ത ഏവരെയും നന്ദിയോടെ ഓർക്കുന്നു. വിദ്യാഭ്യാസം, വിവാഹം, ജോലി എന്നിങ്ങനെയുള്ള കാരണങ്ങളാൽ തൽക്കാലത്തേക്ക് ഈ രംഗത്ത് നിന്ന് മാറിയിട്ടുള്ളവരുണ്ട്. അവർക്കേവർക്കും ഒത്തിരി സ്നേഹത്തോടെ നന്ദി അറിയിക്കുന്നു. വിശ്വാസ പരിശീലന ക്ലാസുകൾ പൂർത്തിയാക്കി തുടർപഠനത്തിന് വിവിധ സ്ഥലങ്ങളിലേക്ക് പുറപ്പെടുന്ന എല്ലാ യുവജനങ്ങൾക്കും ആശംസകളും, പ്രാർത്ഥനയും നേരുന്നു.

പുതുതായി വിശ്വാസ പരിശീലന രംഗത്തേക്ക് കടന്നുവന്നിരിക്കുന്ന അധ്യാപകരെ ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. ചില ഇടവകകളിലെങ്കിലും പ്രധാനാധ്യാപകർ മാറിയിട്ടുണ്ട്. അവരുടെ നിസ്തുല സേവനങ്ങൾ ഓർത്തുകൊണ്ട് നന്ദി അർപ്പിക്കുന്നതോടൊപ്പം പുതിയ നേതൃത്വത്തിന് ഭാവുകങ്ങൾ.

പ്രധാനധ്യാപകരും, മറ്റ് അധ്യാപകരും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ വിലയിരുത്തി, ആവശ്യമായ മാറ്റങ്ങൾ വരുത്തണം. വിശുദ്ധ കുർബാനയിൽ അധിഷ്ഠിതമായ വിശ്വാസജീവിതം പടുത്തുയർത്തുവാൻ അധ്യാപകർ ശ്രദ്ധിക്കുകയും, കുട്ടികളെ അതിനായി പ്രോത്സാ

ഹിപ്പിക്കുകയും വേണം. രൂപതാ മതബോധന കലണ്ടറും, സിലബസുംഅനുസരിച്ച് പരമാവധി ക്ലാസ്സുകൾ നഷ്ടപ്പെടുത്താതെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ഭക്തസംഘടനകളുടെ പ്രവർത്തനങ്ങളിലും കുട്ടികൾ സജീവമായി പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

ദൈവാനുഗ്രഹവും, ആത്മീയാനുഭവവും നിറഞ്ഞ നല്ല ഒരു അധ്യയനവർഷം ആയിരിക്കട്ടെ എന്ന് ആശംസിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## HM Conference

മെയ് 20-ാം തിയതി നടന്ന കോൺഫ്രൻസിൽ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് വിശ്വാസ പരിശീലനവർഷം ഉദ്ഘാടനം ചെയ്തു. വിശ്വാസ പരിശീലകരായ അദ്ധ്യാപകർ പഠിപ്പിക്കുന്നവരായാൽ മാത്രം പോരാ. അധ്യാപകർ ക്രിസ്തു അനുഭവം സ്വന്തമാക്കണം. തങ്ങൾക്ക് ലഭിച്ച അനുഭവമാണ് അവർ കുട്ടികളുമായി പങ്കുവയ്ക്കേണ്ടതെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

വിശ്വാസപരിശീലനരംഗത്ത് 25, 35, 50 വർഷങ്ങൾ പൂർത്തിയാക്കിയവരെയും, 1 മുതൽ 12 വരെ ക്ലാസ്സുകളിൽ തുടർച്ചയായി മുടങ്ങാതെ ഹാജരുള്ള കുട്ടികളെയും ആദരിച്ചു. 4 മുതൽ 12 വരെ ക്ലാസുകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി ആദ്യ പത്ത് സ്ഥാനങ്ങൾ ലഭിച്ച കുട്ടികളെ രൂപതാ ജൂബിലി സ്കോളർഷിപ്പ് നല്കി ആദരിച്ചു.

രൂപത മതബോധന കേന്ദ്രം ജൂബിലി വർഷത്തിൽ മതാധ്യാപകർക്കായി നടത്തിയ ഉപന്യാസം, കവിത മത്സരങ്ങളിൽ ആദ്യ 3 സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കുള്ള ക്യാഷ് അവാർഡ് നല്കി.

**കവിത - ടീച്ചേഴ്സ്**

1. ഷീജ സെബാസ്റ്റ്യൻ കാഞ്ഞിരകാട്ട് - കണിയാരം
2. ബീന വള്ളോപിള്ളിൽ - ചുണ്ടക്കര
3. റോഷ്നി പി. ജി മുണ്ടുപറമ്പിൽ - കമ്മന

**കവിത - സിസ്റ്റേഴ്സ്**

1. സി. ജെസ്സി ജോസ് SH കല്ലുമുക്ക്
2. സി. ആൻസി ടോം SH കാട്ടിക്കുളം
3. സി. സിബിന ജോസ് FCC ബാവലി

**ഉപന്യാസം ടീച്ചേഴ്സ്**

1. വിൻസെന്റ് ജോസഫ് തലച്ചിറ മുണ്ടേരി

2. ബിന്ദു സൈമൺ പുലികോട്ടിൽ   കൂനൂർ
3. ജോസുകുട്ടി കെ. എ കോട്ടൈപറമ്പിൽ   തലഞ്ഞി

**ഉപന്യാസം സിസ്റ്റേഴ്സ്**

| | | |
|---|---|---|
| 1. | സി. ജെസ്സി മാങ്കോട്ടിൽ SH | ബത്തേരി |
| 2. | സി. ടെസ്സി CMC | നടവയൽ |
| 3. | സി. മേഴ്സി ഏറത്ത് SABS | അപ്പപ്പാറ |

**മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനർഹരായവർക്ക് അഭിനന്ദനങ്ങൾ**

**ആമുഖ സെമിനാർ**

2022-23 അധ്യയനവർഷത്തെ ആദ്യത്തെ ആമുഖസെമിനാറും ക്ലാസ് ട്രയിനിംഗും മെയ് 25 മുതൽ 27 വരെയുള്ള തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. ക്ലാസ് ട്രയിനിംഗിലും, ആമുഖ സെമിനാറിലും പങ്കെടുത്ത എല്ലാ അധ്യാപകർക്കും, നേതൃത്വം നല്കിയ ടീം അംഗങ്ങൾക്കും നന്ദി.

**HCC രജിസ്ട്രേഷൻ 2023-24**

2023-24 അധ്യയനവർഷത്തിലെ പ്ലസ് വൺ, പ്ലസ് ടു ഓൺലൈൻ രജിസ്ട്രഷൻ മതബോധനത്തിന്റെ വെബ്സൈറ്റിൽ 18-06-2023 നുള്ളിൽ ഇടവകകളിൽ പൂർത്തിയാക്കേണ്ടതാണ്.

**സർവ്വേ ഫോം**

മുഴുവൻ ഇടവകകളും 2022-23 വർഷത്തെ സർവ്വേ ഫോം മതബോധനത്തിന്റെ സൈറ്റിൽ (https://catechismmdy.in/panel/) ഓൺലൈനായി enter ചെയ്ത് പ്രിന്റൗട്ട് രൂപത മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. സർവ്വേ ഫോം പൂർത്തിയാക്കി അതിന്റെ ഒരു കോപ്പി ഇടവകയിലും സൂക്ഷിക്കേണ്ടതാണ്. ഫോം പൂരിപ്പിക്കുമ്പോൾ വിവരങ്ങളെല്ലാം കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രത്യേകിച്ച്, ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം enter ചെയ്യുമ്പോൾ ശ്രദ്ധിക്കണം. ഓരോ ഇടവകകളിൽ നിന്നും സർവ്വേ ഫോമിൽ തന്നിരിക്കുന്ന കുട്ടികളുടെ എണ്ണമനുസരിച്ചായിരിക്കും പരീക്ഷകൾക്കാവശ്യമായ question papers നിങ്ങൾക്ക് ലഭിക്കുക. അതുകൊണ്ട്, ഈ കാര്യത്തിൽ വീഴ്ച വരുത്തരുത്. സർവ്വേ ഫോറം രൂപത ഓഫീസിൽ എത്തിക്കേണ്ട അവസാനതിയ്യതി 25-06-2023 നാണ്. പ്രിന്റൗട്ട് നേരിട്ട് ഓഫിസിൽ എത്തിക്കുകയോ, പോസ്റ്റ് വഴി അയക്കുകയോ ചെയ്യേണ്ടതാണ്. പറഞ്ഞിരിക്കുന്ന തിയതിക്കുള്ളിൽ സർവ്വേഫോം പൂർത്തിയാക്കുവാൻ സഹകരിക്കുമല്ലോ.

**സംസ്ഥാന പ്രതിഭാസംഗമം**

2023 മെയ് 16,17,18 തിയതികളിൽ കാക്കനാട് വച്ചുനടന്ന സംസ്ഥാനപ്രതിഭാസംഗമത്തിൽ പങ്കെടുത്ത് സംസ്ഥാന പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട ആരോൺ ജിയോ ടോമിന് രൂപതാമതബോധനകുടുംബത്തിന്റെ ആശംസകൾ അർപ്പിക്കുന്നു. സംഗമത്തിൽ പങ്കെടുത്ത ആരോൺ ജിയോ ടോം (മൂലങ്കാവ്), ഡിയോൺ (പോരൂർ), ഇസ ബ്രിഡ്ജിറ്റ് മരിയ (ചുങ്കക്കുന്ന്), ആൻ മരിയ ജോസ് (പോരൂർ) എന്നിവർക്കും അവരെ പ്രോത്സാഹിപ്പിച്ചയച്ച വികാരിയച്ചന്മാർ, മതാധ്യാപകർ, മാതാപിതാക്കൾ നേതൃത്വം നല്കിയ ശ്രീ. ജോൺസൻ വടക്കേക്കര സാർ, സി. അനിത, സി. ലിഡിയ എന്നിവർക്കും നന്ദി.

**പഞ്ചാബ് മിഷൻ**

ഫരീദാബാദ് രൂപതയുടെ കീഴിൽ പഞ്ചാബ് സംസ്ഥാനത്തെ മോഗജില്ലയിലുള്ള കോട്ടിഇസെഖാൻ(KotiIseKhan,ഫിറോസ്പൂർ ജില്ലയിലുള്ള ഹസ്തിവാല(Hastiwala) എന്നിവയാണ് മാനന്തവാടി രൂപത പുതുതായി ആരംഭിച്ചിരിക്കുന്ന മിഷൻ സ്റ്റേഷനുകൾ. നമ്മുടെ രൂപതയിൽനിന്നുള്ള 3 വൈദികർ ഇവിടെ ശുശ്രൂഷ ചെയ്തുവരുന്നു. ബഹു. സന്യസ്തർ, Catechist (മിഷൻ പ്രവർത്തനങ്ങൾക്ക് നമ്മെ സഹായിക്കുന്ന പ്രദേശവാസിയായ വേദോപദേശകൻ) എന്നിവരുടെ സഹായത്തോടെ ഭവനസന്ദർശനം, മിഷൻ സമൂഹത്തെ ഒരുമിച്ചുകൂട്ടൽ എന്നിവ നടന്നുവരുന്നു. കുട്ടികളിൽ മിഷൻ ആഭിമുഖ്യം വളർത്തുവാനും നമ്മുടെ മിഷനെ സഹായിക്കുവാനും കുട്ടികൾക്കായി ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് പഞ്ചാബ് മിഷൻ ഫണ്ട്. കഴിഞ്ഞ Priest Conference ലും, Pastoral Council ലും നമ്മൾ തീരുമാനിച്ചതനുസരിച്ച് വേദപാഠം പഠിക്കുന്ന എല്ലാ കുട്ടികളിൽ നിന്നും പ്രതിമാസം മിനിമം10 രൂപയെങ്കിലും ശേഖരിച്ച് അതതു മാസംതന്നെ രൂപത മതബോധനകേന്ദ്രത്തിൽ എത്തിക്കുന്ന പദ്ധതിയാണിത്. ഓരോ ക്ലാസിലെയും കണക്കുകൾ സൂക്ഷിക്കാൻ ക്ലാസദ്ധ്യാപകരെയും (ടീച്ചിംഗ് നോട്ടിന്റെ അവസാന പേജിൽ), ക്ലാസുകളിൽനിന്ന് ലഭിക്കുന്ന ഫണ്ടിന്റെ കണക്ക് സൂക്ഷിക്കുവാൻ പ്രധാനാദ്ധ്യാപകരെയും (HM Diary ൽ) ചുമതലപ്പെടുത്തുമല്ലോ. മാസാവസാനം ബഹു. വികാരിയച്ചന്റെ അറിവോടെ ആ മാസം ലഭിച്ച തുക HM രൂപത മതബോധനകേന്ദ്രത്തിലേക്ക് അയച്ചുതരണം. നമ്മൾ ആരംഭിച്ചിരിക്കുന്ന ഈ മിഷൻ സംരംഭം ദൈവാനുഗ്രഹം നിറഞ്ഞതാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

**2022- 23 Result in Parish Level**

| Bathery | | | | | | |
|---|---|---|---|---|---|---|
| | Total-Regd | Attend-ed | Passed | Failed | Absent | Percntge |
| Ambalavayal | 24 | 24 | 24 | 0 | 0 | 100% |
| Bathery | 51 | 51 | 50 | 1 | 0 | 98% |
| Chithragiri | 15 | 15 | 15 | 0 | 0 | 100% |
| Chulliyode | 7 | 7 | 6 | 1 | 0 | 86% |
| Kadalmad | 2 | 2 | 2 | 0 | 0 | 100% |
| Karani | 2 | 2 | 1 | 1 | 0 | 50% |
| Meenangady | 16 | 15 | 14 | 1 | 1 | 93% |
| Moolankavu | 15 | 14 | 12 | 2 | 1 | 86% |
| Pazhoor | 5 | 5 | 4 | 1 | 0 | 80% |
| Thomattuchal | 19 | 19 | 18 | 1 | 0 | 95% |
| Vadakkanad | 5 | 5 | 5 | 0 | 0 | 100% |
| Vakery | 14 | 13 | 13 | 0 | 1 | 100% |
| TOTAL | 175 | 172 | 164 | 8 | 3 | 95% |
| **Chungakkunnu** | | | | | | |
| Adackathode | 22 | 22 | 18 | 4 | 0 | 82% |
| Ambayathode | 12 | 12 | 11 | 1 | 0 | 92% |
| Chungakkunnu | 49 | 49 | 43 | 6 | 0 | 88% |
| Kelakam | 13 | 13 | 13 | 0 | 0 | 100% |
| Kottiyoor | 56 | 56 | 51 | 5 | 0 | 91% |
| Nelliyody | 8 | 8 | 8 | 0 | 0 | 100% |
| Ottaplavu | 10 | 10 | 10 | 0 | 0 | 100% |
| Palchuram | 10 | 10 | 8 | 2 | 0 | 80% |
| Santhigiri | 7 | 7 | 7 | 0 | 0 | 100% |
| Velloonny | 13 | 13 | 11 | 2 | 0 | 85% |
| Total | 200 | 200 | 180 | 20 | 0 | 90% |
| **Dwaraka** | | | | | | |
| Chulliyana | 6 | 6 | 6 | 0 | 0 | 100% |
| Dwaraka | 20 | 20 | 16 | 4 | 0 | 80% |

| | | | | | | |
|---|---|---|---|---|---|---|
| Karakkamala | 22 | 22 | 19 | 3 | 0 | 86% |
| Kommayad | 11 | 11 | 8 | 3 | 0 | 73% |
| Mangalassery | 6 | 6 | 6 | 0 | 0 | 100% |
| Mothakkara | 4 | 4 | 4 | 0 | 0 | 100% |
| Thonichal | 20 | 20 | 18 | 2 | 0 | 90% |
| Vellamunda | 9 | 9 | 9 | 0 | 0 | 100% |
| Vilambukandam | 5 | 5 | 5 | 0 | 0 | 100% |
| Total | 103 | 103 | 91 | 12 | 0 | 88% |
| **Kallody** | | | | | | |
| Deepthigiri | 11 | 10 | 10 | 0 | 1 | 100% |
| Judes Mount | 8 | 8 | 8 | 0 | 0 | 100% |
| Kallody | | 34 | 34 | 32 | 2 | 0 |
| Karimbil | 3 | 3 | 3 | 0 | 0 | 100% |
| Kunhome | 7 | 7 | 7 | 0 | 0 | 100% |
| Makkiyad | 7 | 7 | 7 | 0 | 0 | 100% |
| Puthiyidamkun-nu | 11 | 11 | 10 | 1 | 0 | 91% |
| Puthussery | 5 | 5 | 2 | 3 | 0 | 40% |
| Valery | 7 | 7 | 7 | 0 | 0 | 100% |
| Vanjode | 10 | 10 | 10 | 0 | 0 | 100% |
| Total | 103 | 102 | 96 | 6 | 1 | 94% |
| **Kalpetta** | | | | | | |
| Charity | 8 | 8 | 5 | 3 | 0 | 63% |
| Chooralmala | 2 | 2 | 1 | 1 | 0 | 50% |
| Edappetty | 10 | 10 | 9 | 1 | 0 | 90% |
| Kalathuvayal | 6 | 6 | 6 | 0 | 0 | 100% |
| Kalpetta | 31 | 30 | 27 | 3 | 1 | 90% |
| Kolavayal | 11 | 11 | 9 | 2 | 0 | 82% |
| Lakkidi | 4 | 4 | 3 | 1 | 0 | 75% |
| Nedumpala | 7 | 7 | 7 | 0 | 0 | 100% |
| Olivumala | 5 | 5 | 4 | 1 | 0 | 80% |
| Puzhamudi | 2 | 2 | 2 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Rippon | 12 | 12 | 8 | 4 | 0 | 67% |
| Theneri | 14 | 14 | 14 | 0 | 0 | 100% |
| Thrikkaipetta | 6 | 6 | 6 | 0 | 0 | 100% |
| Vazhavatta | 23 | 23 | 22 | 1 | 0 | 96% |
| Vythiri | 3 | 3 | 3 | 0 | 0 | 100% |
| Total | 144 | 143 | 126 | 17 | 1 | 88% |
| **Mananthavady** | | | | | | |
| Alattil | 19 | 19 | 19 | 0 | 0 | 100% |
| Elapeedika | 2 | 2 | 2 | 0 | 0 | 100% |
| Kaniyaram | 34 | 33 | 32 | 1 | 1 | 97% |
| Karimani | 4 | 4 | 4 | 0 | 0 | 100% |
| Kuttimoola | 7 | 7 | 5 | 2 | 0 | 71% |
| Mndy Town | 18 | 18 | 17 | 1 | 0 | 94% |
| Muthireri | 8 | 8 | 8 | 0 | 0 | 100% |
| Parathottam | 5 | 5 | 4 | 1 | 0 | 80% |
| Peria | 8 | 8 | 5 | 3 | 0 | 63% |
| Poroor | 19 | 19 | 19 | 0 | 0 | 100% |
| Prasanthigiri | 9 | 9 | 7 | 2 | 0 | 78% |
| Puthiyidom | 5 | 5 | 5 | 0 | 0 | 100% |
| Thalapuzha | 6 | 6 | 6 | 0 | 0 | 100% |
| Thavinjal | 17 | 17 | 11 | 6 | 0 | 65% |
| Valad | 7 | 7 | 5 | 2 | 0 | 71% |
| Valiyakolly | 8 | 8 | 8 | 0 | 0 | 100% |
| Yavanarkulam | 10 | 10 | 9 | 1 | 0 | 90% |
| Total | 186 | 185 | 166 | 19 | 1 | 90% |
| **Manimooly** | | | | | | |
| Bhoodanam | 2 | 2 | 0 | 2 | 0 | 0% |
| Manimooly | 43 | 42 | 42 | 0 | 1 | 100% |
| Marutha | 4 | 4 | 2 | 2 | 0 | 50% |
| Munderi | 1 | 1 | 1 | 0 | 0 | 100% |
| Narivalamunda | 18 | 18 | 18 | 0 | 0 | 100% |
| Palankara | 24 | 24 | 24 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Palemad | 12 | 12 | 10 | 2 | 0 | 83% |
| Pathiripadam | 13 | 12 | 10 | 2 | 1 | 83% |
| Thalanji | 18 | 18 | 18 | 0 | 0 | 100% |
| Thalipadam | 6 | 6 | 6 | 0 | 0 | 100% |
| Total | 141 | 139 | 131 | 8 | 2 | 94% |
| **Mullankolly** | | | | | | |
| Adikolly | 22 | 22 | 19 | 3 | 0 | 86% |
| Amarakkuni | 8 | 8 | 8 | 0 | 0 | 100% |
| Irulam | 7 | 7 | 7 | 0 | 0 | 100% |
| Kabanigiri | 10 | 9 | 9 | 0 | 1 | 100% |
| Marakavu | 27 | 26 | 21 | 5 | 1 | 81% |
| Marakkadavu | 13 | 13 | 13 | 0 | 0 | 100% |
| Mullankolly | 49 | 47 | 39 | 8 | 2 | 83% |
| Padichira | 29 | 29 | 19 | 10 | 0 | 66% |
| Pattanikoop | 10 | 10 | 9 | 1 | 0 | 90% |
| Pulpally | 23 | 23 | 22 | 1 | 0 | 96% |
| Seethamount | 23 | 23 | 23 | 0 | 0 | 100% |
| Sisumala | 18 | 18 | 17 | 1 | 0 | 94% |
| Total | 239 | 235 | 206 | 29 | 4 | 88% |
| **Nadavayal** | | | | | | |
| Arinchermala | 16 | 15 | 15 | 0 | 1 | 100% |
| Cherukattoor | 31 | 31 | 30 | 1 | 0 | 97% |
| Chundakkara | 33 | 33 | 30 | 3 | 0 | 91% |
| Kalluvayal | 22 | 22 | 21 | 1 | 0 | 95% |
| Kaniyambetta | 4 | 3 | 3 | 0 | 1 | 100% |
| Kenichira | 17 | 17 | 15 | 2 | 0 | 88% |
| Koolivayal | 9 | 9 | 9 | 0 | 0 | 100% |
| Kurumbalakotta | 12 | 11 | 10 | 1 | 1 | 91% |
| Nadavayal | 61 | 61 | 61 | 0 | 0 | 100% |
| Naikuppa | 3 | 3 | 3 | 0 | 0 | 100% |
| Panamaram | 3 | 3 | 3 | 0 | 0 | 100% |
| Paralikunnu | 10 | 10 | 9 | 1 | 0 | 90% |

| | | | | | | |
|---|---|---|---|---|---|---|
| Valavayal | 10 | 10 | 10 | 0 | 0 | 100% |
| Total | 231 | 228 | 219 | 9 | 3 | 96% |
| **Nilambur** | | | | | | |
| Chokkad | 8 | 7 | 7 | 0 | 1 | 100% |
| Edivanna | 9 | 9 | 7 | 2 | 0 | 78% |
| Muttiyel | 4 | 4 | 3 | 1 | 0 | 75% |
| Nilambur | 28 | 27 | 27 | 0 | 1 | 100% |
| Pukkotumpadm | 10 | 10 | 10 | 0 | 0 | 100% |
| Poolappadm | 10 | 10 | 10 | 0 | 0 | 100% |
| T K Colony | 3 | 3 | 3 | 0 | 0 | 100% |
| Vadapuram | 13 | 13 | 13 | 0 | 0 | 100% |
| Vallikett | 2 | 2 | 2 | 0 | 0 | 100% |
| Total | 87 | 85 | 82 | 3 | 2 | 96% |
| **Nilgiris** | | | | | | |
| Arattupara | 9 | 9 | 9 | 0 | 0 | 100% |
| Arul Nilayam | 7 | 7 | 6 | 1 | 0 | 86% |
| Bekki | 2 | 2 | 2 | 0 | 0 | 100% |
| Bospara | 6 | 6 | 6 | 0 | 0 | 100% |
| Burlier | 3 | 3 | 3 | 0 | 0 | 100% |
| Coonoor | 3 | 3 | 3 | 0 | 0 | 100% |
| Dharmagiri | 9 | 9 | 8 | 1 | 0 | 89% |
| Kalpra | 10 | 10 | 9 | 1 | 0 | 90% |
| Kayyunni | 15 | 15 | 15 | 0 | 0 | 100% |
| Kunnaladi | 11 | 11 | 9 | 2 | 0 | 82% |
| Manvayal | 8 | 8 | 6 | 2 | 0 | 75% |
| Ootty | 5 | 5 | 5 | 0 | 0 | 100% |
| Panamchira | 10 | 10 | 7 | 3 | 0 | 70% |
| Vimalagiri | 9 | 9 | 9 | 0 | 0 | 100% |
| Total | 100 | 100 | 88 | 12 | 0 | 88% |
| **Payyampally** | | | | | | |
| Arattuthara | 9 | 9 | 9 | 0 | 0 | 100% |
| Edayurkunnu | 2 | 2 | 2 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Kammana | 14 | 14 | 13 | 1 | 0 | 93% |
| Kattikulam | 7 | 7 | 7 | 0 | 0 | 100% |
| Ondayangady | 18 | 18 | 15 | 3 | 0 | 83% |
| Padamala | 14 | 14 | 12 | 2 | 0 | 86% |
| Panavally | 2 | 2 | 2 | 0 | 0 | 100% |
| Payyampally | 41 | 40 | 38 | 2 | 1 | 95% |
| Thrisslery | 5 | 5 | 5 | 0 | 0 | 100% |
| Total | 112 | 111 | 103 | 8 | 1 | 93% |
| **Thariode** | | | | | | |
| Chennalode | 26 | 26 | 27 | -1 | 0 | 104% |
| Kavumannam | 18 | 17 | 13 | 4 | 1 | 76% |
| Kottathara | 10 | 10 | 10 | 0 | 0 | 100% |
| Kurumani | 12 | 12 | 12 | 0 | 0 | 100% |
| Kurumbala | 24 | 24 | 22 | 2 | 0 | 92% |
| Mangalam | 10 | 10 | 9 | 1 | 0 | 90% |
| Manjoora | 16 | 15 | 14 | 1 | 1 | 93% |
| Panthipoyil | 2 | 2 | 2 | 0 | 0 | 100% |
| Puthusserykadavu | 5 | 5 | 5 | 0 | 0 | 100% |
| Thariode | 17 | 16 | 15 | 1 | 1 | 94% |
| Total | 140 | 137 | 129 | 8 | 3 | 94% |

**Consolidated Result Diploma - Forane Level**

| Parish | Total-Regd | Attend-ed | Passed | Failed | Absent | Percntge |
|---|---|---|---|---|---|---|
| Bathery | 175 | 172 | 164 | 8 | 3 | 95% |
| Chungakunnu | 200 | 200 | 180 | 20 | 0 | 90% |
| Dwaraka | 103 | 103 | 91 | 12 | 0 | 88% |
| Kallody | 103 | 102 | 96 | 6 | 1 | 94% |
| Kalpetta | 144 | 143 | 126 | 17 | 1 | 88% |
| Mananthavady | 186 | 185 | 166 | 19 | 1 | 90% |
| Manimooly | 141 | 139 | 131 | 8 | 2 | 94% |
| Mullankolly | 239 | 235 | 206 | 29 | 4 | 88% |
| Nadavayal | 231 | 228 | 219 | 9 | 3 | 96% |
| Nilambur | 87 | 85 | 82 | 3 | 2 | 96% |

| | | | | | | |
|---|---|---|---|---|---|---|
| Nilgiris | 100 | 100 | 88 | 12 | 0 | 88% |
| Payyampally | 112 | 111 | 103 | 8 | 1 | 93% |
| Thariode | 140 | 137 | 129 | 8 | 3 | 94% |
| **TOTAL** | **1961** | **1940** | **1781** | **159** | **21** | **92%** |

**ഫാ. തോമസ് കച്ചിറയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

## ചെറുപുഷ്പ മിഷൻലീഗ്

**സ്നേഹമുള്ളവരെ,**

'ജൂബിലാത്തെ' എന്ന പേരിൽ നമ്മൾ കൊണ്ടാടിയ പ്രവർത്തന വർഷത്തിന് സമാപനം കുറിച്ചിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലം മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ശാഖ മുതൽ രൂപതാതലം വരെയുള്ള എല്ലാവരെയും അഭിനന്ദിക്കുകയും ഏറെ സ്നേഹത്തോടെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. സ്ഥലം മാറിപ്പോയ ബഹുമാനപ്പെട്ട ശാഖാ ഡയറക്ടർമാർ, ജോ. ഡയറക്ടർമാർ, ഭാരവാഹികൾ എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു. പ്രത്യേകിച്ച് രൂപതാ ജോ. ഡയറക്ടറായിരുന്ന ബഹു. സി. ക്രിസ്റ്റീന എഫ്.സി.സി, ഓഫീസ് സെക്രട്ടറിയായിരുന്ന സി. സിനി മരിയ സി.എം.സി, പുതിയ പ്രവർത്തനമേഖലയിലേക്ക്സ്ഥലം മാറിപ്പോവുകയാണ്. അവരുടെ കഴിഞ്ഞമൂന്നു വർഷത്തെ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു.

പുതിയ ഒരു അധ്യായന വർഷത്തിലേക്കും പ്രവർത്തന വർഷത്തിലേക്കും നാം പ്രവേശിക്കുകയാണല്ലോ, എല്ലാ വിജയാശംസകളും നേരുന്നു. പുതിയ പ്രവർത്തന വർഷത്തിന് 'നവമാലിക 'എന്ന പേരാണ് കൊടുത്തിരിക്കുക. പേര് കേൾക്കുമ്പോൾ അറിയാം, ഇത് വിശുദ്ധ കൊച്ചുത്രേസ്യായെ കേന്ദ്രീകരിച്ചുള്ളതാണ് എന്ന്. ആഗോളതലത്തിൽ വിശുദ്ധയുടെ സ്വാധീനം അംഗീകരിച്ച യുനെസ്കോ (യുണൈറ്റഡ് നേഷൻസ് എജ്യുക്കേഷണൽ, സയന്റിഫിക്, കൾച്ചറൽ ഓർഗനൈസേഷൻ) അവളെ ആദരിക്കാൻ തീരുമാനിച്ചിരിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതം ധ്യാനിക്കാനും പഠിക്കാനും ആഘോഷിക്കാനും ആണ് UNESCO പോലും ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിന്റെ വെളിച്ചത്തിൽ ഈ വർഷം വിശുദ്ധ കൊച്ചുത്രേസ്യയുടെ ആധ്യാത്മികതയും, ജീവിതവും മുൻനിർത്തി നമ്മുടെ രൂപത പ്രവർത്തനങ്ങൾ, പഠനങ്ങൾ നമുക്ക് വിഭാവനം

ചെയ്യാം. 'സ്നേഹമാണ് എന്റെ ദൈവവിളി ' എന്ന് പഠിപ്പിച്ച വിശുദ്ധയെ പോലെ 'വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്' നമുക്ക് യാത്രയാകാം. പുതിയ പ്രവർത്തന വർഷത്തിൽ എല്ലാ വിജയാശംസകളും. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**ഈസ്റ്റർ വിരുന്ന്**

ഉത്ഥിതന്റെ സന്തോഷവും സമാധാനവും പങ്കുവച്ചുകൊണ്ട് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ കീഴിലുള്ള എസ്.ഡി ജീവൻ ധാര, സ്നേഹാലയം- പോരൂർ, കാട്ടിക്കുളം, മരിയസദൻ - കേണിച്ചിറ , ഓസാനാംഭവൻ - നടവയൽ,സെന്റ് മാത്യൂസ് ഭവൻ - പഴൂർ, ക്ലാര ഭവൻ കല്പറ്റ, നവജ്യോതി പനമരം സെന്റ് ആൻസ് പെരുവക, സമരിറ്റൻ മാനന്തവാടി, ജ്യോതിനിവാസ് - വാഴവറ്റ, എസ്.എച്ച്. കൽപ്പറ്റ, കൽപ്പറ്റ, ലത്തീൻ, മരക്കടവ് എന്നീ അഗതിമന്ദിരങ്ങളിൽ ഈസ്റ്റർ വിരുന്നിനുള്ളവ പണമായും ഭക്ഷണ വസ്തുക്കളായും (65, 000 രൂപയുടെ) നൽകി. ഈ സത്ഉദ്യമത്തിനു സഹായഹസ്തം നീട്ടി സഹകരിച്ച എല്ലാവർക്കും നന്ദി.

**ജ്വാല 2023 മലബാർ റീജിയണൽ സംഗമം**

ഏപ്രിൽ 24 തിങ്കളാഴ്ച ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മലബാർ റീജിയണിൽപ്പെട്ട കണ്ണൂർ റീജിയൺ, മാനന്തവാടി, തലശ്ശേരി, താമരശ്ശേരി രൂപതകളുടെ റീജിയണൽ സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. നാൽപതോളം ഭാരവാഹികൾ പങ്കെടുത്ത സംഗമം മാനന്തവാടി രൂപത സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. അഡ്വക്കേറ്റ് ജിജിൽ കിഴക്കരക്കാട്ട് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ആതിഥേയത്വം വഹിച്ച സംഗമത്തിൽ സംസ്ഥാന ഡയറക്ടർ ഫാ.ഷിജു ഐക്കരക്കാനായിൽ, പ്രസിഡന്റ് ശ്രീ.ബേബി പ്ലാശ്ശേരി, സെക്രട്ടറി ശ്രീ.ജിന്റോ തകിടിയേൽ എന്നിവർ സന്നിഹിതരായിരുന്നു. മലബാർ റീജിയണൽ ഓർഗനൈസർ ശ്രീ. രഞ്ചിത്ത് മുതുപ്ലാക്കലും മറ്റ് സംസ്ഥാന സമിതി അംഗങ്ങളും നേതൃത്വം നൽകി.

മാനന്തവാടി രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ മലബാർ റീജിയണൽ സംഗമത്തിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തു.

**സമ്മർ ഫെസ്റ്റ്**

ഏപ്രിൽ 25, 26, തീയ്യതികളിലായി ചാരിറ്റി, വൈത്തിരി, ഒലിവുമല ശാഖകളുടെ സംയുക്താഭിമുഖ്യത്തിൽ ചാരിറ്റി ശാഖയിൽ വച്ചും 28, 29 തീയ്യതികളിൽ തോമാട്ടുചാൽ ശാഖയിലും, മെയ് 2, 3, തീയ്യതികളിൽ പടമല ശാഖയിലും, 13,14, തീയ്യതികളിൽ ആറാട്ടുതറ ശാഖയിലും 25, 26 തീയ്യതികളിൽ ചെറുകാട്ടൂർ ശാഖയിലും അവധിക്കാല ക്യാമ്പ് നടത്തി. വിവിധ ശാഖകളിലായി നടത്തിയ ക്യാമ്പുകളിൽ നൂറുകണക്കിനു കുട്ടികൾ പങ്കെടുത്ത് അവധിക്കാലം ആനന്ദപ്രദവും ഉപകാരപ്രദവുമാക്കി മാറ്റി. സമ്മർ ഫെസ്റ്റ് വിജകരമാക്കിമാറ്റാൻ അദ്ധ്വാനിച്ച രൂപത ടീം, എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് നന്ദിയും അഭിനന്ദനങ്ങളും.

**ഉണർത്തുപാട്ട്**

മെയ് 17,18,19 തീയ്യതികളിൽ മുള്ളൻകൊല്ലി, ബത്തേരി, നടവയൽ, കൽപറ്റ, മേഖലകളെ ഉൾപ്പെടുത്തി കായക്കുന്ന് ലാസലറ്റ് ആശ്രമത്തിൽ വച്ച് റീജിയണൽ ക്യാമ്പ് നടത്തി. അനേകം നല്ല നേതൃത്വങ്ങളെ രൂപപ്പെടുത്തുന്നതിൽ ഏറെ സഹായകമായ ക്യാമ്പുകളിൽ ധാരാളം കുട്ടികൾ പങ്കെടുത്തുകൊണ്ട് ഈ ദിനങ്ങൾ തങ്ങളുടെ ജീവിതത്തിനൊരു ഉണർത്തുപാട്ടാക്കി മാറ്റി. റീജണൽ ക്യാമ്പുകൾ വളരെ മനോഹരമാക്കിതീർക്കാൻ സഹായിച്ച രൂപത, മേഖല നേതൃത്വങ്ങൾക്കും സ്ഥലസൗകര്യങ്ങൾ നൽകി സഹായിച്ച ദ്വാരക, മണിമൂളി പാസ്റ്ററൽ സെന്ററുകളുടെ ഡയറക്ടേഴ്സിനും, ലാസലറ്റ് ആശ്രമ അധികാരികൾക്കും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ നന്ദി.

**രൂപത ദിനം**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി സമാപനത്തിലും രൂപത ദിനാഘോഷങ്ങളിലും എക്സിക്യൂട്ടീവ് അംഗങ്ങളും ടീം അംഗങ്ങളും സജീവമായി പങ്കെടുത്തുകൊണ്ട് മിഷൻ ലീഗിന്റെ പങ്കാളിത്തം ഉറപ്പുവരുത്തി.

**റീജിയണൽ വാർഷികം**

നിലമ്പൂർ, മണിമൂളി, നീലഗിരി മേഖലകൾ ഉൾകൊള്ളുന്ന മണിമൂളി റീജിയന്റെ വാർഷികം മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് 7-ാം തീയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് നടത്തി. രൂപത ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ ഉദ്ഘാടനം ചെയ്ത വാർഷികത്തിൽ രൂപത സംസ്ഥാന തലങ്ങളിൽ നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. മണിമൂളി പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ജിന്റോ തട്ടുപറമ്പിൽ, മണിമൂളി മേഖല ഡയറക്ടർ ഫാ. ബിജോയ് ചെമ്പക്കര, നിലമ്പൂർ മേഖല ഡയറക്ടർ ഫാ. ഷിന്റോ പുലിക്കുഴിയിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

**LUMINATE 2023 - ജോ. ഡയറക്ടേഴ്സ് മീറ്റ്**

20-ാം തീയ്യതി ശനിയാഴ്ച രാവിലെ 9-30 മുതൽ ഉച്ചവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ശാഖ ജോ.ഡയറക്ടേഴ്സ് മീറ്റും പരിശീലന സെമിനാറും നടത്തി. ബാംഗ്ലൂർ ടി. ജോൺ കോളേജ് പ്രൊഫസർ ഡോ. പയസ് തോമസ് സെമിനാറിന് നേതൃത്വം നൽകി.

**കൂട്ട്- 2023 രൂപത വാർഷിക മാനേജിംഗ് കമ്മിറ്റി**

20-ാം തീയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിമുതൽ 2022 -23 പ്രവർത്തന വർഷത്തെ വാർഷിക മാനേജിംഗ് കമ്മിറ്റി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. മണിമുളി റീജണിലെ മേഖലകൾ ഒഴികെയുള്ള എല്ലാ മേഖലകളിലെയും ഭാരവാഹികൾ മീറ്റിംഗിൽ പങ്കെടുത്തു.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ മുൻ ഡയറക്ടറായിരുന്ന ബഹു. തോമസ് ഒറ്റപ്ലാക്കൽ അച്ചന്റെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുന്നതിനായി എക്സിക്യൂട്ടീവ് അംഗങ്ങൾ പാസ്റ്ററൽ സെന്റർ ചാപ്പലിൽ ഒന്നിച്ചുചേരുകയും അച്ചന്റെ ആത്മശാന്തിക്കായ് പ്രാർത്ഥിക്കുകയും ചെയ്തു.

**നന്ദിയോടെ സ്നേഹത്തോടെ പ്രാർത്ഥനാശംസകൾ**

കഴിഞ്ഞ മൂന്നു വർഷമായി ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ ദ്വാരക, കല്ലോടി, പയ്യംമ്പള്ളി, നീലഗിരി മേഖലകളുടെ ഡയറക്ടേഴ്സായും മുള്ളൻകൊല്ലി മേഖലയുടെ അസ്സി. ഡയറക്ടറായും സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച് പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുപോകുന്ന ഫാ.ജോസ് കപ്യാരുമലയിൽ, ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ഫാ. അനീഷ് ആലുങ്കൽ, ഫാ. ജോമോൻ ഒ കാം, ഫാ. നിധിൻ ആലക്കത്തടത്തിൽ എന്നിവർക്കും, വിവിധ ശാഖകളിൽ ജോ.ഡയറക്ടേഴ്സ് ആയിരുന്നു കൊണ്ട് ശാഖകളെ കർമ്മനിരതമാക്കിയതിനുശേഷം സ്ഥലംമാറി പോകുന്ന എല്ലാ ജോ.ഡയറക്ടേഴ്സിനും സി. എം. എൽ മാനന്തവാടി രൂപതാ കുടുംബത്തിന്റെ സ്നേഹപൂർവ്വകമായ നന്ദിയും പുതിയ പ്രവർത്തന മണ്ഡലങ്ങളിൽ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**സ്വാഗതവും നന്ദിയും**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 2023 – 26 പ്രവർത്തന വർഷത്തിലെ പുതിയ ജോ.ഡയറക്ടർ ആയി സി. അനിലിറ്റ് എസ്. എ. ബി. എസ്, ഓഫീസ് സെക്രട്ടറി ആയി സി. ജോളി സി. എം. സി. യേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

കരുതലായി കരുത്തായി കാവലായി കൂടെ നിന്നതിനും, ചെറുപുഷ്പ മിഷൻലീഗ് എന്ന പ്രസ്ഥാനത്തെ നെഞ്ചിലേറ്റി ഒരു ചെറുപുഞ്ചിരിയോടെ പ്രായത്തെയും രോഗത്തെയും വകവയ്ക്കാതെ സഹയാത്രികരായി ഒപ്പമായിരുന്നുകൊണ്ട് കഴിഞ്ഞ മൂന്നു വർഷമായി മിഷൻലീഗ് മാനന്തവാടി രൂപതയിൽ ആയിരുന്ന പ്രിയ ക്രിസ്റ്റീന സിസ്റ്റർക്കും സിനി സിസ്റ്റർക്കും നന്ദി. രൂപത കുടുംബത്തിന്റെ സ്നേഹത്തോടെയുള്ള പ്രാർത്ഥനകളും ആശംസകളും നേരുന്നു.

**ശാഖാ വാർത്തകൾ**

**നരിവാലമുണ്ട** : എക്സിക്യൂട്ടീവ് അംഗങ്ങൾ കൽപ്പറ്റ ഓൾഡേജ് ഹോം സന്ദർശിക്കുകയും അവിടെയുള്ള അന്തേവാസികളുമായി സമയം ചെലവഴിക്കുകയും അവിടെ ഒരു തുക സംഭാവനയായി

നൽകുകയും ചെയ്തു. രൂപത വാർഷികത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.വിയാനി ഭവൻ സന്ദർശിക്കുകയും അവിടെയുള്ള വൈദികരോട് കൂടെ സമയം ചെലവഴിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അഗതിമന്ദിരം സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികൾക്കായി പ്രോഗ്രാമുകൾ അവതരിപ്പിക്കുകയും ചെയ്തു.ഇടവകയിൽ നിന്ന് സന്യാസ ജീവിതത്തിലേക്ക് പ്രവേശിച്ച സി.ജിൽനക്ക് സ്നേഹോപഹാരം നൽകി. രോഗി സന്ദർശനം നടത്തി. ഏപ്രിൽ 14,15 ദിവസങ്ങളിൽ സമ്മർ ഫെസ്റ്റ് ക്യാമ്പ് നടത്തി. കുട്ടികൾക്കായ് 3 ദിവസത്തെ ധ്യാനം നടത്തി.

**കൊട്ടിയൂർ:** രൂപതയുടെ സുവർണജൂബിലിയുടെ സമാപനത്തോടനുബന്ധിച്ച് ഇടവകയിൽ വിവാഹത്തിന്റെ 50 വർഷം പൂർത്തിയാക്കിയ ദമ്പതിമാരെ ആദരിച്ചു. കഴിഞ്ഞ മൂന്ന് വർഷക്കാലം കൊട്ടിയൂർ ശാഖയുടെ ഡയറക്ടർ ആയി സേവനം ചെയ്ത് കുഞ്ഞോം ഇടവകയിലേക്ക് സ്ഥലം മാറി പോകുന്ന ബെന്നി മുതിരക്കാലായിൽ അച്ചന് മിഷൻലീഗ് കുടുംബം യാത്രാ മംഗളങ്ങൾ നേർന്നു.

**റിപ്പൺ :** ഈസ്റ്റർ ദിനത്തിൽ അഗതിമന്ദിരങ്ങൾ സന്ദർശിക്കുകയും അഗതിമന്ദിരങ്ങൾക്ക് ഈസ്റ്റർ വിരുന്നിനുള്ള തുക നൽകുകയും ചെയ്തു. രോഗിസഹായം നൽകി സെന്റ് ജോർജ് നാമധാരികളെ ആദരിച്ചു.

**കേളകം :** ഈസ്റ്റർ ദിനത്തോടനുബന്ധിച്ച് ആറ് കുടുംബങ്ങൾക്ക് ഈസ്റ്റർ കിറ്റ് നൽകി. രൂപതാ വാർഷികത്തിലും റാലിയിലും സജീവമായി പങ്കെടുത്തു. മേഖല വാർഷികത്തിൽ പങ്കെടുക്കുകയും അന്നേ ദിവസം നടന്ന റാലിയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. മെയ് 25, 26, 27 ദിനങ്ങളിൽ കുട്ടികൾക്ക് ധ്യാനം നടത്തി.

**മേഖല വാർത്തകൾ**

**ചുങ്കക്കുന്ന് :** മേഖല വാർഷികാഘോഷവും പ്രേഷിത സംഗമവും ചുങ്കക്കുന്ന് ഫാത്തിമ മാതാ ഓഡിറ്റോറിയത്തിൽ ഏപ്രിൽ 14 ന് നടന്നു. മേഖലയുടെ കീഴിലുള്ള 10 ശാഖകളും ഒന്നിച്ചണിനിരന്ന പ്രേഷിത റാലി ആവേശോജ്ജ്വലമായി. വേദപാഠം പ്ലസ് ടു പരീക്ഷ

യിൽ റാങ്ക് കരസ്ഥമാക്കിയ ആൽവിൻ വട്ടുകുളത്തെ മേഖലയുടെ നേതൃത്വത്തിൽ ക്യാഷ് അവാർഡ് നൽകി ആദരിച്ചു. മേഖല ധ്യാനം, ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു. ശ്രീ.സിനീഷ് ആപ്പുഴയിൽ കുമാരി. ആര്യ കൊച്ചുപുരയ്ക്കൽ എന്നിവർ ക്ലാസ് എടുത്തു. പ്രത്യുത്തരം 2023 ദൈവവിളി ക്യാമ്പ് ചുങ്കക്കുന്ന് മേഖലയിൽ സംഘടിപ്പിച്ചു. ഫാ.ജോഫിൻ മുളകൊടിയാങ്കൽ, ഫാ. ജേക്കബ് മൂക്കിലക്കാട്ട് എന്നിവർ ക്യാമ്പ് നയിച്ചു.

പഠനമേഖലകളിലും കർമ്മവീഥികളിലും കണ്ടുമുട്ടുന്നവരിൽ യേശു സാന്നിധ്യം പകർന്നേകി ചെമ്മഞ്ഞക്കൊടിക്കീഴിൽ വീണ്ടും നമുക്ക് അണിനിരക്കാം.

സ്നേഹപൂർവ്വം,

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**

സി. എം. എൽ രൂപതാ സെക്രട്ടറി

**ലൈഫ് ട്രെയിനിങ്ങ് രണ്ടാം പ്രവേശന പരീക്ഷ**

2023 ഏപ്രിൽ 22-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഏപ്രിൽ 24 തിങ്കളാഴ്ച വൈകുന്നേരം 3 മണി വരെ 2021, 2022, 2023, ബാച്ചുകൾക്ക് വേണ്ടിയുള്ള രണ്ടാമത്തെ ലൈഫ് എൻട്രൻസ് പരീക്ഷ ബോയ്സ് ടൗണിൽ വെച്ച് നടത്തപ്പെട്ടു. 79 വിദ്യാർത്ഥികൾ പങ്കുചേർന്ന ക്യാമ്പിൽ 22 പരീക്ഷകൾ വിവിധ രീതികളിൽ നടത്തി അവരുടെ അഭിരുചിയും താൽപര്യവും മനസ്സിലാക്കി പ്രവേശനം നൽകി. ഏപ്രിൽ 24 തിങ്കളാഴ്ച വൈകുന്നേരം മൂന്നു മണിക്ക് മാതാപിതാക്കളുടെ സംഗമവും തുടർന്ന് അവരോടൊപ്പം വിദ്യാർത്ഥികളുടെ അഭിമുഖവും നടത്തി. ഇപ്രകാരം പുതിയ മൂന്ന് ബാച്ചുകളിലേക്കുള്ള ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളെ സെലക്ട് ചെയ്തു. എൻട്രൻസ് പരീക്ഷകൾക്ക് യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി.എം.സി, സി. ഡെൽഫി മരിയ സി.എം.സി, എന്നിവരും സീനിയർ ബാച്ച് അംഗങ്ങൾ ലിയ അരിഞ്ചേർമല, ആൽബിൻ കേണിച്ചിറ, എമിൽ കൽപ്പറ്റ എന്നിവരും നേതൃത്വം വഹിച്ചു. മാതാപിതാക്കളുടെ സംഗമത്തിൽ യൂത്ത് മിനിസ്ട്രി അസോസിയേറ്റ് ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഈ ദിനങ്ങളിൽ ബോയ്സ് ടൗൺ WSS ട്രെയിനിങ് സെന്റർ നല്കി സഹായിച്ച WSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ അച്ചന് ഹൃദ്യമായ നന്ദി.

**ജെ. പി. ബോയ്സ് കോൺഫറൻസ്**

മാനന്തവാടിരൂപതഡിപ്പാർട്ട്മെന്റ്ഓഫ്യൂത്ത്മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും വേണ്ടിയുള്ള കൂട്ടായ്മയാണ് ജീസസ് പ്രൊഫഷണൽസ് കമ്മ്യൂണിറ്റി (ജെ.പി കമ്മ്യൂണിറ്റി). ജെ. പി കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ 7,8,9,10 ക്ലാസിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് വേണ്ടിയുള്ള ജെ. പി ബോയ്സ് കോൺഫറൻസ് ഏപ്രിൽ 27 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ ഏപ്രിൽ 30 ഞായറാഴ്ച 3 മണി വരെ ബോയ്സ് ടൗണിൽ

വച്ച് നടന്നു. 79 വിദ്യാർഥികൾ ഈ കോൺഫറൻസിൽ പങ്കു ചേർന്നു. വ്യക്തിത്വവികാസം, സാമാന്യ മര്യാദകൾ, നൂതന പഠന ശൈലികൾ, ടൈം മാനേജ്മെന്റ്, ജീവിത ലക്ഷ്യം, വൈകാരിക പക്വത നേടാനുള്ള പരിശീലനം, ആത്മവിശ്വാസം, പ്രാർത്ഥന, സൗഹൃദം, കൂട്ടായ്മ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള കോൺഫറൻസാണ് നടന്നത്. ഇതൊരു പരിശീലനവും സമപ്രായ ക്കാരുടെ ഒരു ആഘോഷവും ആണ്.

ഏപ്രിൽ 27 വ്യാഴാഴ്ച രാവിലെ 11 മണിക്ക് ബോയ്സ് കോൺ ഫറൻസ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന സമ്മേളനത്തിനു സി. ക്രിസ്റ്റി സി.എം.സി സ്വാഗതവും, ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഉദ്ഘാടനവും നിർവഹിച്ചു. സി. ഡെൽഫി മരിയ, സി. പ്രിൻസി ജോൺ, സി. ജിൻസി എവുപ്രാസിയ എന്നിവർ ആശം സകൾ അർപ്പിച്ചു സംസാരിച്ചു. ജെ. പി ബോയ്സ് ലീഡർ ഏബൽ മംഗലശ്ശേരി ഉദ്ഘാടന സമ്മേളനത്തിന് നന്ദി അർപ്പിച്ചു.

നാലു ദിനങ്ങളിലായി സംഘടിപ്പിക്കപ്പെട്ട പരിശീലനത്തിൽ കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുള്ള വ്യത്യസ്തവും നൂതനവുമായ പരിശീലനം ബഹു. ലാലച്ചനും, വ്യക്തിത്വ വികസനത്തെക്കുറിച്ച് ജോൺസൺ വടക്കേക്കര സാറും, സൈബർ ലോകത്തെക്കുറിച്ച് ജിജിൽ കിഴക്കരക്കാട്ട് സാറും, യേശുവിനോടൊപ്പമുള്ള ആത്മീയ യാത്രയുടെ തലങ്ങളെക്കുറിച്ച് ഷാജി ചന്ദനപറമ്പിൽ സാറും,ബൈബിളിനെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾസി. ഡെൽഫിയും, വിശുദ്ധരെക്കുറിച്ച് സി. പ്രിൻസിയും, മൂല്യങ്ങളെപ്പറ്റി സി. ജിൻസിയും ക്ലാസുകൾ നയിച്ചു. ഇരുപത്തെട്ടാം തീയതി വെള്ളിയാഴ്ച വിനോദത്തിന് വേണ്ടി മാറ്റിവയ്ക്കപ്പെട്ട ദിനമായിരുന്നു. രാവിലെ പടിഞ്ഞാറത്തറ ബാണാസുര സാഗറും, ഉച്ചയ്ക്ക് ശേഷം നടവയൽ ഓസാനം ഭവനും വിദ്യാർത്ഥികൾ സന്ദർശിച്ചു. ഇത് കുട്ടികൾക്ക് ഏറെ തിരിച്ചറിവിനുള്ള അവസരമായിരുന്നു.

നാലു ദിനങ്ങളിലെ ബോയ്സ് കോൺഫ്രൻസ് ആൺകുട്ടികളെ സംബന്ധിച്ചിടത്തോളം പുത്തൻ ഉണർവിന്റെയും പുതിയൊരു കാൽവയ്പ്പിന്റെതുമായിരുന്നു.

**റൂഹാ**

2023 ലെ പന്തക്കുസ്താ ദിനത്തോടനുബന്ധിച്ച് പരിശുദ്ധാത്മാവിനെ സ്വീകരിക്കാനുള്ള ഒരുക്കമായി റൂഹാ എന്ന പേരിലുള്ള സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നു. ലൈഫ്

2020 ബാച്ചിലെ ആൻ മരിയ അജിൻ ആണ് ഇതിന് നേതൃത്വം നൽകുന്നത്. ഈ വീഡിയോസ് അനേകർക്ക് പരിശുദ്ധാത്മാവിലേക്കുള്ള ഒരു തുറവിക്ക് പ്രചോദനമാകുന്നു.

**സ്കൂൾ ഓഫ് മ്യൂസിക്**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി, മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മ്യൂസിക് ക്ലാസുകൾ ആരംഭിച്ചിരിക്കുന്നു. സംഗീത പ്രേമികൾക്കായി വിദഗ്ദരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ആധുനിക സംഗീതം പഠിക്കുവാനുള്ള അവസരമാണ് ഇതിലൂടെ ഒരുക്കുന്നത്. ഭവനം, സ്കൂൾ, ഇടവക, യൂത്ത് മിനിസ്ട്രി ഓഫീസ് എന്നിവ കേന്ദ്രീകരിച്ച് ഗിറ്റാർ, ഡ്രംസ്, കീബോർഡ്, വെസ്റ്റേൺ വോക്കൽ എന്നിവയുടെ പരിശീലന ക്ലാസ്സുകളാണ് ആരംഭിച്ചിരിക്കുന്നത്.

CONTACT:
Guitar -9947 002 844
Drums - 9747 016 398
Keyboard/piano & Western vocal -9746 602 798
Music class schedule
Keyboard & Western vocal: Sunday 4PM.
Drums: Monday 3PM & Saturday 3PM.
Guitar: Thursday 3PM & Saturday 10AM.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

സേവനത്തിന്റെ പാതയിലൂടെ, യൗവനയുക്തന്റെ പാദമുദ്രകളെ പിഞ്ചെന്ന്, സഭയുടെയും സമൂഹത്തിന്റെയും ശബ്ദമായ യുവജനങ്ങളോടൊപ്പം സഞ്ചരിച്ച 4 വർഷങ്ങൾ. 2019 മുതൽ ക്രിസ്തുദാർശനികതയിലൂന്നി സഭയുടെയും സമൂഹത്തിന്റെയും സമുന്നതി ലക്ഷ്യം വെച്ചുള്ള യാത്രയിൽ കെ.സി.വൈ.എം യുവജന പ്രസ്ഥാനത്തിനൊപ്പം സഞ്ചരിക്കാൻ എളിയവനായ എന്നെ നിയോഗിച്ച നല്ല തമ്പുരാന് നന്ദി. യുവതയോടൊപ്പമായിരുന്ന്, സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനമനുഷ്ഠിക്കാൻ ചുമതലപ്പെടുത്തിയ, ഞാൻ പിതൃവാത്സല്യത്തോടെ കരുതുന്ന മാനന്തവാടി രൂപതയുടെ ഇടയൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനും, സ്നേഹത്തോടെ കരുതുന്ന അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിനും, വിളിച്ചാൽ വിളിപ്പുറത്തെന്നവണ്ണം വിധം കരുതുന്ന വികാരി ജനറാൾ പോൾ മുണ്ടോളിക്കൽ അച്ചനും, ബഹു. തോമസ് മണക്കുന്നേലച്ചനും, ബഹു. അബ്രഹാം നെല്ലിക്കലച്ചനും (മുൻ വികാരി ജനറാൾ), പ്രിയ ജോജോ കുടക്കച്ചിറയച്ചനും പാസ്റ്ററൽ സെന്ററിലെയും ബിഷപ്സ് ഹൗസിലെയും പ്രിയ അച്ചന്മാർക്കും, ബഹു. പോൾ വാഴപ്പിള്ളി (മുൻ പാസ്റ്ററൽ സെന്റർ ഡയറക്ടർ) അച്ചനും, ബഹു. ജിൽസൺ കോക്കണ്ടത്തിലച്ചനും, ബഹു. ബിജു പൊൻപാറയ്ക്കലച്ചനും എന്നെ സഹായിച്ച എല്ലാ അച്ചന്മാർക്കും ഹൃദയം നിറഞ്ഞ നന്ദി. മൂവർണ്ണ പാതകയ്ക്ക് ചുവടെ ഒരു മനമായി, ഒരു ഹൃദയമായി അണിനിരന്നപ്പോൾ തോളോട് തോൾ ചേർന്ന് പ്രവർത്തനങ്ങൾ വിഭാവനം ചെയ്ത്, പ്രസ്ഥാനത്തെ ഉള്ളം കയ്യിൽ പൊതിഞ്ഞു പിടിച്ച ശ്രീ. എബിൻ മുട്ടപ്പള്ളിലിന്റെ നേതൃത്വത്തിലുള്ള 2019 സമിതിയെയും, ശ്രീ. ബിബിൻ ചെമ്പക്കരയുടെ നേതൃത്വത്തിലുള്ള 2020 സമിതിയെയും, ശ്രീ. ജിഷിൻ മുണ്ടക്കാതടത്തിലിന്റെ നേതൃത്വത്തിലുള്ള 2021 സമിതിയെയും, ശ്രീ. റ്റിബിൻ പാറക്കലിന്റെ നേതൃത്വത്തിലുള്ള 2022 സമിതിയെയും, ശ്രീ. ജസ്റ്റിൻ നീലംപറമ്പിലിന്റെ നേതൃത്വത്തിലുള്ള 2023 സമിതിയെയും, 2019-23 കാലയളവിലെ രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ, സംസ്ഥാന മേഖല യൂണിറ്റ് നേതൃത്വങ്ങൾ എന്നിവരെയും, ശ്രീമതി. റോസ് മേരി പ്രിൻസ് (സംസ്ഥാന

സെക്രട്ടറി, 2021), കുമാരി. ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിൽ (സംസ്ഥാന വൈസ് പ്രസിഡന്റ് 2023), കുമാരി റ്റെസിൻ തോമസ് വയലിൽ (SMYM ഗ്ലോബൽ കൗൺസിലർ) എന്നിവരെയും നന്ദിയോടെ ഓർക്കുന്നു. 2019-23 കാലയളവിൽ പ്രസ്ഥാനത്തിന്റെ പ്രവർത്തന വീഥിയിൽ ഒപ്പമായിരുന്ന സ്റ്റേറ്റ് ഡയറക്ടർ സ്റ്റീഫൻ അച്ചനെയും, പ്രിയ മേഖല - യൂണിറ്റ് ഡയറക്ടർ അച്ചന്മാരെയും, ആനിമേറ്റർ അമ്മമാരെയും, എല്ലാ വൈദികരെയും സിസ്റ്റേഴ്സിനെയും സ്നേഹത്തോടെ ഓർക്കുകയും, ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയും ചെയ്യുന്നു. കർമ്മവീഥിയിൽ ഒപ്പമായിരുന്ന ഫാ. റോബിൻ പടിഞ്ഞാറയിൽ, ഫാ. ഷൈജു മുതിരക്കാലായിൽ, ഫാ. റെജി മുതുകത്താനിയിൽ, സി. സാലി സി.എം.സി, സി. ഡാനി എസ്.എച്ച്, സി. സ്മിത എസ്.എ.ബി.എസ്, സി. എൽസിൻ എസ്.എ.ബി.എസ്, സി. ബെൻസി എസ്.എച്ച്, ഡോ. സി. നാൻസി എസ്.എ.ബി.എസ് എന്നിവരുടെ സ്നേഹപൂർവ്വകമായ സേവനങ്ങൾക്കും നന്ദി. ഹൃദയത്തിൽ സൂക്ഷിക്കാൻ ഒരു നൂറ് ഓർമ്മകളുമായി കെ.സി.വൈ.എം മാനന്തവാടി രൂപത ഡയറക്ടർ എന്ന സ്ഥാനത്ത് നിന്ന് ഞാൻ പടിയിറങ്ങുമ്പോൾ ചരിതാർഥ്യമുണ്ട്. ഇനി ബാറ്റൻ ഏറെ സുരക്ഷിതമായ കരങ്ങളിൽ തന്നെയാണെന്ന ഉറപ്പുമുണ്ട്, പ്രിയ സാന്റോ അച്ചന് യുവത്വത്തെ അനുധാവനം ചെയ്തുകൊണ്ടുള്ള യാത്രയ്ക്ക് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു. ഒരിക്കൽ കൂടി എല്ലാ യുവജനസുഹൃത്തുക്കൾക്കും നന്ദിയർപ്പിക്കുന്നു. നിങ്ങളുടെ നിസ്വാർത്ഥസേവനങ്ങൾക്ക് ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,<br>
**അഗസ്റ്റിനച്ചൻ**<br>
(ഡയറക്ടർ, കെ.സി.വൈ.എം)

**ഊർജ്ജ 2023- അത്‌ലറ്റിക്സ്**

കായിക പ്രേമികളെ ആവേശത്തിന്റെ മുൾമുനയിൽ നിറുത്തി മാനന്തവാടി രൂപതയിലെ കരുത്തരായ യുവത്വത്തിന്റെ ചങ്കിടിപ്പിൽ നിന്നും ഉയർന്ന താളത്തിന്റെ അകമ്പടിയോടെ ഊർജ്ജ 2023 കായിക മേളയുടെ ഭാഗമായ അത്‌ലറ്റിക്സ് മീറ്റ് മാനന്തവാടി സെന്റ് പാട്രിക്സ് സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെട്ടു. അത്‌ലറ്റിക്സ് മീറ്റിന്റെ ഉദ്ഘാടനം മാനന്തവാടി രൂപത പ്രോക്യുറേറ്റർ ബഹു. ഫാ. ജോൺ പൊൻപാറയിൽ നിർവഹിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ ദീപശിഖ പ്രയാണം

നടത്തി. കെ.സി.വൈ.എം മാനന്തവാടി രൂപത ട്രഷററും കായിക അധ്യാപകനുമായ ശ്രീ. ബിബിൻ പിലാപ്പിള്ളിയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപത സെക്രട്ടറിയേറ്റ്, രൂപത സിൻഡിക്കേറ്റ്, സ്റ്റേറ്റ്, സെനറ്റ് അംഗങ്ങൾ എന്നിവർ കായികമേളക്ക് ചുക്കാൻപിടിച്ചു. ഊർജ്ജ 2023 കായികമേളയിലെ യുവാക്കളുടെ വിഭാഗത്തിൽ വ്യക്തിഗത ചാമ്പ്യൻമാരായി ദ്വാരക മേഖലയിലെ ആഷിൻ മൂങ്ങനാനിയിൽ, തരിയോട് മേഖലയിലെ തോമസ് കാരക്കാട്ട് എന്നിവരും, യുവതികളുടെ വിഭാഗത്തിൽ ദ്വാരക മേഖലയിലെ അലന്റീന പള്ളിക്കൽ, തരിയോട് മേഖലയിലെ ജെസ്സിൻ അമ്പാട്ട്പടവിൽ എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. ഇരുന്നൂറിലധികം യുവജനങ്ങൾ പങ്കെടുത്തുകൊണ്ട് കായിക മേളയുടെ മാറ്റ് കൂട്ടി. ഊർജ്ജ 2023 ഉജ്ജ്വലമാക്കിത്തീർത്തു. കെ.സി.വൈ.എം മാനന്തവാടി രൂപത വർഷങ്ങൾക്കുശേഷം സംഘടിപ്പിച്ച കായിക മേളയുടെ സഹകരിച്ച, കായികമേളക്ക് ആതിഥേയത്വം വഹിച്ച പയ്യംപള്ളി മേഖല സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ്, അംഗങ്ങൾക്കും, വിവിധ മേഖലയിൽ നിന്നും വന്നെത്തിയ മേഖല ഡയറക്ടേർസ്, ആനിമേറ്റേഴ്സ്, രൂപത സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സ്റ്റേറ്റ്, സെനറ്റ് അംഗങ്ങൾ, സ്കൂൾ ഗ്രൗണ്ട് നല്കി സഹകരിച്ച സെന്റ് പാട്രിക്സ് സ്കൂൾ മാനേജ്മെന്റ്, മത്സരത്തിന്റെ വീറും ആവേശവും ഉൾക്കൊണ്ട് ഊർജ്ജ 2023 നെഞ്ചിലേറ്റി ഉജ്ജ്വലമാക്കിയ എല്ലാ യുവജനസുഹൃത്തുക്കൾ ഏവർക്കും ഹൃദയപൂർവം നന്ദി അർപ്പിക്കുന്നു.

**ഊർജ്ജ 2023- കായികമേള**

മാനന്തവാടി രൂപതയിലെ യുവജനങ്ങൾക്കായി കെ.സി.വൈ.എം മാനന്തവാടി രൂപത സംഘടിപ്പിച്ച കായികമേള, ഊർജ്ജ 2023 സമാപിച്ചു. മേളയുടെ ഭാഗമായ ഗെയിംസ് മത്സരങ്ങൾ മാനന്തവാടി മേരി മാതാ ആർട്സ് ആന്റ് സയൻസ് കോളേജ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെട്ടു. വുമൺസ് പ്രീമിയർ ലീഗ് ക്രിക്കറ്റ് താരം കുമാരി മിന്നു മണി ഗെയിംസ് മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ ചടങ്ങിന് അധ്യക്ഷത വഹിച്ചു. മേരി മാതാ ആർട്സ് ആന്റ് സയൻസ് കോളേജ് മാനേജർ ഫാ. സിബിച്ചൻ ചേലയ്ക്കാപള്ളി, കെ.സി.വൈ.എം മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മാനന്തവാടി രൂപതയിൽ കെ.സി.വൈ.എം യുവജന പ്രസ്ഥാനത്തിന് അത്യദ്ധ്വാനം ചെയ്ത പരേതനായ ബഹു. ഫാ. തോമസ് ഒറ്റപ്ലാക്കൽ

അച്ചന് അനുശോചനങ്ങൾ അർപ്പിച്ചുകൊണ്ടാണ് ഉദ്ഘാടന ചടങ്ങ് ആരംഭിച്ചത്. കെ.സി.വൈ.എം മാനന്തവാടി രൂപത ട്രഷററും കായിക അധ്യാപകനുമായ ശ്രീ. ബിബിൻ പിലാപ്പിള്ളിൽ, കെ.സി.വൈ.എം മാനന്തവാടി രൂപത സെക്രട്ടറിയേറ്റ്, രൂപത സിൻഡിക്കേറ്റ്, സ്റ്റേറ്റ്, സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. അഞ്ഞൂറിലധികം യുവജനങ്ങൾ കായികമേളയുടെ ഭാഗമായി. ആവേശകരമായ കായിക മാമ്മാങ്കത്തിൽ ദ്വാരക മേഖല, പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന (1998-2023) വൈദികർ സ്പോൺസർ ചെയ്ത എവറോളിംഗ് ഓവറോൾ കിരീടം സ്വന്തമാക്കി. മുള്ളൻകൊല്ലി മേഖല, ഉണ്ണി കെ. ജെ കപ്യാരുമലയിൽ മെമ്മോറിയൽ എവറോളിംഗ് റണ്ണർ അപ്പ് ട്രോഫി കരസ്ഥമാക്കി. നടവയൽ മേഖല, ചാക്കോ ചേലക്കാപള്ളി മെമ്മോറിയൽ സെക്കൻഡ് റണ്ണർ അപ്പ് ട്രോഫി കരസ്ഥമാക്കി. കോളേജ് ഗ്രൗണ്ട് നല്കി സഹകരിച്ച മേരി മാതാ കോളേജ് മാനേജ്മെന്റിനും, മത്സരത്തിന്റെ വീറും ആവേശവും ഉൾക്കൊണ്ട് ഊർജജ 2023 നെഞ്ചിലേറ്റി ഉജ്ജ്വലമാക്കിയ എല്ലാ യുവജനസുഹൃത്തുക്കൾക്കും ഹൃദയപൂർവം നന്ദി അർപ്പിക്കുന്നു.

**ടാസ്ക് ഫോഴ്സ് ജേഴ്സി പ്രകാശനം**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ ടാസ്ക് ഫോഴ്സ് വോളണ്ടിയർമാർക്കുള്ള ജേഴ്സി പ്രകാശനം മണിമൂളി - നിലമ്പൂർ റീജണൽ സിഞ്ചല്ലൂസ് തോമസ് മണക്കുന്നേൽ അച്ചൻ നിർവഹിച്ചു. മാനന്തവാടി രൂപത പ്രദേശത്ത് വിവിധ ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഏകോപിക്കുന്നതിന്റെ ഭാഗമായിട്ടാണ് വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും, സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലും, കെ.സി.വൈ.എം മാനന്തവാടി രൂപതയും, സംയുക്തമായി ടാസ്ക് ഫോഴ്സ് വോളണ്ടിയർമാർക്കുള്ള ജേഴ്സി തയ്യാറാക്കി വിതരണം ചെയ്യുന്നത്. മണിമൂളി മേഖല പ്രസിഡൻറ് അഖിൽ കൊല്ലംപറമ്പിൽ, നിലമ്പൂർ മേഖലാ പ്രസിഡൻറ് ബിബിൻ കിഴക്കേക്കോട്ടിൽ എന്നിവർ ചേർന്ന് ജേഴ്സി ഏറ്റുവാങ്ങി. കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഷാരോൺ കെ. റെജി, വൈസ് പ്രസിഡൻറ് ഗ്രാലിയ അന്ന അലക്സ്, കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡൻറ് ജസ്റ്റിൻ ലൂക്കോസ്, രൂപത ഡയറക്ടർ അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, മണിമൂളി മേഖല ഡയറക്ടർ ഫാ. ജിന്റോ തട്ടുപറമ്പിൽ, നിലമ്പൂർ മേഖലാ ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിയിൽ, കെ.സി.വെ.എം മാനന്തവാടി രൂപത

സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ, സംസ്ഥാന സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ, നിലമ്പൂർ മണിമൂളി മേഖല ഭാരവാഹികൾ, വിവിധ യൂണിറ്റുകളിൽ നിന്നുള്ള യുവജനങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**COFFY 2.O 2023 ന് തുടക്കമായി**

പുത്തൻ കാലത്തിന് പുതുമയിൽ ചാലിച്ച്, പഴമയുടെ മാറ്റ് ചോരാതെ ക്രിസ്തുവിൽ അടിസ്ഥാനമിട്ട്, കറകളഞ്ഞ നേതൃത്വത്തെ സൃഷ്ടിച്ചു കൊണ്ട് സഭക്കും സമൂഹത്തിനും വെളിച്ചം വീശുന്ന പുതു നായകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ, COFFY 2.O 2023 ന് തുടക്കമായി. ഉദ്ഘാടന ചടങ്ങിൽ കെ.സി.വൈ.എം മാനന്തവാടി രൂപത വൈസ്. പ്രസിഡന്റ് കുമാരി. മെലിൻ ആന്റണി പുളിക്കിയിൽ അധ്യക്ഷത വഹിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ COFFY 2.0 2023 ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപത മുൻ ഡയറക്ടർ ഫാ.അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ ആശംസകൾ നേർന്നു. Leadership Quality എന്ന വിഷയത്തെ ആസ്പദമാക്കി കെ.സി.വൈ.എം മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ ആദ്യ ക്ലാസ് നയിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപത ആനിമേറ്റർ സി. ബെൻസി എസ്. എച്ച് ന്റെ പ്രാർത്ഥനയോടെ ആരംഭിച്ച ഔദ്യോഗിക ചടങ്ങിന് കെ.സി.വൈ.എം മാനന്തവാടി രൂപത സെക്രട്ടറി റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ സ്വാഗതം ആശംസിക്കുകയും, കെ.സി.വൈ.എം മാനന്തവാടി രൂപത മുൻ വൈസ് പ്രസിഡന്റും രൂപതാ സിൻഡിക്കേറ്റ് അംഗവുമായ കുമാരി. നയന മുണ്ടക്കാത്തടത്തിൽ നന്ദി അർപ്പിക്കുകയും ചെയ്തു. ചടങ്ങിൽ രൂപത സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സംസ്ഥാന സെനറ്റ് അംഗങ്ങൾ പങ്കെടുത്തു. 'ലീഡ് ഓൺ' - സംസ്ഥാനതല ലീഡേഴ്സ് ക്യാമ്പിനും', 'തീക്ഷ്ണം' സംസ്ഥാന പ്രവർത്തന വർഷ ഉദ്ഘാടനത്തിനും ആതിഥേയത്വം വഹിച്ചു. കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ എടക്കര ബസ് സ്റ്റാന്റിനു സമീപം ഗാന്ധി സ്ക്വയറിൽ, ക്രൈസ്തവ വിശ്വാസത്തെയും കത്തോലിക്കാ സന്യാസത്തെയും പരസ്യമായി അവഹേളിക്കുന്ന 'കക്കുകളി' എന്ന നാടകത്തിനെതിരെ നടത്തിയ പ്രതിഷേധ പ്രകടനത്തിൽ മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ.ജസ്റ്റിൻ ലൂക്കോസ് അഭിവാദ്യങ്ങൾ അർപ്പിച്ചു സംസാരിച്ചു.

**സുവർണ്ണ ജൂബിലി നിറവിൽ**

പോൾ ആറാമൻ മാർപ്പാപ്പായുടെ ക്വാന്ത ഗ്ലോറിയ എന്ന തിരുവെഴുത്ത് വഴി 1973 മെയ് 1 ന് സ്ഥാപിതമായ മാനന്തവാടി രൂപത 50 വർഷങ്ങൾ പൂർത്തിയാക്കുന്നു. അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും നിമിഷങ്ങളിൽ ഈ കാലമത്രെയും ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി. പൂർവപിതാക്കന്മാരുടെയും പിൻതലമുറയുടെയും കഠിനാധ്വാനത്തിന്റെയും പ്രയത്നത്തിന്റെയും നാൾ വഴികൾ ഓർമ്മിക്കാനുള്ള അവസരമാണിത്. സുവർണ്ണ ജൂബിലി നിറവിൽ ആയിരിക്കുന്ന മാനന്തവാടി രൂപതക്ക് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ പ്രാർത്ഥനകൾ, ആശംസകൾ.

**ആശംസകൾ**

മാനന്തവാടി രൂപതയുടെ സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിനും, കെ.സി.വൈ.എം മാനന്തവാടി മേഖലയുടെ രൂപതാ സിൻഡിക്കേറ്റ് അംഗം അഷ്ജാൻ സണ്ണി കൊച്ചുപാറക്കലിനും, കെ.സി.വൈ.എം മാനന്തവാടി രൂപത ആനിമേറ്റർ സി. ബെൻസി ജോസ് S.H നും, കോർഡിനേറ്റർ അഖിൽ ജോസ് വാഴച്ചാലിലിനും, ജന്മദിനാശംസകൾ. കെ. സി. വൈ. എം നടവയൽ മേഖല ആനിമേറ്റർ പ്രിയപ്പെട്ട ഷാന്റി സിസ്റ്ററിന് സിൽവർ ജൂബിലി ആശംസകൾ പ്രാർത്ഥനകൾ.

**യാത്ര മംഗളങ്ങൾ**

നസ്രസ്സിലെ 33 കാരന്റെ ഊർജ്ജവും ആവേശവും ആത്മാവിൽ നുകർന്നെടുത്ത് യുവമനസ്സുകളിലേക്ക് പകർന്നുകൊടുത്ത കരുത്തുറ്റ അമരക്കാരൻ നാലു വർഷത്തിലേറെ കാലം നീണ്ടുനിന്ന ആവേശോജ്ജ്വലമായ തന്റെ പ്രേക്ഷിത ജൈത്രയാത്ര പൂർത്തിയാക്കി പ്രവർത്തന വീഥിയിലേക്ക് യാത്ര തിരിച്ച അഗസ്റ്റിനച്ചന്റെ നിസ്തുലമായ സേവനങ്ങൾക്ക് മുൻപിൽ കെ.സി.വൈ.എം മാനന്തവാടി രൂപത കൃതജ്ഞതയോടു കൂടി ആദരവിന്റെ കൈകൾ കൂപ്പുകയാണ്.

ഒരു വർഷക്കാലം കെ. സി. വൈ. എം മാനന്തവാടി രൂപതാ ഓഫീസ് സെക്രട്ടറി ആയിരുന്ന് തന്റെ പുതിയ പ്രേഷിത മേഖലയിലേക്ക് യാത്രയാകുന്ന സി. എൽസിൻ SABS നും, വിവിധ മേഖലകളിൽ കെ.സി.വൈ.എം പ്രസ്ഥാനത്തെ ചേർത്തുപിടിച്ച പ്രിയ ഡയറക്ടർ അച്ചൻമാർ, റവ. ഫാ. ജെയ്സൺ കള്ളിയാട്ട്, റവ. ഫാ. സാന്റോ അമ്പലത്തറ, റവ. ഫാ.റോബിൻ പടിഞ്ഞാറയിൽ, റവ. ഫാ. റെജി മുതുകത്താനിയിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ എന്നിവർക്കും,

വിവിധ മേഖലകളിൽ നിന്നും സ്ഥലം മാറിപോകുന്ന ഞങ്ങളുടെ പ്രിയ പ്പെട്ട ആനിമേറ്റർ സിസ്റ്റേഴ്സ് സി. അർപ്പിത SABS, സി. റോസ്ന ജോൺ SH, സി.ഷാന്റി SKD, സി. ദിവ്യ OSA വിവിധ യൂണിറ്റുകളിൽ നിന്നും സ്ഥലം മാറി പോകുന്ന ഡയറക്ടർ അച്ചന്മാർക്കും, ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനും ഹൃദയപൂർവ്വം നന്ദി പറയുന്നു.

**കെ.സി.വൈ.എം രൂപത കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം**

മാനന്തവാടി രൂപത യുവജന പ്രസ്ഥാനത്തിന്റെ പുതിയ കാവൽ നായകൻ. യുവത്വത്തിന്റെ കരുത്തും, ചടുലതയാർന്ന പ്രവർത്തനങ്ങളുമായി കെ.സി.വൈ.എം മാനന്തവാടി രൂപതയെ നയിക്കാൻ നിയുക്തനാക്കപ്പെട്ട ഡയറക്ടർ. റവ. ഫാ. സാന്റോ അമ്പലത്തറക്കും, കെ.സി. വൈ.എം മാനന്തവാടി രൂപതാ ഓഫീസ് സെക്രട്ടറിയായി ചുമതലയേറ്റ സി. ജിൽസ ടോം SABS, നും കെ.സി.വൈ.എം മാനന്തവാടി രൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**ആദരാഞ്ജലികൾ**

ചലനമറ്റു കിടന്നിരുന്ന യുവജന പ്രസ്ഥാനത്തെ ജീവസ്സുറ്റതാക്കാൻ, 1990 നു ശേഷം മാനന്തവാടി രൂപതയിൽ യുവജന പ്രസ്ഥാനം പുനരാരംഭിക്കാൻ ചുമതല ഏറ്റെടുത്ത് ഒരു കാലഘട്ടത്തിൽ നിലച്ചുപോയ യുവജന പ്രസ്ഥാനത്തിന് ജീവൻ നൽകി, ഇടവകകളിൽ യുവജനങ്ങളെ ഒരുമിച്ചു ചേർക്കുകയും മേഖലകളിൽ നടന്ന സെമിനാറുകളിൽ ആയിരക്കണക്കിന് യുവജനങ്ങളെ അണിനിരത്തി കെ. സി വൈ. എം പ്രസ്ഥാനത്തിന്റെ പ്രാരംഭ പരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്ത ബഹു. തോമസ് ഒറ്റപ്ലാക്കൽ അച്ചന്റെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു. മലപ്പുറം താനൂരിൽ ബോട്ടപകടത്തിൽ മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. പരിശോധനക്കിടയിൽ ആശുപത്രിയിൽ വെച്ച് പ്രതിയുടെ കുത്തേറ്റ് നൊമ്പരമായി മാറി ഞങ്ങളിൽ നിന്നും വേർപിരിഞ്ഞ പ്രിയ സഹോദരി ഡോ. വന്ദന ദാസിന് ആദാരാഞ്ജലികൾ അർപ്പിച്ചു.

**മേഖല വാർത്തകൾ**

**മാനന്തവാടി മേഖല**

കണിയാരം കത്തീഡ്രലിൽവച്ച് സെക്രട്ടറിയേറ്റ്, മീറ്റിംഗ് നടത്തുകയും ഗെയിംസ് നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. മേഖലയുടെ നേതൃത്വത്തിൽ ഫുട്ബോൾ, ക്രിക്കറ്റ്, ഷൂട്ട്ഔട്ട് എന്നീ മത്സരങ്ങൾ നടത്തികൊണ്ട് ഗെയിംസ് 2k23 Sports event സംഘടിപ്പിച്ചു.

**നടവയൽ മേഖല**

അന്ത്യത്താഴവേളയെ ഓർമ്മിപ്പിച്ചുകൊണ്ട് കെ. സി. വൈ. എം നടവയൽ മേഖല മാനന്തവാടി രൂപതയിലെ യുവജനങ്ങൾക്കായി Mobile Photography Competition സംഘടിപ്പിച്ചു. കെ. സി. വൈ.എം നടവയൽ മേഖല നടത്തിയ മേഖല അത്‌ലറ്റിക് മീറ്റ് Fastinare 2023 നടവയൽ സെന്റ് തോമസ് ഹയർ സെക്കൻണ്ടറി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് ഏപ്രിൽ 12 ന് നടത്തപ്പെട്ടു. കെ. സി. വൈ. എം നടവയൽ മേഖല BELVOIR 2K23 തുടക്കം കുറിച്ചു. കെ. സി. വൈ.എം നടവയൽ മേഖലയുടെ ആഭിമുഖ്യത്തിൽ 2023 ഏപ്രിൽ 18,19,20 ദിവസങ്ങളിൽ ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് മേഖല ക്യാമ്പ് നടത്തപ്പെട്ടു. കെ. സി. വൈ. എം മാനന്തവടി രൂപതയുടെ നേതൃത്വത്തിൽ സെന്റ്. പാട്രിക്സ് സ്കൂൾ ഗ്രൗണ്ടിൽ നടന്ന അത്‌ലറ്റിക് മീറ്റിൽ നടവയൽ മേഖല യിൽ നിന്നും യുവജനങ്ങൾ പങ്കെടുത്ത് നാലാംസ്ഥാനം കരസ്ഥമാക്കി. FASTINARE 2023 ഏച്ചോം സർവോദയ ഹയർസെക്കൻണ്ടറി സ്കൂൾ ഗ്രൗണ്ടിൽ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു.

**മണിമൂളി മേഖല**

കായിക മത്സരം ഏപ്രിൽ 16ന് തലഞ്ഞി കാർമൽഗിരി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടന്നു. മേഖലയിലെ യുവജനങ്ങളുടെ പങ്കാളിത്തം കൊണ്ടു വിജയകരമായി പൂർത്തിയാക്കി. കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ പ്രവർത്തന വർഷ ഉദ്ഘാടനം മണിമൂളി മേഖലയുടെ സഹകരണത്തിൽ ഏപ്രിൽ 29, 30 തീയതികളിൽ മണിമൂളി പാസ്റ്റ റൽ സെന്ററിൽ വെച്ച് വിജയകരമായി പൂർത്തിയാക്കി.

**ബത്തേരി മേഖല**

ഊർജ 2023 അത്‌ലറ്റിക് മീറ്റിന് മുന്നോടിയായി ബത്തേരി മേഖല അറൈസ് അത്‌ലറ്റിക് മീറ്റ് 18/04/2023 ന് നടത്തി. വിവിധ യൂണിറ്റു കളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. വിജയികൾ ആയവരെ അഭിനന്ദിച്ചു. മാനന്തവാടി രൂപത സംഘടിപ്പിച്ച അത്‌ലറ്റിക് മീറ്റിൽ 3000 മീറ്ററിൽ ബത്തേരി യൂണിറ്റ് അംഗം അഖിൽ റോയ് രണ്ടാം സ്ഥാനം കരസ്ഥമാക്കി. വിവിധ യൂണിറ്റുകൾക്കായി 23/04/2023 ന് സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. പഴൂർ യുണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. 30/04/2023 ന് വിവിധ യൂണിറ്റുകൾ തമ്മിൽ ക്രിക്കറ്റ് മത്സരം സംഘടിപ്പിച്ചു. വടക്കനാട് യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിജയികളെ അഭിനന്ദിച്ചു.

**നീലഗിരി മേഖല**

മീഡിയ കോർഡിനേറ്ററായി കൂന്നൂർ യൂണിറ്റ് അംഗം ജിബിൻ വാഴപ്പള്ളിയെ തിരഞ്ഞെടുത്തു. നീലഗിരി മേഖല, കണ്ണൂർ ഉള്ള സ്നേഹ സദനം സന്ദർശിക്കുകയും അന്തേവാസികളുടെ തുണി അലക്കി കൊടുക്കുകയും അവരോടു സ്നേഹം പങ്കിടുകയും ചെയ്തു. മാനന്തവാടി രൂപത സംഘടിപ്പിച്ച അത്‌ലറ്റിക്സ് മത്സരത്തിൽ മണ്ണുവയൽ യൂണിറ്റ് അംഗം ആദർശ് തുണ്ടത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**മുള്ളൻകൊല്ലി മേഖല**

കെ. സി. വൈ. എം മുള്ളൻകൊല്ലി മേഖലയുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥയാത്ര നടത്തി. കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ ഊർജ്ജ സ്പോർട്സ് മീറ്റിലേക്കുള്ള മേഖലാതല തിരഞ്ഞെടുപ്പ് പാടിച്ചിറ യൂണിറ്റിന്റെ ആതിഥേയത്വത്തിൽ സെന്റ്. ജോസഫ് സ്കൂൾ ഗ്രൗണ്ടിൽ നടത്തപ്പെട്ടു. കെ. സി. വൈ. എം മുള്ളൻകൊല്ലി മേഖലയെ പ്രതിനിധീകരിച്ച് 23 മത്സരാർഥികൾ ഊർജ്ജ സ്പോർട്സ് മീറ്റിൽ പങ്കെടുക്കുകയും രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. മുള്ളൻകൊല്ലി മേഖല കെ. സി. വൈ. എം മാനന്തവാടി രൂപതയുടെ ഊർജ്ജ 2023 സ്പോർട്സ് മീറ്റിലെ ഗെയിംസ് ഇനങ്ങളിലേക്ക് ഉള്ള മേഖല സെലക്ഷൻ വാടാനക്കവല ടാംഗോ ടർഫിൽ വച്ച് നടത്തപ്പെട്ടു.

**യൂണിറ്റ് വാർത്തകൾ**

**കുറുമണി യൂണിറ്റ്**

തരിയോട് മേഖലയിലെ 10 യൂണിറ്റുകൾ ഒന്നിച്ചു ചേർന്ന് ഫണ്ട് സമാഹരിക്കുകയും ക്ലാര ഭവൻ സന്ദർശിച്ച് ഈസ്റ്റർ സമ്മാനം നൽകുന്നതിനും പ്രാർത്ഥിക്കുന്നതിലും യുവജനങ്ങൾ പങ്കെടുത്തു. അത്‌ലറ്റ് മീറ്റിൽ പങ്കെടുത്ത് ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ അമ്പാട്ടുപടവിൽ ജെസ്‌ലിന് ഉപഹാരം നൽകി അഭിനന്ദനങ്ങൾ അറിയിച്ചു.

**നരിവാലമുണ്ട യൂണിറ്റ്**

നരിവാലമുണ്ട സെന്റ് ജോസഫ് ദേവാലയത്തിൽ യുവജന സംഗമവും അംഗത്വ ക്യാമ്പയിനും നടന്നു. ഫാ. സാജൻ പള്ളുരുത്തി, യുവജനങ്ങളുടെ ആനുകാലിക പ്രശ്നങ്ങളെ ആസ്പദമാക്കി ക്ലാസ്സിനു നേതൃത്വം നൽകി. ഇടവകയിലെ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റർ ഷാലറ്റിനെയും തൊഴിലാളി ദിനത്തോടനുബന്ധിച്ച് ഇന്നത്തെ യുവജനങ്ങൾക്ക് മാതൃകയാക്കാവുന്ന, ഒരേസമയം വിവിധ തൊഴി

ലുകൾ ചെയ്യുന്ന യുവജന പ്രതിനിധി, കോളേജ് അധ്യാപകൻ, ട്യൂഷൻ മാസ്റ്റർ, ദേവാലയ സെക്രട്ടറി, ക്ഷീരകർഷകൻ, മികച്ച മോട്ടിവേഷൻ സ്പീക്കർ ആയ ശ്രീ. ജോബിൻ കോയിക്കരയെയും ആദരിച്ചു. ഇടവകയിൽ നിന്ന് വിൻസൻഷ്യൻ സന്യാസിനി സമൂഹത്തിൽ നിന്ന് സന്യാസ വസ്ത്രം സ്വീകരിച്ച സിസ്റ്റർ ജിൽനയെയും മാനന്ത വാടി രൂപത സുവർണ്ണജൂബിലിയോടനുബന്ധിച്ച് നടത്തിയ സ്കോളർ ഷിപ്പ് പരീക്ഷയിൽ ജേതാക്കളായ അനുഗ്രഹ റോസ് ചെമ്പക്കര, അമേയ കണിയോടിക്കൽ, ഡിപ്ലോമ പരീക്ഷയിൽ ഡിസ്റ്റിങ്ങ്ഷൻ നേടിയ അക്ഷിത മേക്കാട്ട്, അജു മാമ്പ്ര, സയന വേലിക്കകത്ത് എന്നിവ രെയും അനുമോദിച്ചു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

മെയ് 13 മുതൽ 16 വരെയുള്ള തിയതികളിൽ നടത്തിയ വിവാഹ ഒരുക്ക കോഴ്സിൽ 50 പേർ പങ്കെടുത്തു. ജൂൺ മാസത്തെ വിവാഹ ഒരുക്ക കോഴ്സ്, ജൂൺ 10,11,12,13, എന്നീ തിയതികളിൽ നടത്തപ്പെടുന്നു.

**മാതൃവേദി**

May 1 രൂപതയുടെ സുവർണ്ണ ജൂബിലി സമാപന ചടങ്ങുകളിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ മുഴുവൻ പങ്കുചേർന്നു. ജൂബിലി പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത എല്ലാ മാതൃവേദി അമ്മമാർക്കും ദൈവാനുഗ്രഹങ്ങളും, അഭിനന്ദനങ്ങളും. മെയ് മാസത്തിൽ മാതാവിനെ അലങ്കരിക്കുകയും കുടുംബാംഗങ്ങളോടൊപ്പം പ്രാർത്ഥിക്കുന്ന കുടുംബങ്ങളുടെ ഫോട്ടോ, യൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുത്ത് മേഖലയിലും, മേഖലയിൽ നിന്നും തിരഞ്ഞെടുത്ത് രൂപതയിൽ എത്തിക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാ മാതൃവേദി അമ്മമാർക്കും അഭിനന്ദനങ്ങൾ. അന്താരാഷ്ട്ര മാതൃദിനമായ മെയ് 14 – ന് യൂണിറ്റ് തലത്തിൽ മാതൃവേദിയിൽ സജീവമായി പ്രവർത്തിക്കുന്ന അമ്മമാരെ ആദരിച്ചു.

**മെയ് മാസം ചെയിൻ റോസറി:**

**ദ്വാരക മേഖല:** പ്രതിസന്ധിയുള്ള കുടുംബങ്ങൾക്ക് വേണ്ടിയും.
**തരിയോട് മേഖല:** അധ്യാപകർ, വിദ്യാർഥികൾ എന്നിവർക്ക് വേണ്ടിയും.

എല്ലാ യൂണിറ്റുകളിലും ദിവ്യകാരുണ്യ ആരാധന നടത്തി. മാനന്തവാടി രൂപതക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. മെയ്–28 പെന്തക്കുസ്താദിനം യൂണിറ്റുകളിൽ ആചരിച്ചു. മെയ് 17 മലബാർ പ്രോലൈഫ് സംഗമത്തിനു വേണ്ട ക്രമീകരണങ്ങൾക്ക് നേതൃത്വം കൊടുത്ത എല്ലാ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾക്കും നന്ദിയും, അഭിനന്ദനങ്ങളും.

**ജൂൺ മാസം ചെയിൻ റോസറി:** പയ്യമ്പള്ളി മേഖലയിൽ നടത്തപ്പെടും. നല്ല കാലാവസ്ഥയ്ക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. ജൂൺ മാസം രൂപതയിലെ മുഴുവൻ കുടുംബങ്ങളിലും തിരുഹൃദയ വണക്ക മാസാചരണം നടത്താൻ ശ്രദ്ധിക്കുമല്ലോ.

ഇടവകകളിലും, മേഖലകളിലും സേവനം ചെയ്ത് മറ്റ് ഇടവക കളിലേക്കും പ്രേക്ഷിത മേഖലകളിലേക്കും സ്ഥലം മാറിയ മേഖല, യൂണിറ്റ് ഡയറക്ടേഴ്സ് ബഹു. വൈദികർക്കും, ബഹു. സിസ്റ്റേഴ്സിനും നന്ദിയും പുതിയ പ്രവർത്തന മേഖലയിൽ വിജയാശംസകളും നേരുന്നു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി.12 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂൺ 20

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി**

വിശുദ്ധ വാരാചരണം നടത്തി. സാധു കുടുംബത്തിന് ഈസ്റ്റർ കിറ്റായി ഭക്ഷണസാധനങ്ങളും സാമ്പത്തിക സഹായവും നൽകി. മേഖല ഫണ്ട് സമാഹരണത്തിനായി തീർത്ഥയാത്ര നടത്തി.രൂപ തയുടെ ആഭിമുഖ്യത്തിൽ നടന്ന മേഖല ഭാരവാഹികളുടെ യോ ഗത്തിൽ മേഖലയിൽ നിന്നും മുഴുവൻ ഭാരവാഹികളും പങ്കെടുത്തു. മേഖല എക്സിക്യൂട്ടീവ് കൂടി. ആദ്യകുർബാന സ്വീകരിക്കുന്ന ഒരു കുട്ടിക്ക് ഉടുപ്പ് വാങ്ങുന്നതിനായി ധനസഹായം നൽകി.

**ശാഖാ വാർത്തകൾ**

**പാലാങ്കര**

ഓശാനയുടെ തിരുകർമ്മങ്ങൾ സൺഡേസ്ക്കൂളിൽ തുടങ്ങുന്ന തിനാൽ സൺഡേ സ്കൂൾ കഴുകി വൃത്തിയാക്കി. കുരിശിന്റെ വഴിയിൽ പങ്കെടുത്തു. ഈസ്റ്റർ ദിനത്തിൽ ജനത്തിനായി ചുക്കുകാപ്പി ഉണ്ടാക്കി. പുത്തൻ പാന പാരായണ മത്സരം നടത്തി.

**കുഞ്ഞോം**

പുത്തൻ പാന പാരായണ മത്സരത്തിൽ കല്ലോടി മേഖലയിൽ ഒന്നാം സ്ഥാനം ലഭിച്ചു.സാന്താ മോനിക്ക പ്രാർത്ഥനയിൽ പങ്കുചേർന്നു. വാർഡ് അടിസ്ഥാനത്തിൽ ബൈബിൾ പാരായണം നടത്തി. കല്ലോടി മേഖലയിൽ മികച്ച രണ്ടാമത്തെ ശാഖയായി തെരഞ്ഞെടുക്കപ്പെട്ടു.

**കബനിഗിരി**

മലയാറ്റൂർ തീർത്ഥാടനം നടത്തി. മഴ ലഭിക്കാൻ പ്രാർത്ഥന നടത്തി. കത്തോലിക്കാ കോൺഗ്രസ് മീറ്റിംഗിൽ പങ്കെടുത്തു. വി. ഗീവർഗീസിന്റെ തിരുനാൾ ആചരിച്ചു. ആദ്യകുർബാന സ്വീകരിച്ച രണ്ടു കുട്ടികൾക്ക് സഹായം നൽകി. ചികിത്സസഹായം നൽകി. പൗരോഹിത്യ ജൂബിലി ആഘോഷിക്കുന്ന മുൻ വികാരിയച്ചനെ ആദരിച്ചു.

**വാളേരി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പള്ളിയിലേക്കാവശ്യമായ വിറക് ശേഖരിച്ച് വച്ചു.കർത്താവിന്റെ ഉയിർപ്പുതിരുന്നാൾ സാഘോഷം കൊണ്ടാടി. വി.ജാന്ന ബറേറ്റയുടെ മാദ്ധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിച്ചു. ചെയ്ൻ റോസറി നടത്തി. തിരിക്കാലുകൾ വൃത്തിയാക്കി. വചനകവചം, സാന്താമോനിക്ക എന്നിവ നടത്തി.

**യവനാർകുളം**

പള്ളിയും പരിസരവും വൃത്തിയാക്കി. ബുധനാഴ്ച ദിവസങ്ങളിൽ മാനന്തവാടി ഗവൺമെന്റ് ആശുപത്രിയിൽ ഭക്ഷണം ഉണ്ടാക്കി നല്കി. കോളയാട് ഉള്ള സ്നേഹാലയത്തിന് കപ്പ കൊണ്ടുപോയി കൊടുത്തു. രോഗി സന്ദർശനം നടത്തി. ദ്വാരകയിൽ വച്ച് നടത്തിയ യൂണിറ്റ് മേഖല ഭാരവാഹികളുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

**പാടിച്ചിറ**

ഒരു നിർധന കുടുംബത്തിന് ഭക്ഷ്യ കിറ്റ് കൊടുത്തു. രോഗാവസ്ഥയിലുള്ള ഒരു കുടുംബത്തിന് ഭക്ഷണം ഉണ്ടാക്കികൊടുത്തു. ഒരു കുട്ടിക്ക് ആദ്യകുർബാന ഡ്രസ്സ് വാങ്ങി നൽകി.

**തവിഞ്ഞാൽ**

രോഗി സന്ദർശനം നടത്തി. പള്ളി ക്ലീനിങ് നടത്തി. വിശുദ്ധവാര ദിനങ്ങളിൽ പങ്കെടുത്തു. കുരിശിന്റെ വഴിയിൽ സംബന്ധിച്ചു. പുത്തൻ പാന മത്സരത്തിൽ മേഖലയിലും രൂപതയിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ദ്വാരകയിൽ വെച്ച് നടന്ന മേഖല ഭാരവാഹി സംഗമത്തിൽ മേഖല എക്സിക്യൂട്ടീവ് അംഗവും ആനിമേറ്റർ സിസ്റ്ററും പങ്കെടുത്തു. AKCC സംഗമത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. വി. ഗീവർഗീസിന്റെ തിരുനാൾ ആചരിച്ചു.

**മൺവയൽ**

മരണ വീടുകളിൽ സന്ദർശനം നടത്തി. രോഗി സന്ദർശനം നടത്തി. പഠന സഹായം എല്ലാ മാസവും നല്കുന്നു. നേർച്ചയായി ഉണ്ണിയപ്പം നല്കി. വി.ഗീവർഗീസ്, വി. ജാന്ന ബറേറ്റ മോള്ള, സദുപദേശത്തിന്റെ മാതാവ് തിരുനാൾ ദിനം എന്നിവ ആചരിച്ചു.

**സീതാമൗണ്ട്**

മുള്ളൻകൊല്ലി മേഖല സംഘടിപ്പിച്ച വേളാങ്കണ്ണി തീർത്ഥയാത്രയിൽ പങ്കെടുത്തു. വിശുദ്ധ ജാന്ന ബെരേറ്റയുടെ തിരുനാൾ ദിനം ആചരിച്ചു. ഇടവകവികാരിയായിരുന്ന ബഹു. ജെയ്സൺ കുഴികണ്ടത്തിൽ അച്ചന് എക്സിക്യൂട്ടിവ് അംഗങ്ങൾ യാത്രയയ്പ്പ് നൽകി.

**നടവയൽ**

പെസഹാ വ്യാഴാഴ്ച ദിവ്യകാരുണ്യ ആരാധനയ്ക്ക് ഒരു മണിക്കൂർ നേതൃത്വം നൽകി. കുരിശിന്റെ വഴിയുടെ ദൃശ്യാവിഷ്കാരത്തിൽ പങ്കാളികളായി. ഇടവകയുടെ ജൂബിലി വർഷത്തോടനുവന്ധിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി സംഭാവന കൂപ്പൺ അടിച്ചിറക്കി. 20000/-രൂപ ഭവന നിർമ്മാണ സഹായമായും, 10000/-രൂപ രോഗി സഹായമായും നൽകി. പുത്തൻപാന പാരായണ മത്സരത്തിൽ രൂപതയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.ഹരിതം 2023: ജൈവ അടുക്കളത്തോട്ടം പരിപാലിച്ചു പോരുന്നു. വിനോദയാത്ര (ഊട്ടി)നടത്തി. വി.ജാന്നാ ബാറേറ്റ മോള്ളയുടെ തിരുനാൾ ആചരിച്ചു.

**പനംഞ്ചിറ**

ഈസ്റ്റർ ദിനത്തിൽ പാവപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷണം നൽകി. ഇടവകാ ധ്യാനത്തിൽപങ്കെടുത്തു. പത്താം ക്ലാസ് പരീക്ഷ എഴുതുന്ന എല്ലാ കുട്ടികൾക്കും വേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**പോരൂർ**

പള്ളി ക്ലീനിങ് നടത്തി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മേഖലാ ഭാരവാഹി സംഗമത്തിൽ പങ്കെടുത്തു. വി. ഗീവർഗീസിന്റെ തിരുനാൾ ആചരിച്ചു. എക്സിക്യൂട്ടീവ് അംഗത്തിന്റെ കുടുംബത്തിൽ ആക്സിഡന്റിൽ മരിച്ച മകളുടെ മൃതസംസ്കാരത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു.

**വഞ്ഞോട്**

പൂരിഞ്ഞി മലയിലേക്ക് നടത്തുന്ന കുരിശിന്റെ വഴിയിൽ പല ഹാരങ്ങൾ നൽകി. പുതുഞ്ഞായറാഴ്ചത്തെ കുരിശിന്റ വഴിയിലും വി. കുർബ്ബാനയിലും പങ്കെടുത്തു. മലകേറുന്നവർക്കായി നേർച്ച ഭക്ഷണം ഉണ്ടാക്കി നൽകി. സിമിത്തേരി നവീകരണത്തിന്റ ഭാഗമായി സാരികൾ ശേഖരിച്ച് നൽകി.

**നരിവാലമുണ്ട**

കുട്ടികൾക്കുള്ള  സമ്മർ ക്യാമ്പിന് ചായ, പലഹാരം എന്നിവ സ്പോൺസർ ചെയ്തു. പ്രസിഡണ്ടിന്റെ ചാച്ചന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ച് റീത്തു സമർപ്പിച്ചു സംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു. പുത്തൻ പാന പാരായണം നടത്തി. പീഡാനുഭവ ബൈബിൾ ക്വിസ്  നടത്തി വിജയികളെ കണ്ടെത്തി. രോഗി സന്ദർശനം നടത്തി. കൽപ്പറ്റയിലെ അനാഥാലയം, വിയാനി ഭവൻ എന്നിവ സന്ദർശിച്ചു.

**കരിമ്പിൽ**

ശാഖാ പ്രതിനിധി സമ്മേളനത്തിൽ പ്രസിഡണ്ട് പങ്കെടുത്തു. വി. ജാന്ന ബരേറ്റ മോള്ളയുടെ തിരുനാൾ ആചരിച്ചു. പുത്തൻ പാന മത്സരം നടത്തി. വി. ഗീവർഗ്ഗീസിന്റെ തിരുനാളിനോട് അനുബന്ധിച്ച് മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ വിവിധ മത്സരങ്ങൾക്കുള്ള സമ്മാനങ്ങൾ നൽകി. രോഗി സന്ദർശനം നടത്തി. വചനം ചൊല്ലി പ്രാർത്ഥിച്ചു

**പ്രശാന്തഗിരി**

വിശുദ്ധവാര കർമ്മങ്ങളിൽ പങ്കെടുത്തു. മേഖല ഭാരവാഹി സംഗമത്തിൽ മേഖല പ്രതിനിധി ങ്കെടുത്തു.വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ ആചരിച്ചു. രോഗി സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് യോഗം കൂടി.

**മരകാവ്**

മേഖല ജനറൽ ബോഡിയിൽ പങ്കെടുത്തു. വി. വാരാചരണം നടത്തി. നോമ്പിനോടനുബന്ധിച്ച് കുരിശിന്റെ വഴി നടത്തി. രോഗി സന്ദർശനം നടത്തി.രൂപതയിൽ മേഖല ഭാരവാഹികളുടെ സംഗമത്തിൽ മേഖല പ്രതിനിധി പങ്കെടുത്തു.

**പുതിയിടം**

വിശുദ്ധവാര കർമ്മങ്ങളിൽ പങ്കെടുത്തു. വി. ഗീവർഗീസ് സഹദായുടെ തിരുനാൾ ആചരിച്ചു. തിരുനാളിനോടനുബന്ധിച്ച് ഗ്രോട്ടോ വൃത്തിയാക്കി. എക്സിക്യൂട്ടീവ് യോഗം കൂടി. രോഗി സന്ദർശനം നടത്തി.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. വിശുദ്ധവാര കർമ്മങ്ങളിൽ പങ്കെടുത്തു. ദുഃഖ വെള്ളിയാഴ്ചയിലെ നേർച്ച കഞ്ഞിക്കുള്ള അച്ചാർ തയ്യാറാക്കി. തിരുശേഷിപ്പ് പ്രയാണ സ്വീകരണത്തിൽ പങ്കെടുത്തു.

**ഇരുളം**

പുത്തൻപാന പാരായണ മത്സരത്തിൽ പങ്കെടുത്തു. ഈസ്റ്റർ കിറ്റിന് വേണ്ടി മേഖലയ്ക്ക് 500 രൂപ സംഭാവനയായി നൽകി.750 രൂപ ധ്യാനത്തിൽ പങ്കെടുക്കുന്നതിന് ഒരു കുടുംബത്തിന് നൽകി . 2500 രൂപ ഒരു കുടുംബത്തിലെ കുട്ടിക്ക് ആദ്യകുർബാനയ്ക്ക് ഉടുപ്പും മറ്റ് സാധനങ്ങൾ വാങ്ങിക്കുന്നതിന് നൽകി. ദ്വാരകയിൽ വച്ച് നടത്തിയ കൊയ്നോനിയ സംഗമത്തിൽ രണ്ടുപേർ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മുള്ളൻകൊല്ലി മേഖല നടത്തിയ മലയാറ്റൂർ തീർത്ഥയാത്രയിൽ നാലുപേർ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി.

**പുതുശ്ശേരിക്കടവ്**

സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ആദ്യമായി ഈശോയെ സ്വീകരിക്കുന്ന കുഞ്ഞുങ്ങൾക്ക് സാമ്പത്തിക സഹായം നൽകി.

**മഞ്ഞൂറ**

മാതാവിന്റെവണക്കമാസംആചരിച്ചു.വിദ്യാഭ്യാസസഹായമായി 1000/- രൂപ നൽകി. രോഗി സന്ദർശനം നടത്തി. വിവാഹ ജീവിതത്തിൽ 50 വർഷം ആയവരെ ആദരിച്ചു.

**മരക്കടവ്**

രൂപതയിൽ വെച്ച് നടത്തിയ 'കൊയ്നോനിയ 2023' സംഗമത്തിൽ ഒരാൾ പങ്കെടുത്തു. ദുഃഖവെള്ളി തിരുകർമ്മങ്ങൾക്ക് ശേഷം ഇടവകയിൽ കഞ്ഞി വിതരണം ചെയ്യുന്നതിനായി മാതൃവേദി അംഗങ്ങൾ 800 പാത്രങ്ങൾ കഴുകി.

**ഏലപ്പീടിക**

വിശുദ്ധവാര കർമ്മങ്ങളിൽ പങ്കെടുത്തു. പാന വായനയിൽ പങ്കെടുത്തു. എക്സിക്യൂട്ടിവ് കൂടി.

**ബത്തേരി**

വിശുദ്ധവാര കർമ്മങ്ങളിൽ പങ്കെടുത്തു. വി. ജാന്നാ ബരേറ്റ മോള, വി. ഗീവർഗീസ് സഹദായുടെ തിരുനാൾ എന്നിവ ആചരിച്ചു. സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. രോഗി സന്ദർശനം നടത്തി.

**ദ്വാരക**

മാനന്തവാടി മെഡിക്കൽ കോളേജിലെ രോഗികൾക്ക് ഭക്ഷണം പാകം ചെയ്തു നൽകി. അന്തർദേശീയ വനിതാ ദിനത്തിൽ സെമിനാർ നടത്തി. വി.എവുപ്രാസ്യാമ്മയുടെ തിരുനാൾ, വി.ഗീവർഗീസിന്റെ തിരുനാൾ എന്നിവ ആചരിച്ചു. വീടുപണിക്ക് സഹായം നൽകി. വിശുദ്ധവാര കർമ്മങ്ങളിൽ പങ്കെടുത്തു. ജൈവ കൃഷി മത്സരം നടത്തി. പുത്തൻ പാന മത്സരത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കി. ക്യാൻസർ രോഗിക്ക് ചികത്സാ സഹായം നൽകി. വി. ജാന്നാ ബരേറ്റ മോള്ളയെക്കുറിച്ച് ഉപന്യാസ മത്സരം നടത്തി.

**വൈത്തിരി**

രൂപതയിൽ വെച്ച് നടത്തിയ കൊയ്നോനിയ 2023 സംഗമത്തിൽ 2 പേർ പങ്കെടുത്തു. ഈസ്റ്റർ തിരുനാൾ മുട്ട സ്പോൺസർ ചെയ്തു. അഖണ്ഡ ജപമാല നടത്തി. താലൂക്കാശുപത്രിയിൽ ഭക്ഷണമുണ്ടാക്കി നൽകി. വി. ജാന്നാ ബരേറ്റ മോളയുടെ തിരുനാൾ ആചരിച്ചു.

**കേളകം**

എക്സിക്യൂട്ടിവ് കൂടി. നോമ്പിൽ പൊതിച്ചോർ ശേഖരിച്ച് അനാഥാലയങ്ങളിൽ നല്കി.രോഗീ സഹായമായി 1000/- രൂപ നല്കി. രോഗീ സന്ദർശനം നടത്തി.

**താളിപ്പാടം**

വിശുദ്ധവാര കർമ്മങ്ങളിൽ പങ്കെടുത്തു. എക്സിക്യൂട്ടിവ് മീറ്റിംഗ് കൂടി. വിനോദയാത്ര നടത്തി. ബൈബിൾ പാരായണം നടത്തി. വി. ജാന്നാ ബരേറ്റ മോള, വി. ഗീവർഗീസ് സഹദായുടെ തിരുനാൾ എന്നിവ ആചരിച്ചു. മേഖലാ ഭാരവാഹി സംഗമത്തിൽ പങ്കെടുത്തു. സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. പള്ളി വൃത്തിയാക്കി.

**കുറുമ്പാല**

മലയാറ്റൂർ, ഭരണങ്ങാനം, പുല്ലുവഴി, വല്ലാർപാടം എന്നീ സ്ഥലങ്ങളിൽ തീർത്ഥാടനം നടത്തി. മേഖലാ ഭാരവാഹി സംഗമത്തിൽ പങ്കെടുത്തു. വി. ജാന്നാ ബരേറ്റ മോള്ളയുടെ തിരുനാൾ ആചരിച്ചു.

**കുറുമണി**

രോഗി സഹായം നൽകി. എക്സിക്യൂട്ടീവ് അംഗത്തിന്റെ അമ്മയുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ച് പ്രാർത്ഥിച്ചു. സെമിനാർ നടത്തി. പ്രാർത്ഥനാ ദിനം ആചരിച്ചു. വി. ഗീവർഗീസ് സഹദായുടെ തിരുനാൾ ആചരിച്ചു.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

## ലോഗോസ് 2023
## ഓൺലൈൻ രജിസ്ട്രേഷൻ

2023 ലോഗോസ് രജിസ്ട്രേഷൻ ജൂൺ ഒന്നു മുതൽ ആരംഭിച്ചു. ലോഗോസ് ക്വിസിൽ പങ്കെടുക്കുന്നവർക്ക് നേരിട്ട് രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ലഭ്യമല്ല. ഓരോ ഇടവക അല്ലെങ്കിൽ സെന്ററിന്റെ ചുമതലപ്പെട്ടവർ വഴിയാണ് രജിസ്ട്രേഷൻ നടത്തുക. അതിനായി ഓരോ ഇടവകയ്ക്കും ഒരു User Name ഉം Password ഉം നല്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം സെന്റർ ഇൻ ചാർജിന് ലഭിച്ചിട്ടുള്ള User Name ഉം Password ഉം തന്നെയാണ് ഈ വർഷവും ഉപയോഗിക്കേണ്ടത്. അത് ഉപയോഗിച്ചു മാത്രമേ രജിസ്ട്രേഷൻ നടത്താൻ സാധിക്കുകയുള്ളൂ. അതുപോലെ തന്ന ഹാൾടിക്കറ്റ്, റിസൽട്ട് എന്നിവയെല്ലാം അതിൽനിന്നു തന്നെ ലഭിക്കുന്നതായിരിക്കും. കാറ്റഗറി തിരിച്ചുള്ള എല്ലാ വിവരങ്ങളും നമുക്ക് കൺട്രോൾ പാനലിൽ നിന്ന് ലഭ്യമാകും. ലോഗോസ് ക്വിസ് വെബ്സൈറ്റിൽ (logosquiz.org) Select Diocese എന്ന ഓപ്ഷനിൽ അതാത് രൂപത സെലക്റ്റ് ചെയ്യുക. രൂപതയുടെ പേജിൽ കയറിക്കഴിഞ്ഞാൽ രൂപതാ ഓഫീസ് ലോഗിൻ ചെയ്യാനുള്ള ലിങ്കും ഒരു പാരിഷ്/സെന്റർ ലോഗിൻ ചെയ്യാനുള്ള ഓപ്ഷനും ഉണ്ട്. സെന്റർ ലോഗിൻ ചെയ്ത് കഴിഞ്ഞാൽ ആദ്യം വരുന്ന പേജിൽ സെന്റർ ഇൻ ചാർജിന്റെ പേരും, E-mail Id യും ഫോൺ നമ്പരും കൊടുത്ത് Submit ചെയ്യുക. ഒറ്റത്തവണ മാത്രമേ ഇത്തരം വിവരങ്ങൾ കൊടുക്കേണ്ടതുള്ളൂ. ലോഗിൻ പേജിൽ നിന്നുമാണ് ആളുകളെ ചേർക്കുകയും മാറ്റുകയും ചെയ്യുന്നത്. കൺട്രോൾ പാനലിൽ നിന്നും വിശദവിവരങ്ങൾ മലയാളത്തിൽ ലഭ്യമാണ്. സംശയമുണ്ടാകുന്ന പക്ഷം രൂപതയിൽ വിളിക്കാവുന്നതാണ് (8547266096). എല്ലാ ദിവസവും രജിസ്റ്റർ ചെയ്യുന്ന വിവരങ്ങളുടെ Backup എടുത്തു സൂക്ഷിക്കുക. സെന്റർ ലോഗിനിൽ വരുന്ന നിർദേശങ്ങൾ അനുസരിച്ച് മാത്രം ചെയ്യുക. എല്ലാ ഇടവകയിൽ നിന്നും പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ പരീക്ഷ എഴുതാവുന്നതാണ് .

**ലോഗോസ് ഫമിലിയ ക്വിസ്**

1. ഒരു ടീമിൽ പങ്കെടുക്കുന്നവർ കുറഞ്ഞത് രണ്ട് തലമുറകളിൽ നിന്നുള്ളവരായിരിക്കണം.

2.ഫമിലിയ പരീക്ഷയ്ക്ക് പൊതുപരീക്ഷയുടെ ചോദ്യപേപ്പർ ആയിരിക്കും. ഫാമിലി ടീമിലെ ഓരോരുത്തർക്കും കിട്ടുന്ന മാർക്കിന്റെ ആവറേജ് ആണ് ഫാമിലിയുടെ മാർക്കായി പരിഗണിക്കുക.

3. സംസ്ഥാന തലത്തിലെ പരീക്ഷയ്ക്ക് രൂപതയിൽ നിന്ന് ഒരു ടീമിനെ മാത്രമേ അയയ്ക്കാവൂ.

*A വിഭാഗം : 1-1-2012-നും അതിനുശേഷവും ജനിച്ചവർ*
*B വിഭാഗം : 1-1-2007-നും 31-12-2011-നും ഇടയ്ക്ക് ജനിച്ചവർ*
*C വിഭാഗം : 1-1-1992-നും 31-12-2006-നും ഇടയ്ക്ക് ജനിച്ചവർ*
*D വിഭാഗം : 1-1-1972-നും 31-12-1991-നും ഇടയ്ക്ക് ജനിച്ചവർ*
*E വിഭാഗം : 1-1-1959-നും 31-12-1971-നും ഇടയ്ക്ക് ജനിച്ചവർ*
*F വിഭാഗം : 31-12-1958-നും അതിനു മുമ്പും ജനിച്ചവർ*

***നിർബന്ധമായും രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്തിരിക്കേണ്ടതാണ്.***

| **Registration Steps**<br>**Malayalam** | **English** |
|---|---|
| 1 ലോഗോസ് ക്വിസ് വെബ്സൈറ്റിൽ കയറുക | (logos quiz.org) Enter into the Website (logos quiz.org) |
| 2 രൂപത തിഞ്ഞെടുക്കുക. | Select Diocese |
| 3 രൂപതയുടെ പേജിൽ - രൂപത/ Diocese ലോഗിൻ ചെയ്യാനുള്ള ലിങ്കും, സെന്റർ/Cetnre ലോഗിനും ഉണ്ട്. | Select Cetnre Login |
| 4 സെന്റർ ലോഗിനിൽ User Name ഉം Password ഉം കൊടുക്കുക | Type User name & Password |
| 5 സെന്റർ ഇൻ ചാർജിന്റെ പേര്, Email Id, ഫോൺ നമ്പർ എന്നിവ കൊടുക്കുക. | After Cetnre login give Name, E-mail Id and Phone Number of Cetnre in Charge. |
| 6 Sumbit ചെയ്യുക | Sumbit |

**ഫാ. ബിനു വടക്കേൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# സീയോൻ വാർത്തകൾ

ഏകദിന കൺവെൻഷനുവേണ്ടി ശുശ്രൂഷകർ മെയ് 5 വെള്ളിയാഴ്ച്ച രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു.

ബഹു. ഫാ. സോണി വാഴകാട്ട് വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു. മെയ് 06ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.00 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. സോണി വാഴകാട്ട് അച്ചൻ വി. കുർബാനയും അസ്സി. ഡയറക്ടർ ബഹു. ഫാ. പ്രിൻസ് തെക്കേതിൽ വചന പ്രഘോഷണവും ആരാധനയും നടത്തി. ബിജു പുളിക്കൽ, സി. ലിസ SKD, സി. അന്ന FCC എന്നിവർ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി.

മെയ് 13 ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 12.00 മണിവരെ സ്പിരിച്വൽ ഷെയറിംഗ് നടത്തി.

റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. സോണി വഴകാട്ട് എന്നിവർ ഞായറാഴ്ചകളിൽ ഓൺലൈൻ സുവിശേഷ വിചിന്തനങ്ങൾ (സിയോൻ വോയ്സ്) പങ്കുവെച്ചു.

നീണ്ട 6 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം ബഹു. സോണി വാഴകാട്ട് സിയോൺ ധ്യാനകേന്ദ്രത്തിലെ ഡയറക്ടർ സ്ഥാനത്തുനിന്നും സ്ഥലംമാറി മെയ് 13 ന് രൂപത കത്തീഡ്രൽ വികാരി ആയി ചാർജ് എടുത്തു. അച്ചന്റെ സ്തുത്യർഹമായ സേവനത്തിന് ഹൃദയം നിറഞ്ഞ നന്ദി. പുതിയ ശുശ്രുഷ മേഖലയിൽ എല്ലാ ദൈവാനുഗ്രഹങ്ങളും വിജയവും നേരുന്നു. രണ്ട് വർഷത്തെ സേവനങ്ങൾക്ക് ശേഷം അസ്സി. ഡയറക്ടർ ആയിരുന്ന ഫാ. പ്രിൻസ് തെക്കേതിൽ മണിമൂളി പാസ്റ്ററൽ സെന്ററിന്റെ ഡയറക്ടർ ആയി മെയ് 13 ന് ചാർജ് എടുത്തു. അച്ചനും ഹൃദയം നിറഞ്ഞ നന്ദിയും ദൈവാനുഗ്രഹവും നേരുന്നു.

ശുശ്രുഷകരായി സേവനം ചെയ്ത ബഹു സി. ലിസ്സ അലക്സ് SKD, സി അൽഫിൻ SH എന്നിവർ സ്ഥലം മാറി പോയി. സിസ്റ്റേഴ്

സിന്റെ സ്തുത്യർഹമായ സേവനത്തിന് നന്ദിയും ദൈവാനുഗ്ര ഹവും നേരുന്നു.

ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ആയി ഫാ. ജിന്റോ തട്ടുപ റമ്പിൽ മെയ് 13 ന് ചാർജ് എടുത്തു. അതോടൊപ്പം സി. അനറ്റ് SKD, സി. നവ്യ SH എന്നിവർ പുതിയതായി ചാർജ് എടുത്തു.

മെയ് 26 ന് വെള്ളിയാഴ്ച വൈകിട്ട് 7 മുതൽ 12 വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന നടത്തി.

NB: ജൂൺ മാസത്തെ താമസിച്ചുള്ള ധ്യാനം 15 വ്യാഴാഴ്ച വൈകിട്ട് 4 ന് ആരംഭിച്ച് 18 ന് ഞായർ ഉച്ചകഴിഞ്ഞ് 2.00 ന് സമാ പിക്കും. ധ്യാനം മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

Booking No. 9544606936

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും സുഖമെന്ന് കരുതുന്നു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നുണ്ടല്ലോ. ഓരോ വിൻസെൻഷ്യന്റെയും ജീവിതം നന്മ ചെയ്യുവാനുള്ളതാണ്. മറ്റുള്ളവർക്കായി നന്മ ചെയ്യുവാൻ നമുക്ക് ലഭിക്കുന്ന ഉൾപ്രേരണ ദൈവത്തിൽ നിന്നാണ്. കർത്താവാണ് എല്ലാ നന്മയും നല്കുന്നത് (തോബി 4.19). നമ്മുടെ കാരുണ്യപ്രവർത്തികൾ ദൈവത്തിന് സാക്ഷ്യം നല്കുന്നവയാവണം. വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ നാം അഭിമാനം കൊള്ളണം. നമ്മുടെ കർത്താവിന് സാക്ഷ്യം നല്കുന്നതിൽ നീ ലജ്ജിക്കരുത് (2.തിമോ1.8). അപരന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നാം സഹായിക്കണം. ദൈവം നമുക്ക് നല്കിയ അനുഗ്രഹങ്ങൾ സമ്പത്ത്, ബുദ്ധി, ആരോഗ്യം എല്ലാം ദാനമാണ്. ദാനമായി കിട്ടി. ദാനമായിത്തന്നെ കൊടുക്കുവിൻ (മത്താ. 10.8). ദൈവത്തിന് നാം ഓരോരുത്തരെയുംകുറിച്ച് ഓരോ പദ്ധതിയുണ്ട്. ആ പദ്ധതി തിരിച്ചറിയുന്നതിന്, നമ്മിൽ നിറവേറുന്നതിന് നാം ദൈവോന്മുഖരായി ജീവിക്കണം. അനുദിന ജീവിതത്തിൽ കാരുണ്യപ്രവർത്തികളിൽ നിന്ന് അകറ്റുന്ന ഒട്ടേറെ സാഹചര്യങ്ങളുണ്ടായേക്കാം. നമ്മെ അവഹേളിക്കുന്നവരും, പുകഴ്ത്തുന്നവരും നമുക്കു ചുറ്റുമുണ്ടാകാം. ഇത് തിന്മക്ക് പ്രാമുഖ്യം ലഭിക്കുന്ന കാലഘട്ടമാണ്. അപവാദപ്രചാരണങ്ങളിലൂടെ നമ്മെ തകർക്കുവാനുള്ള ശ്രമങ്ങളുണ്ടായേക്കാം. ഇതിലൊന്നും തളരാതെ ദൈവം നമ്മെ ഏല്പ്പിച്ച കാരണ്യപ്രവർത്തികളുമായി നമുക്ക് മുന്നേറാം. നമ്മെ അധിക്ഷേപിക്കുന്നവർക്കായി നമുക്ക് പ്രാർത്ഥിക്കാം. വീഴും മുമ്പ് വിനീതനാവുക, പാപം ചെയ്യുന്നതിനു മുമ്പേ പിന്തിരിയുക. (പ്രഭാഷകൻ18.21). ഇതായിരിക്കണം നമ്മെ തളർത്തുന്നവർക്ക് നല്കുവാനുള്ള ഉപദേശം. പരിപൂർണ്ണനായി ഇഹത്തിൽ ആരുമില്ല. മാനുഷികമായ ബലഹീനതയോടെയാണ് നാം ജീവിക്കുന്നത്. ഈ ബലഹീനതകളെ അതിജീവിക്കുവാൻ നമുക്ക് നിരന്തരമായ പ്രാർത്ഥനകൾകൊണ്ടുമാത്രമെ സാധ്യമാവൂ. ഏതു പ്രതിസന്ധിയേയും അതിജീവിക്കുവാൻ ദൈവം നമ്മോടൊപ്പമുണ്ടെന്ന ദൃഢവിശ്വാസം നമ്മിലുണ്ടാവട്ടെ. ഒരുവൻ ലോകം മുഴുവൻ നേടിയാലും അവന്റെ

ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം (മത്താ. 16.26).

**ഏര്യ കൗൺസിൽ യോഗങ്ങൾ**

കൊട്ടിയൂർ എ.സി.യോഗം ചുങ്കക്കുന്ന് പള്ളിഹാളിൽ നടന്നു. സി. സി. പ്രസിഡൻറ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. സി.സി.ബോർഡ് അംഗം ബ്രദർ ജോസുകുട്ടി ചാത്തമല സ്വാഗതം ആശംസിച്ചു. മുൻ എ. സി. പ്രസിഡന്റ് ബ്രദർ സ്റ്റനിസ്ലാവോസ് തട്ടാംപറമ്പിൽ, നിയുക്ത എ. സി. പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴി എന്നിവർ പ്രസംഗിച്ചു. എ.സിയുടെ പുതിയ പ്രസിഡന്റായി തെരഞ്ഞെടുത്ത ബ്രദർ ഷൈജൻ തടങ്ങഴി, ബ്രദർ സോണി പൂത്തറ (സെക്രട്ടറി), ബ്രദർ ജോസഫ് ചെറുപ്ലാവിൽ (വൈസ് പ്രസിഡൻറ്), ബ്രദർ മത്തായി വേങ്ങച്ചിറയിൽ (ട്രഷറർ)എന്നിവർ സത്യപ്രതിജ്ഞ ചെയ്തു. ജൂലൈ ഒന്നു മുതൽ കോൺഫ്രറൻസ് സന്ദർശനങ്ങൾ നടത്തുവാനും, പ്രതിമാസ പ്രാർത്ഥന കൂട്ടായ്മകൾ ശക്തമാക്കുവാനും, എ.സി. ഭാരവാഹികൾ ഭവനസന്ദർശനം നടത്തുവാനും തീരുമാനിച്ചു. ബ്രദർ അലക്സാണ്ടർ കുഴിമണ്ണിൽ നന്ദി അർപ്പിച്ചു.

**ചുങ്കക്കുന്ന് കോൺഫ്രറൻസ് വാർഷികം**

കൊട്ടിയൂർ എ.സി.യിൽപ്പെട്ട ചുങ്കക്കുന്ന് ഫാത്തിമ മാതാ കോൺഫ്രറൻസിന്റെ 44-മത് വാർഷികം ആഘോഷിച്ചു. ചുങ്കക്കുന്ന് അൽഫോൻസ കോൺഫ്രറൻസ് പ്രസിഡൻറ് സി. ലൂസി നരിമററം, പ്രാരംഭ പ്രാർത്ഥനയും, സി.ലിസി കോച്ചേരിയിൽ ബൈബിൾ വായനയും നടത്തി. കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴി അധ്യക്ഷത വഹിച്ചു. സി. സി. ബോർഡ് അംഗം സിപ്രിയ ഷൈജൻ തടങ്ങഴി സ്വാഗതം ആശംസിച്ചു.കോൺഫ്രറൻസ് സെക്രട്ടറി ബ്രദർ ജോസഫ് മണ്ഡപത്തിൽ, സി. മേഴ്സി മേമന എന്നിവർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. ചുങ്കക്കുന്ന് ഫാത്തിമ മാതാ ഫൊറോന പള്ളി വികാരി റവ. ഫാദർ പോൾ കൂട്ടാല അനുഗ്രഹപ്രഭാഷണം നടത്തി. മുൻ എ.സി. പ്രസിഡന്റ് ബ്രദർ സ്റ്റാനിസ്ലാവോസ്, 50 വർഷം ദൈവാലയ ശുശ്രൂഷിയായി സേവനമനുഷ്ഠിച്ച തോമസ് പാഴൂപ്പറമ്പിൽ, കഴിഞ്ഞ 44 വർഷങ്ങളായി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗമായി പ്രവർത്തിക്കുന്ന ബ്രദർ തോമസ് മുഞ്ഞനാട്ട് എന്നിവരെ ചടങ്ങിൽ ആദരിച്ചു. ഫാത്തിമമാതാ ഫൊറോന പള്ളി സഹ വികാരി റവ. ഫാ. ജിജോ വല്ലാട്ട്കുന്നേൽ, മുൻ എ. സി. പ്രസിഡന്റ് ബ്രദർ സ്റ്റാനിസ്ലാവോസ് എന്നിവർ ആശംസകളർപ്പിച്ചു. സി.സി.

ബോർഡ് അംഗം ബ്രദർ ജോസുകുട്ടി ചാത്തമല നന്ദി അർപ്പിച്ചു. ഇടവകയിലെ 90 സഹായ അംഗങ്ങൾ, ദത്തുകുടുംബാംഗങ്ങൾ എന്നിവരും വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. സ്നേഹവിരുന്നോടെ ആഘോഷപരിപാടികൾ സമാപിച്ചു.

**ഓസാനംഭവൻ**

**പ്രിയപ്പെട്ടവരെ,**

നമ്മുടെ ഓസാനംഭവന്റെ പ്രവർത്തനങ്ങൾ ദൈവകരുണയാൽ ഭംഗിയായി മുന്നോട്ടുപോകുന്നു. ഓസാനം ഭവനെ സ്നേഹിക്കുന്നവരെയും, സഹായിക്കുന്നവരെയും നന്ദിയോടെ ഓർക്കുന്നു. നിങ്ങളുടെ കരുണയ്ക്ക് ദൈവം പ്രതിഫലം നല്കട്ടെ. ഓസാനം ഭവന്റെ 2023 –2024 വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. ഏപ്രിൽ 25 ന് നടവയൽ ഓസാനംഭവൻ ഹാളിൽ നടന്ന തെരഞ്ഞെടുപ്പ് യോഗത്തിൽ ചെയർമാൻ ബ്രദർ എ. വി. ജോർജ്ജ് അധ്യക്ഷത വഹിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോജൊ കുടക്കച്ചിറ അനുഗ്രഹപ്രഭാഷണം നടത്തി. വാർഷിക റിപ്പോർട്ട്, വാർഷിക കണക്ക് എന്നിവ യോഗം അംഗീകരിച്ചു. ഭാരവാഹികളായി റവ. ഫാ. ജോജോ കുടക്കച്ചിറ (സി. സി. ആത്മീയ ഉപദേഷ്ടാവ്), റവ. ഫാ. ജോസ് മേച്ചേരി (നടവയൽ ഫൊറോന വികാരി), ബ്രദർ ബാബു നമ്പുടാകം (ചെയർമാൻ), ബ്രദർ ജോണി പാറ്റാനി (വൈസ് ചെയർമാൻ), ബ്രദർ ബെന്നി മാങ്കോട്ട് (സെക്രട്ടറി), ബ്രദർ തങ്കച്ചൻ മേപ്പാടത്ത് (ട്രഷറർ), സി. റോസമ്മ അയ്യംകുഴയ്ക്കൽ (ജോ. സെക്രട്ടറി), ബ്രദർ രാജു വലിയാറ (മാനേജർ), ബ്രദർ ഷൈജൻ തടങ്ങഴി, ബ്രദർ അജി വിരിപ്പാമറ്റം, ബ്രദർ റോയ് ലൂയീസ് തുരുത്തിയിൽ, ബ്രദർ സണ്ണി ആലഞ്ചേരി, ബ്രദർ ബിജു പാലത്തിങ്കൽ എന്നിവരെ യോഗം തെരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് ആശംസകളർപ്പിച്ച് മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് സന്ദേശം നല്കി. ബ്രദർ ബാബു നമ്പുടാകം നന്ദി അർപ്പിച്ചു. കഴിഞ്ഞ ആറ് വർഷങ്ങളായി ഓസാനംഭവനെ നയിച്ച മുൻസി. സി. പ്രസിഡന്റ് ബ്രദർ എ. വി. ജോർജ്ജിനും സഹപ്രവർത്തകർക്കും ഓസാനംഭവൻ ഭരണസമിതിയുടെ ഹൃദയംഗമമായ നന്ദി അർപ്പിക്കുന്നു.

സ്നേഹപൂർവം,

**റവ. ഫാ. ജോജോ കുടക്കച്ചിറ**

(സി. സി.ആത്മീയ ഉപദേഷ്ടാവ്)

**ബ്രദർ ബാബു നമ്പുടാകം**

(സി. സി. പ്രസിഡന്റ്)

**മുള്ളൻകൊല്ലി നീരുറവ പദ്ധതി ഉദ്ഘാടനം ചെയ്തു**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കുന്ന നീരുറവ പദ്ധതി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തോടനുബന്ധിച്ച് നീരുറവ സന്ദർശനം, ജല സന്ദേശ യാത്ര, പൊതുയോഗം, പരിശീലന പരിപാടി എന്നിവ സംഘടിപ്പിച്ചു. തിരുനെല്ലിഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി. വി ബാലകൃഷ്ണൻ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വയനാട് ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ എ. എൻ സുശീല അദ്ധ്യക്ഷത വഹിച്ചു. നബാർഡ് കേരള റീജിയൺ ചീഫ് ജനറൽ മാനേജർ ഡോ. ജി ഗോപകുമാരൻ നായർ മുഖ്യ പ്രഭാഷണം നടത്തി. നബാർഡ് ജില്ലാ മാനേജർ ജിഷ വടക്കുംപറമ്പിൽ വരുന്ന മൂന്ന് വർഷക്കാലം നടപ്പിലാക്കുന്ന പദ്ധതിയെകുറിച്ച് പദ്ധതി വിശദീകരണം നടത്തി. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എ.കെ ജയഭാരതി, തിരുനെല്ലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് വത്സലകുമാരി, തിരുനെല്ലി ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ ചെയർപേഴ്സൺ റുഖിയ സൈനുദ്ധീൻ, തിരുനെല്ലി ഗ്രാമപഞ്ചായത്ത് പതിനാലാം വാർഡ് മെമ്പർ സിജിത് കെ. തിരുനെല്ലി ഗ്രാമപഞ്ചായത്ത് പതിനേഴാം വാർഡ് മെമ്പർ വി. ബേബി മാസ്റ്റർ, തിരുനെല്ലി ഗ്രാമപഞ്ചായത്ത് എട്ടാം വാർഡ് മെമ്പർ പ്രഭാകരൻ, തിരുനെല്ലി ഗ്രാമപഞ്ചായത്ത് സി.ഡി.എസ് പ്രസിഡണ്ട് സൗമതി പുത്തലത്ത്, തിരുനെല്ലി ഗ്രാമപഞ്ചായത്ത് പതിനാലാം വാർഡ് സി.ഡി.എസ് മെമ്പർ പ്രീത സി.എ, തിരുനെല്ലി ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയർ സെലീന, എടയൂർക്കുന്ന് ജി.എൽ.പി.എസ് ഹെഡ്മാസ്റ്റർ പ്രെംസൺ, പൊതുപ്രവർത്തകൻ ബിജു കുഞ്ഞുമോൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് നടന്ന പരിശീലനത്തിന് കാരിത്താസ് ഇന്ത്യ ന്യൂഡൽഹിയിലെ പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനായ ഡോക്ടർ ഹരിദാസ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

വരുന്ന മൂന്ന് വർഷക്കാലമായിരിക്കും നീരുറവകളെ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതി മുള്ളൻകൊല്ലി പ്രദേശത്ത് നടപ്പിലാക്കുക. മൂന്ന് വർഷം കൊണ്ട് 6242875 രൂപയുടെ പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 5150420 രൂപ നബാർഡിൽ നിന്നും ഗ്രാന്റായി ലഭിക്കുന്നതാണ്. നീരുറവകൾ വൃത്തിയാക്കുക, നീരുറവകൾക്ക് ചുറ്റും ബോക്സുകൾ സ്ഥാപിക്കുക, മൺകയ്യാല നിർമ്മാണം, നീർക്കുഴികളുടെ നിർമ്മാണം, കിണർ റീചാർജിങ്, കല്ല് കയ്യാല നിർമ്മാണം, ചെക്ക് ഡാം, കുളങ്ങളുടെ നിർമ്മാണം, കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാര പരിശോധന, മുള-ഈറ്റ എന്നിവയുടെ കൃഷി, കാർഷിക വനവൽക്കരണം, തോട്ടങ്ങൾ വെച്ച് പിടിപ്പിക്കൽ, ജൈവ പച്ചക്കറി തോട്ടങ്ങൾ, കോഴി വളർത്തൽ, ജൈവ വള നിർമ്മാണ യൂണിറ്റ്, ചെറുകിട ഭക്ഷ്യസംസ്ക്കരണ യൂണിറ്റ്, നടീൽ വസ്തുക്കളുടെ നേഴ്സറി, പഠനയാത്രകൾ, പരിശീലനങ്ങൾ തുടങ്ങിയ പദ്ധതികളാണ് വരുന്ന മൂന്ന് വർഷം കൊണ്ട് നീർത്തട പ്രദേശത്ത് നടപ്പിലാക്കുക. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് നീർത്തട കമ്മിറ്റിയും നാനോ നീർത്തട കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ആണ് പദ്ധതി നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുത്തിട്ടുള്ളത്.

**വാർഷിക പൊതുയോഗം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2021-22 വർഷത്തെ വാർഷിക പൊതുയോഗം നടത്തി. മാനന്തവാടി രൂപത അദ്ധ്യക്ഷനും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രസിഡുമായ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് മോൺസിഞ്ഞോർ പോൾ മുണ്ടോളിക്കൽ മുഖ്യപ്രഭാഷണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ വാർഷിക കണക്കുകളും പ്രോഗ്രാം ഓഫീസർ ജോസ് പി.എ ബഡ്ജറ്റ്, ഭാവി പ്രവർത്തനങ്ങൾ എന്നിവയും അവതരിപ്പിച്ചു. കൂടാതെ ബയോവിൻ പ്രവർത്തനങ്ങളെ കുറിച്ച് മാനേജിംഗ് ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, റേഡിയോ മാറ്റൊലിയെകുറിച്ച് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ കുറിച്ച് മാനേജിംഗ് ഡയറക്ടർ റവ. ഫാ. ബിനോയ് കാശാം

കുറ്റിയിൽ എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു. ഭരണസമിതി അംഗങ്ങളായ സെബാസ്റ്റ്യൻ പാലംപറമ്പിൽ, ബിജു ചുങ്കക്കുന്ന്, സിസിലി മാത്യു എന്നിവർ സംസാരിച്ചു.

**യാത്രയയപ്പ് നൽകി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ കഴിഞ്ഞ 06 വർഷക്കാലം സ്തുത്യർഹമായ രീതിയിൽ നയിച്ച ബഹുമാനപ്പെട്ട പോൾ കൂട്ടാലയച്ചന് യാത്രയയപ്പ് നൽകി. യാത്രയയപ്പ് യോഗം മാനന്തവാടി രൂപത വികാരി ജനറാൾ മോൺസിഞ്ഞോർ പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. പ്രതിസന്ധി ഘട്ടത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ നയിക്കുവാൻ ദൈവം തിരഞ്ഞെടുത്ത വ്യക്തി ആയിരുന്നു പോൾ കൂട്ടാല അച്ചനെന്നും സമാനതകളില്ലാത്ത പ്രവർത്തനങ്ങൾ ആണ് അച്ചൻ നടപ്പിലാക്കിയതെന്നും ജനറാളച്ചൻ ഓർമ്മിപ്പിച്ചു. പ്രളയകാലത്ത് 20 കോടി രൂപയുടെ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ ആണ് അച്ചന്റെ നേതൃത്വത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിയതെന്നും ഏകദേശം 200 കുടുംബങ്ങൾക്ക് പുതിയ ഭവനങ്ങൾ നിർമ്മിച്ചു നൽകുവാൻ സാധിച്ചു എന്നും ജനറാൾ അച്ചൻ വിശദമാക്കി. പുതിയ പ്രവർത്തന മേഖലയിൽ അച്ചന് എല്ലാ വിധ വിജയാശംസകളും നേരുന്നു. പുതിയതായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാരഥ്യം ഏറ്റെടുക്കുന്ന റവ. ഫാ. ജിനോജ് പാലത്തടത്തിലിന് എല്ലാവിധ വിജയങ്ങളും നേർന്നു. യാത്രയയപ്പ് യോഗത്തിൽ അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ബയോവിൻ ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, സ്റ്റാഫ് സെക്രട്ടറി സിസ്റ്റർ അനിലിറ്റ്, സി.യു ചാക്കോ ചെറുപ്ലാവിൽ, ഷാലി ബെന്നി, ജോവിന ജോൺ എന്നിവർ സംസാരിച്ചു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി** (FDGT)

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2years) കോഴ്സിലേക്ക് 2023-2025 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സി

ലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9482674486, 9048229177 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു

**അംഗത്വം പുതുക്കൽ**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത എല്ലാവർക്കും 2 വർഷം കൂടുമ്പോൾ നടത്തിവരുന്ന അംഗത്വം പുതുക്കാനുള്ള നടപടി ആരംഭിച്ചു. 01-04-2023 മുതൽ 30-06-2023 വരെയാണ് പുതുക്കൽ കാലയളവ്.

**മസ്റ്ററിംഗ്**

ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവിൽ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തേണ്ടതാണ്.

**രജിസ്ട്രേഷൻ**

തയ്യൽതൊഴിലാളി ക്ഷേമനിധിയിൽ ചേരാനുള്ള പുതിയ രജിസ്ട്രേഷൻ ജൂൺ 15 ന് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ നടത്തപ്പെടുന്നതാണ്. താത്പര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**കൃതജ്ഞതയോടെ**

കഴിഞ്ഞ 05 വർഷക്കാലമായി KLM ഡയറക്ടറായി സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ട് ചുങ്കക്കുന്ന് ഫാത്തിമ മാതാ ഫൊറോന ഇടവകയുടെ വികാരിയായി സ്ഥലം മാറിപോയ പ്രിയമുള്ള പോൾ കൂട്ടാലയച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നന്മകളും നേർന്നുകൊള്ളുന്നു. കഴിഞ്ഞ 5 വർഷം KLM എന്ന സംഘടനയെ സംസ്ഥാനതലത്തിലും രൂപതാതലത്തിലും മുൻപന്തിയിൽ എത്തിക്കാൻ അച്ചൻ ആത്മാർത്ഥമായി പരിശ്രമിക്കുകയുണ്ടായി. അച്ചന്റെ നിസ്തുലമായ സേവനങ്ങൾക്ക് KLM രൂപതാ കുടുംബത്തിന്റെ പേരിലുള്ള അകമഴിഞ്ഞ നന്ദി.

പുതിയ ഡയറക്ടറായി ചുമതലയേറ്റിരിക്കുന്ന ഫാ. ജിനോജ് പാലത്തടത്തിൽ അച്ചന് ഹൃദയപൂർവ്വം KLM സംഘടനയുടെ സ്വാഗതവും വിജയങ്ങളും ആശംസിക്കുന്നു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ പ്പെട്ട 04 കുടുംബങ്ങൾക്ക് കോവിഡ് റീഹാബിലിറ്റേഷൻ പ്രൊജക്ട് ഫെയ്സ് 2ൽ ഒരു ലക്ഷം രൂപയുടെ സഹായധനം ലഭിച്ചു. തയ്യൽ കേന്ദ്രത്തോട് ചേർന്ന് തുണിക്കച്ചവടം നടത്തുന്നതിന് കണിയാരം, പോരൂർ ഇടവകകളിൽ നിന്നുമായി 02 പേർക്കും സ്റ്റേഷനറി കടയും കൂൾഡ്രിംഗ്സും ചായക്കടയും നടത്തുന്നതിനായി പുതിയിടം ഇടവകയിൽ നിന്നും ഇരുളം ഇടവകാതിർത്തിയിൽ നിന്നുമായി 02 പേർക്കും ആണ് ധനസഹായം ലഭിച്ചത്. ഈ നാലു യൂണിറ്റു കളുടെയും ഉദ്ഘാടനം WSSS ഡയറക്ടർ ബഹു. ഫാ. പോൾ കൂട്ടാല നിർവ്വഹിച്ചു.

## DDU-GKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന DDU-GKY പദ്ധതിയിൽ ഫുഡ് പ്രൊസസിംഗ് ബാച്ചിലെ വിദ്യാർത്ഥികൾ വിജയകരമായി പഠനം പൂർത്തിയാക്കു കയും അവരുടെ പരീക്ഷ നടത്തുകയും ചെയ്തു. പഠനപരിശീല നത്തിന്റെ ഭാഗമായി എല്ലാ കുട്ടികളും വിവിധ കമ്പനികളിലായി അവരുടെ OJT ട്രെയിനിംഗ് നടത്തുകയാണ്.

വിജയകരമായി പഠനപരിശീലനം പൂർത്തിയാക്കി ജോലി ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് സപ്പോർട്ട് ആയി 3000 രൂപ നൽകുകയും അതോടൊപ്പം ജോലിയുടെ വെരിഫിക്കേഷന്റെ ഭാഗമായി ഏജൻസി തലത്തിലും സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും മേൽനോട്ടത്തിലും വിദ്യാർത്ഥികളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയും രേഖകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. കുട്ടികളുടെ സെന്റോഫ് പരിപാടി നടത്തുകയും അവർക്ക് കോഴ്സ് കംപ്ലീഷൻ സർട്ടി ഫിക്കറ്റ് വിതരണം നടത്തുകയും ചെയ്തു. അന്നേ ദിവസം നടന്ന സമ്മേളനത്തിൽ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിക്കുകയും റവ. ഫാ.പോൾ കൂട്ടാല ഉദ്ഘാടനകർമ്മം നിർവ്വ ഹിക്കുകയും ചെയ്തു. ശ്രീ. ജോസ് പി.എ, ശ്രീ. റോബിൻ ജോസഫ്, ട്രെയിനർമാരായ ജാൻസി ജിജോ, നൗഫീബ പി, ചിഞ്ചു മരിയ പീറ്റർ, അഞ്ജന തോമസ് എന്നിവർ സംസാരിക്കുകയും ചെയ്തു. തുടർന്ന് വിദ്യാർത്ഥികൾ വിവിധങ്ങളായ കലാപരിപാടികൾ അവ

തരിപ്പിക്കുകയും ചെയ്തു. ഈ ബാച്ചോട് കൂടി phase 9 ന്റെ കീഴിൽ എല്ലാ ബാച്ചുകളും വിജയകരമായി പൂർത്തിയാക്കുകയും പ്രൊജക്ടിന്റെ ട്രെയിനിംഗ് അവസാനിപ്പിക്കുകയും ചെയ്തു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗ്**

ദ്വാരക, കണിയാമ്പറ്റ, നടവയൽ, എടയൂർക്കുന്ന്, ചുണ്ടക്കര, തൃശ്ശിലേരി, പടമല, മുള്ളൻകൊല്ലി, കണിയാരം, കോളറാട്ടുകുന്ന്, കുറുമണി, ആലാറ്റിൽ, മുതിരേരി, മംഗലശേരി, പാറത്തോട്ടം എന്നിവിടങ്ങളിൽ SWS യൂണിറ്റ് മീറ്റിംഗുകൾ നടത്തി.

**സജീവം പ്രൊജക്ട്**

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരള സോഷ്യൽ സർവ്വീസ് ഫോറം രൂപതകളിൽ നടപ്പിലാക്കുന്ന Anti Drug Campaign-ന്റെ ഭാഗമായി പട്ടാണികൂപ്പ്, ഒണ്ടയങ്ങാടി, ഒഴുക്കന്മൂല, ആടികൊല്ലി, സീതാമൗണ്ട്, മരകാവ്, മക്കിയാട്, പ്രശാന്തിഗിരി, ഇല്ലത്തുമൂല എന്നിവിടങ്ങളിൽ ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ നടത്തി. തിരുവനന്തപുരം ലയോള കോളേജ്, കൊട്ടിയം ഡോൺ ബോസ്കോ കോളേജ്, എന്നിവിടങ്ങളിലെ MSW വിദ്യാർത്ഥികൾ ലഹരിയല്ല ജീവിതം, ജീവിതം ലഹരിയാവട്ടെ എന്ന വിഷയത്തിൽ ക്ലാസുകൾ നൽകി. റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, സുജ മാത്യു, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**ചിൽഡ്രൻസ് ക്യാമ്പ്**

സജീവം പദ്ധതിയുടെ ഭാഗമായി യവനാർകുളം SWS യൂണിറ്റിലെ കൗമാരപ്രായക്കാരായ കുട്ടികൾക്കായി നടത്തിയ ലഹരി വിരുദ്ധ ക്യാമ്പയിൻ WSSS അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ജോണി മിറ്റത്തിലാനി അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ കൗമാരക്കാരിലെ ലഹരി ഉപയോഗം, ആസക്തി എന്നീ വിഷയങ്ങളെ കുറിച്ച് റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി, ലയോള കോളേജ് വിദ്യാർത്ഥി ഡോണ ജോസ് എന്നിവർ ക്ലാസെടുത്തു. ക്യാമ്പിന്റെ ഭാഗമായി ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണം, വിവിധതരം ഗെയിമുകൾ എന്നിവ നടത്തി. പ്രസ്തുത പരിപാടികളിൽ 30 കുട്ടികൾ പങ്കെടുത്തു. ജോമി ഷാജു, ഉഷ ടീച്ചർ എന്നിവർ നേതൃത്വം നൽകി.

ഒണ്ടയങ്ങാടിയിൽ നടത്തിയ ചിൽഡ്രൻസ് ക്യാമ്പ് WSSS അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് റീന കൂട്ടുങ്കൽ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ റീജിയണൽ കോ-ഓർഡിനേറ്റർ ആലീസ് സിസിൽ, മുദ്രമൂല ഡിവിഷൻ കൗൺസിലർ സ്മിത സജി എന്നിവർ ആശംസകൾ അർപ്പിച്ചു. ലയോള കോളേജ് വിദ്യാർത്ഥികളായ ഡോണ ജോസ്, സിനു സി എന്നിവർ ബോധവത്ക്കരണ ക്ലാസിന് നേതൃത്വം നൽകി. യൂണിറ്റ് സെക്രട്ടറി രമണി ഷാജി നന്ദി പറഞ്ഞു.

**സോപ്പുല്പ്പന്ന നിർമ്മാണ പരിശീലനം**

എരുമത്തെരുവ്, പട്ടാണികൂപ്പ്, ചീരാൽ, മക്കിയാട് എന്നിവിടങ്ങളിലെ സ്വാശ്രയ അംഗങ്ങൾക്കായി നടത്തിയ പരിശീലനത്തിന് റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, സുജ മാത്യു, ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**SHG രൂപീകരണം**

തൃശിലേരി, ഒണ്ടയങ്ങാടി, തോണിച്ചാൽ എന്നിവിടങ്ങളിൽ 10 അംഗങ്ങൾ വീതമുള്ള SHG ഗ്രൂപ്പുകൾ രൂപീകരിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി രൂപീകരണം**

സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഇടവക തലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വഞ്ഞോട് ഇടവകയുടെ കീഴിൽ സോഷ്യൽ വെൽഫയർ സൊസൈറ്റി രൂപീകരിച്ചു. WSSS എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. ഇടവകവികാരി റവ. ഫാ. സുനിൽ തെക്കേപ്പെര അദ്ധ്യക്ഷത വഹിച്ചു. റീജിയണൽ കോഡിനേറ്റർ സുജ മാത്യു നേതൃത്വം നൽകി. യൂണിറ്റ് പ്രതിനിധികളായി ജിജി മാത്യു പ്രസിഡ് ആയും മിനി സിജിമോൻ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ഏഴംഗ എക്സിക്യൂട്ടീവിനെയും തെരഞ്ഞെടുത്തു.

**വാർഷികം ആഘോഷിച്ചു**

തവിഞ്ഞാൽ SWSന്റെ വാർഷികവും സജീവം പദ്ധതിയുടെ ഉദ്ഘാടനവും സംയുക്തമായി നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റോ മമ്പള്ളിൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ് WSSS എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. ലഹരിയുടെ അതിപ്രസരത്തെ കുറിച്ച് ലയോള

കോളേജ് വിദ്യാർത്ഥിനി ഡോണ ജോസ് ക്ലാസ് നയിച്ചു. റീജിയണൽ കോഡിനേറ്റർ ഷീന ആന്റണി ആശംസകൾ അർപ്പിച്ചു. യൂണിറ്റ് ഭാരവാഹികളായ ബെറ്റി സണ്ണി, മേരി ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ആട് വിതരണം**

ആറാട്ടുത്തറ SWS യൂണിറ്റിലൂടെ WSSS ൽ നിന്നും നൽകിയ ആടിനെ വിതരണം ചെയ്തു.

**മസാല നിർമ്മാണ പരിശീലനം**

കോളറാട്ടുകുന്ന് SWS അംഗങ്ങൾക്കായി വിവിധതരം മസാലപ്പൊടികളുടെ നിർമ്മാണ പരിശീലനം നൽകി. റീജിയണൽ കോഡിനേറ്റർ സുജ മാത്യു നേതൃത്വം നൽകി. 12 അംഗങ്ങൾ പങ്കെടുത്തു.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

ക്രിസ്തുവിന്റെ കരുണ്യം സഹജീവികളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി നീലഗിരി മേഖലയിൽ NDS ന്റെ ആഭിമുഖ്യത്തിൽ നിരവധിയായ ക്ഷേമ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**1. നീലഗിരി പാക്കേജ്:** മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി സമാപനം പ്രമാണിച്ച് നീലഗിരി മേഖലയിലെ സാമൂഹ്യ ക്ഷേമ ആരോഗ്യ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി, സുവർണ്ണ ജൂബിലി പാക്കേജ് പ്രഖ്യാപിച്ചു. പ്രൗഢഗംഭീരമായ വേദിയിൽവച്ചു നടന്ന പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം, കേരള നിയമസഭ പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി. സതീശൻ നിർവഹിച്ചു. അപ്പസ്തോലിക് ന്യൂൺഷിയോ ആർച്ച് ബിഷപ്പ് ലെയോ പോൾദോ ജിറെല്ലി, കേരള ജലസേചന വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, ബിഷപ്പ് മാർ ജോസ് പൊരുന്നേടം, മാർ ജേക്കബ് തൂങ്കുഴി, ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി എന്നിവർ സന്നിഹിതരായിരുന്നു. നീലഗിരി പാക്കേജിന്റെ ഒന്നാം ഘട്ടമായി NDS ന്റെ നേതൃത്വത്തിൽ നടക്കുന്ന ആരോഗ്യ മേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള മെഡിക്കൽ ആംബുലൻസ്, പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള തുക അനുവദിച്ചു. ഈ മേഖലയിലെ നാനാജാതി മതസ്ഥരായ ആളുകളുടെ വികസനത്തിനുള്ള പാക്കേജ്, വളരെ പ്രതീക്ഷയോടു കൂടിയാണ് നീലഗിരിയിലെ ജനങ്ങൾ കാണുന്നത്

## 2. MEDP PAPER AND CLOTH BAG MAKING

നബാർഡ് MEDP പ്രോഗ്രാമിന്റെ ഭാഗമായി ആറാട്ടുപാറ - ഭാരതി നഗർ യൂണിറ്റിൽ നടന്നുകൊണ്ടിരിക്കുന്ന പേപ്പർ ആൻഡ് തുണി സഞ്ചി നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, വിപുലമായ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പുതിയ സംരംഭകത്വ ലോൺ അനുവദിക്കുകയും ചെയ്തു. NDS ട്രെയിനർ ശ്രീ. ജൂഡ് മാർട്ടിൻ അംഗങ്ങൾക്ക് ക്ലാസുകൾ നൽകി.

**3. LEDP ആടുവളർത്തൽ പദ്ധതി**

നബാർഡ് ഗ്രാമ വികസന ബാങ്കും NDS യും സംയുക്തമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതിയുടെ ഭാഗമായി കുന്നലാടി പ്രദേശത്തുള്ള 12 ഓളം ആളുകൾക്ക് ഒരോ ലക്ഷം രൂപ വീതം സബ് സിഡി ലോൺ ലഭ്യമായി. 35% സബ്സിഡിയോടെ നൂറിലധികം ആളുകൾക്ക് ഒരു കോടി രൂപയിൽ അധികം NDS മുഖാന്തരം ഇതുവരെ നൽകുവാൻ സാധിച്ചു. ലോൺ ലഭിച്ച മുഴുവൻ ആളുകളും ജീവനോപാധി സംരംഭകത്വ പരിപാടിയുടെ ഭാഗമായി ആടുകൾ വളർത്തുകയും കൃത്യമായി തിരിച്ചടവ് നടത്തുകയും ചെയ്യുന്നു. ലോൺ പ്രൊജക്റ്റിന്റ ഭാഗമായി, ആടുകൾക്കുള്ള ഇൻഷുറൻസ് കയ്യൂന്നി, മണ്ണുവയൽ എന്നീ യൂണിറ്റുകളിൽ അതാത് പ്രദേശങ്ങ ളിലെ ഗവൺമെന്റ് വെറ്റിനറി ഡോക്ടർമാരുടെ സഹായത്തോടെ, പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് നടപ്പിലാക്കി. NDS Trainer ജൂഡ് മാർട്ടിൻ, കമ്മ്യൂണിറ്റി ഓർഗനൈസർമാരായ ശ്രീ. മനോജ്, ഷാജി, വർഗീസ്, ലിസി, ഡോ. ശരണ്യ, ഡോ. നന്ദിനി എന്നിവരും നേതൃത്വം നൽകി.

## 4. SAFP Nilgiris

നീലഗിരി പ്രദേശത്തെ നിർധനരായ സ്ത്രീകൾക്കും, കുട്ടി കൾക്കും വേണ്ടി നടപ്പിലാക്കാൻ പോകുന്ന സേവ് എ ഫാമിലി പ്രോജ ക്ടിന്റെ ഭാഗമായുള്ള ഭവനസന്ദർശനങ്ങൾ നടന്നു. കുടുംബ വിവര ങ്ങൾ, കുട്ടികളുടെ വിവരങ്ങൾ, സംരംഭകത്വ പരിപാടികൾക്കുള്ള സാധ്യതകൾ എന്നിവയെകുറിച്ച് പഠിക്കുകയും പദ്ധതി ബോധവത്ക്ക രണ പരിപാടികൾ നടത്തുകയും ചെയ്തു.

**5. NDS യൂണിറ്റ് വാർഷികങ്ങൾ**

NDS-ന്റെ വിവിധ യൂണിറ്റുകളിൽ വാർഷിക പരിപാടികൾ സംഘടിപ്പിച്ചു. വാർഷിക പരിപാടികൾ അതാത് യൂണിറ്റ് ഡയറക്ടർ മാരുടെ നേതൃത്വത്തിൽ വിപുലമായി നടത്തപ്പെട്ടു. യൂണിറ്റുകളുടെ റിപ്പോർട്ടുകൾ വായിക്കുകയും കണക്കുകൾ പാസാക്കുകയും, വിവിധ മേഖലകളിലെ പ്രവർത്തന മികവിനുള്ള സമ്മാനങ്ങൾ സ്വാശ്രയ സംഘങ്ങൾക്ക് നല്കുകയും ചെയ്തു. ലഹരി വിരുദ്ധ വർഷാചരണ ത്തിന്റെ ഭാഗമായി എല്ലാ യൂണിറ്റുകളിലും ബോധവത്ക്കരണ ക്ലാസു കൾ സംഘടിപ്പിച്ചു. വാർഷിക പരിപാടികൾ സംഘടിപ്പിച്ച NDS

ഡയറക്ടർമാർക്കും ആനിമേറ്റർ സിസ്റ്റർമാർക്കും മറ്റ് ഭാരവാഹി കൾക്കും പ്രത്യേകമായ അഭിനന്ദനവും നന്ദിയും അറിയിക്കുന്നു.

**6. ദേശീയ ജൽ ജീവൻ മിഷൻ**

ദേശീയ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി എടവണ്ണ, ഊർങ്ങാട്ടിരി പഞ്ചായത്തുകളിൽ കഴിഞ്ഞ ഒരു മാസം നാല് ആക്ടി വിറ്റികൾ നടന്നു. അംഗൻവാടി പെയിന്റിംഗ്, സ്കൂൾ പെയിന്റിംഗ്, അംഗൻവാടി ബോധവത്ക്കരണവും ബാഗ് വിതരണവും, വില്ലേജ് ആക്ഷൻ പ്ലാൻ (VAP) വിവരശേഖരണം, ഹോഡിങ്ങ്സ് ഫിറ്റിംഗ് എന്നീ പദ്ധതികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

**(a) എടവണ്ണ പഞ്ചായത്ത്**

എടവണ്ണ പഞ്ചായത്തിലെ 10 അംഗൻവാടികളായ പള്ളിമുക്ക്, തൂവക്കാട്, ബേക്കിലക്കി, കിഴക്കേ ചാത്തല്ലൂർ, പുള്ളിയിൽപാറ, ചളി പ്പാടം, മണ്ണുകാട്, ആര്യൻതൊടിക, കുന്നുമ്മൽ, പാണിയാട് എന്നിവയും സ്കൂളുകളായ എരഞ്ഞികോട് GMLPS, ചളിപ്പാട് GLMPS, ചെമ്പകുത്ത് GMLPS, എടവണ്ണ GMLPS, മുണ്ടേങ്കര GMLPS, EOLPS എടവണ്ണ, പത്തപിരിയം GMLPS, GUPS പത്തപി രിയം, പള്ളിമുക്ക് GMLPS, പാലപറ്റ GMLPS എന്നിവിടങ്ങളിലും പെയിന്റിംഗ് പൂർത്തിയായി. പെയിന്റിംഗ് നടത്തുന്നതിനായി പഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും അനുമതി മേടിച്ചിരുന്നു. പെയിന്റിംഗ് കഴിഞ്ഞ് സൈറ്റ് NDS ഡയറക്ടർ ബിനോയി കെ. സെബാസ്റ്റ്യൻ, WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർ ശ്രീമതി സിഷ എന്നിവർ സന്ദർശിച്ചു. ആറ് അംഗൻവാടികളിൽ ബാഗ് വിതരണം നടത്തി. കുണ്ടുത്തോത്, ചെറുമണ്ണ്, മുണ്ടേങ്കര, കൊളപ്പാടു, കുന്നുമ്മൽ, പാലപ്പറ്റ എന്നിവിടങ്ങളിൽ അതാതു വാർഡു മെമ്പർമാരായ ശ്രീ. ബാബുരാജ്, ശ്രീ. മുനീർ, ശ്രീമതി ഷബീബ, ശ്രീ. ജസീൽ മലങ്ങാടൻ, ശ്രീ. സുൽഫിക്കാർ എന്നിവർ കുട്ടികൾക്കുള്ള ബാഗ് വിതരണ പരിപാടി ഉദ്ഘാടനം ചെയ്തു. വില്ലേജ് ആക്ഷൻ പ്ലാൻ സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റിനെ കണ്ട് പഞ്ചായത്തിന്റെ കരട് രേഖയും, വികസന രേഖയും ജലജീവൻ ടീം ലീഡർ ദീപു സാറിന് കൈമാറി. കുന്നുമ്മൽ, മുങ്കേര, കൊളപ്പാടു, കൊളപ്പാടു ബസ് സ്റ്റാൻഡ്, ഒതായി, പുള്ളിയിൽപ്പാറ, കിഴക്കേ ചാത്തല്ലൂർ,

പടിഞ്ഞാറേ ചാത്തല്ലൂർ, ചെറുമണ്ണ്, ഒതായി ജംഗ്ഷൻ എന്നിവിടങ്ങളിൽ ജൽ ജീവൻ ബോധവത്ക്കരണ ഹോർഡിങ്ങുകൾ സ്ഥാപിച്ചു.

**(b) ഊർങ്ങാട്ടിരി പഞ്ചായത്ത്**

VAP Activtiy യുമായി ബന്ധപ്പെട്ട് കാളപ്പാറ അംഗനവാടി, CDS കുടുംബശ്രീ ഓഫീസ്, അംഗനവാടി സൂപ്പർവൈസർ OFC, മലപ്പുറ KWA (Exi. Eng), എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി മെമ്പർ മുഹമ്മദ് കുട്ടി, ഊർങ്ങാട്ടിരി പഞ്ചായത്ത് സെക്രട്ടറി എന്നിവരെ കണ്ട് കരടുരേഖ, വികസന പത്രിക വേർഡ് ഫോർമാറ്റ് കളക്ട് ചെയ്ത് ജൽ ജീവൻ ടീം ലീഡർക്ക് അയച്ചുകൊടുത്തു. അംഗനവാടി ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി എടക്കാട്ടുപറമ്പ് അംഗനവാടയിൽ വാർഡ് മെമ്പർ ബഷീറയുടെ നേതൃത്വത്തിൽ ബാഗ് വിതരണം ചെയ്തു. പനമ്പിലാവ് അംഗനവാടി വൈസ് പ്രസിഡന്റ് ഷിജോ ആന്റണി കുട്ടികൾക്ക് ബാഗ് വിതരണം നടത്തി പരിപാടി ഉദ്ഘാടനം ചെയ്തു.

അംഗനവാടി, സ്കൂൾ Wall Painting-മായി ബന്ധപ്പെട്ട് സ്കൂൾ പ്രിൻസിപ്പൽ, അംഗനവാടി ടീച്ചേഴ്സ്, സൂർപ്പ വൈസർ എന്നിവരെ കാണുകയും ഏരിയ തീരുമാനിക്കുകയും ചെയ്തു. വേഴാകോട്, ഉറങ്ങാട്ടിരി, എടവണ്ണ ബോർഡർ (റോഡ്), പാവണ, കുണ്ടുവഴി. മൈത്ര, തെച്ചെണ്ണ, മൂർക്കനാട്, തിരട്ടമ്മൽ എന്നീ വർഡുകളിൽ ബാക്കി 10 ഹോർഡിങ്ങ്സ് വർക്ക് നടത്തി.

Wall Painting വർക്ക് സ്കൂളുകളിലും, അംഗനവാടികളിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18218 കർഷകരാണ് 1099 ഗ്രൂപ്പുകളിലായി (48 ICS- Internal controls ystem) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പുതിയ അംഗങ്ങൾ:**

ഡോക്യൂമെന്റഷന് വിഭാഗത്തിലേക്ക് ശ്രീ.വിനായക് ജയൻ, കഫെ കോ ഓർഡിനേറ്റർ ആയി ശ്രീ. ബിബിൻ മാത്യു, പർച്ചേസ് വിഭാഗത്തിലേക്ക് ശ്രീ. ക്രിസ്റ്റി ബെന്നി മുട്ടിൽ, കണിയാമ്പറ്റ പഞ്ചായത്തുകളിലെ ഫീൽഡ് കോ ഓർഡിനേറ്റർ (FCH) ആയി ശ്രീ. ജിതിൻ, വെള്ളമുണ്ട, തൊണ്ടർനാട് പഞ്ചായത്തുകളിലെ ഫീൽഡ് കോ ഓർഡിനേറ്റർ (FCH) ആയി ശ്രീ. അമൽഷ ഷാജി എന്നിവർ ബയോവിന്നിലേക്ക് പുതിയ അംഗങ്ങളായി ജോയിൻ ചെയ്തു.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായോ (FCH) ചുവടെയുള്ള ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

ICS കോഓർഡിനേറ്റർ: 9778636084

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

ബയോ അമ്പലവയൽ, ബയോ ബത്തേരി, ബയോ ഇടവക, ബയോ കൽപ്പറ്റ, ബയോ കോട്ടത്തറ, ബയോ മുള്ളൻകൊല്ലി, ബയോ മാനന്ത വാടി, ബയോ കണിയാമ്പറ്റ, ബയോ മൂപ്പൈനാട്, ബയോ മേപ്പാടി എന്നീ ICS കളിലുൾപ്പെടുന്ന അയ്യായിരത്തോളം വരുന്ന കർഷക രുടെ ജൈവ സാക്ഷ്യ പത്രം പുതുക്കുന്നതിനായുള്ള പരിശോധന സിക്കിം സ്റ്റേറ്റ് ഓർഗാനിക് സർട്ടിഫിക്കേഷൻ ഏജൻസി (സോക്ക) യിൽ നിന്നുള്ള ഓഡിറ്റർ ശ്രീ. ഗംഗാറാം ഛേത്രി ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിച്ചു.

**റയിൻഫോറെസ്റ് അലയൻസ് ഓഡിറ്റ് പൂർത്തീകരിച്ചു**

സുസ്ഥിര മാനദണ്ഡങ്ങളിലൊന്നായ റയിൻഫോറെസ്റ് അലയൻ സിന്റെ വാർഷിക പരിശോധന ഇൻഡോസ്റ്റ് ഓഡിറ്റർമാരായ ശ്രീ. ആകാശ് കെ വി., ശ്രീ. മാത്യൂസ് തങ്കച്ചൻ എന്നിവർ പൂർത്തീകരിച്ചു. 55 കൃഷിയിടങ്ങൾ ഓഡിറ്റർമാർ സന്ദർശിക്കുകയും കർഷകരും തൊഴിലാളികളുമായി സംസാരിക്കുകയും, കൃഷിയിടങ്ങളിൽ പരി ശോധന നടത്തുകയും ചെയ്തു. പുതിയ മാനദണ്ഡങ്ങൾക്കനുസൃത മായി ആവശ്യമായ മാറ്റങ്ങളെക്കുറിച്ചും വിശദീകരിക്കുകയും ബയോവി ന്നിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു.**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷ കർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നട ത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും

നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**സംഭരണം**

ഏപ്രിൽ മാസം പദ്ധതിയിൽ അംഗങ്ങളായ കർഷകരിൽ നിന്നും 264991.5 കിലോ കാപ്പി കിലോയ്ക്ക് 140 രൂപ നിരക്കിലും കുരുമുളക് 2524 കിലോ 545 രൂപ നിരക്കിലും, പച്ച മഞ്ഞൾ 280 കിലോ 23 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ദുരന്ത നിവാരണ പദ്ധതി -സി ഡി പ്രകാശനം**

വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നടപ്പിലാക്കുന്ന രണ്ടാംഘട്ട ദുരന്ത നിവാരണ പദ്ധതിയുടെ ഭാഗമായി റേഡിയോ മാറ്റൊലിയുമായി സഹകരിച്ച് തയ്യാറാക്കിയ ബോധവത്ക്കരണ ശബ്ദ സന്ദേശ-സി ഡി ജില്ലാ കളക്ടർ ഡോ. രേണുരാജ് മെയ് 2 ന് പ്രകാശനം ചെയ്തു. സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതിനും റേഡിയോ മാറ്റൊലിയിലൂടെ പ്രക്ഷേപണം ചെയ്യുന്നതിനുമായി തയ്യാറാക്കിയ ശബ്ദസന്ദേശങ്ങളാണ് പ്രകാശനം ചെയ്തത്. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മുങ്ങിമരണം, തീപിടുത്തം, കാട്ടുതീ, താപവാതം, ഇടിമിന്നൽ, പാമ്പുകടി, എമർജൻസി കിറ്റ്, മനുഷ്യ-മൃഗ സംഘർഷം എന്നീ വിഷയങ്ങളിലാണ് ബോധവത്കരണ സന്ദേശങ്ങൾ തയ്യാറാക്കിയത്. മലയാളത്തിലും പണിയ, കാട്ടുനായ്ക്ക എന്നീ ഗോത്ര ഭാഷകളിലുമാണ് ശബ്ദ സന്ദേശങ്ങൾ തയ്യാറാക്കിയത്. റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർമാരായ പ്രജിഷ രാജേഷ്, കെസിയ ഏലി ജേക്കബ് എന്നിവർ മലയാളത്തിലും ട്രൈബൽ പ്രോഗ്രാം പ്രൊഡ്യൂസർ കെ. പി പൂർണിമ പണിയ ഭാഷയിലും ഇ.ആർ രാകേഷ് കാട്ടുനായ്ക്ക ഭാഷയിലുമാണ് ശബ്ദസന്ദേശങ്ങൾ തയ്യാറാക്കിയത്. കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ എ.ഡി.എം. എൻ.ഐ ഷാജു, ഡെപ്യൂട്ടി കളക്ടർ കെ. അജീഷ്, റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ്, ഡി.ഇ.ഒ.സി ഇൻചാർജ് ഷാജി പി. മാത്യു, ഹസാർഡ് അനലിസ്റ്റ് അരുൺ പീറ്റർ, ഡി.എം കൺസൾട്ടന്റ് ഡോ. അഖിൽ ദേവ് കരുണാകരൻ, ട്രൈബൽ പ്രോഗ്രാം പ്രൊഡ്യൂസർ കെ. പി പൂർണിമ, പ്രോഗ്രാം വോളണ്ടിയർ രാഗിൻ റോസ് തുടങ്ങിയവർ പങ്കെടുത്തു.

**സുരക്ഷ 2023**

ജില്ലയിലെ അർഹരായ മുഴുവൻ ജനങ്ങളേയും സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്താനുള്ള യജ്ഞമായ സുരക്ഷ 2023 -ന്റെ ഭാഗമായി മാനന്തവാടിയിൽ സംഘടിപ്പിച്ച സെമിനാറിൽ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്ത് ആശംസകളർപ്പിച്ചു.

**യാത്രയയപ്പും, സ്വീകരണവും**

വയനാട് സോഷ്യൽ സർവിസ് സൊസൈറ്റി ഡയറക്ടർ സ്ഥാനത്തുനിന്ന് മാറുന്ന ബഹുമാനപ്പെട്ട ഫാ. പോൾ കൂട്ടാല അച്ചന് യാത്രയയപ്പും പുതിയതായി ഡയറക്ടർ സ്ഥാനം ഏറ്റെടുക്കുന്ന ബഹുമാനപ്പെട്ട ഫാ. ജിനോജ് പാലത്തടത്തിലിന് സ്വീകരണവും നൽകി.

അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജ് വിദ്യാർത്ഥികളായ ഉത്തര എസ്. ദാസ്, സാനിയ ബെന്നി, കൽപ്പറ്റ എൻ.എം.എസ്.എം കോളേജിലെ എം.എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥിനി അരുണിമ പി മേരിമാതാ ആർട്സ് ആന്റ് സയൻസ് കോളേജ് വിദ്യാർത്ഥികളായ വർഷ ആന്റണി, ഹൃദ്യ എം റോബർട്ട്, മിസ്ന ഫാത്തിമ, അലീന ഷാജി, മഞ്ജുഷ സി.എം എന്നിവർ ഇന്റേൺഷിപ്പിന് ചേർന്നു.

**തത്സമയ ഫോൺ ഇൻ പരിപാടി**

**കുട്ടികളും പ്രതിരോധ കുത്തിവെയ്പ്പുകളും**

ഏപ്രിൽ 29 ന് കുട്ടികളും പ്രതിരോധ കുത്തിവെയ്പ്പുകളും എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിലെ ശിശു രോഗ വിദഗ്ദൻ ഡോ. ജോസ്വിൻ ജോസ് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**സ്തനാർബുദ സാധ്യതകൾ അറിയാം പ്രതിരോധിക്കാം**

സ്തനാർബുദ സാധ്യതകൾ അറിയാം പ്രതിരോധിക്കാം എന്ന വിഷയത്തിൽ മെയ് 16ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ഉച്ചക്ക് 2 മണിമുതൽ 3 മണി വരെ നടത്തിയ പരിപാടിയിൽ ദ്വാരക ഗവ.ആയുർവേദ ഹോസ്പിറ്റലിലെ ഗൈനക്കോളജിസ്റ്റ് ഡോ. ശ്രുതി ഇ.ജെ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**നാരോകാസ്റ്റ്**

പായോട് കാവണക്കുന്ന് കോളനിയിൽ മെയ് 05 ന് നാരോകാസ്റ്റ് നടത്തി.ഫാ.ബിജോ കറുകപ്പള്ളി, സുനിഷ വി.എഫ് എന്നിവർ മഴക്കാലമുന്നൊരുക്കം എന്ന വിഷയത്തിൽ ക്ലാസ്സ് എടുക്കുകയും ചെയ്തു.

പുലിക്കാട് അയനിമൂല കോളനിയിൽ മെയ് 8 ന് നാരോകാസ്റ്റ് നടത്തി. വാർഡ്മെമ്പർ ഷിൽസൺ കോക്കണ്ടത്തിൽ, റെനീഷ്

ജോർജ്ജ്, പ്രോഗ്രാം പ്രൊഡ്യൂസേഴ്സ്, വോളണ്ടിയേഴ്സ് എന്നിവർ നേതൃത്വം നൽകി.

**സന്ദർശനം**

കേരളസംസ്ഥാന പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ മെയ് 1 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു.

വയനാട് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ഡോ. സഫീന, പന്നിയൂർ കുരുമുളക് ഗവേഷണകേന്ദ്രം മേധാവി ഡോ. യാമിനി വർമ, സംസ്ഥാന ജൈവ സംരക്ഷണ അവാർഡ് ജേതാവ് കമ്മന ബാലകൃഷ്ണൻ, നെല്ല് ഗവേഷണത്തിൽ രാഷ്ട്രപതി ഭവനിൽ നിന്ന് അവാർഡ് ലഭിച്ച അജി തോമസ് കുന്നേൽ എന്നിവർ മെയ് 6 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു. ഡോ. യാമിനി, ബാലകൃഷ്ണൻ, അജി തോമസ് എന്നിവർക്ക് അവാർഡും വിതരണം ചെയ്തു.

ഏപ്രിൽ 27 ന് സാമൂഹ്യപ്രവർത്തകരായ കെ. മനോഹരനും സുഹൃത്തുക്കളും മാറ്റൊലി സന്ദർശിക്കുകയും ഫാ.ബിജോ, ഡോ. വിനോദ് കെ. ജോസ് എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ




**കത്തോലിക്ക കോൺഗ്രസ് 105-ാം ജന്മ വാർഷികവും സമുദായ നേതൃ സംഗമവും മാനന്തവാടിയിൽ**

കത്തോലിക്കാ കോൺഗ്രസിന്റെ നൂറ്റിയഞ്ചാം ജന്മ വാർഷികവും കത്തോലിക്ക സമുദായ നേതൃസംഗമവും 2023 ഏപ്രിൽ 22-23 തീയതികളിൽ മാനന്തവാടി രൂപതയുടെ അതിഥേയത്വത്തിൽ ദ്വാരക പാസ്റ്ററൽ സെൻററിൽ നടന്നു. 2022 ഏപ്രിൽ 30ന് തൃശൂരിൽ നടന്ന 104-ാം ജന്മവാർഷിക സമ്മേളനത്തിൽ 105 വാർഷികം മാനന്തവാടി രൂപതയിൽ നടത്തുവാൻ തീരുമാനിച്ചിരുന്നതിന്റെ വെളിച്ചത്തിൽ, മാനന്തവാടി രൂപത അതിഥേയത്വം വഹിക്കാൻ തീരുമാനിച്ചു. അന്നേദിവസം രൂപതാ പ്രസിഡൻറ് ഡോ. കെ. പി സാജു കൊല്ലപ്പള്ളി പതാക ഏറ്റുവാങ്ങി.

**സ്വാഗതസംഘം**

സ്വാഗത സംഘയോഗം 105 ജന്മവാർഷികം ഗംഭീരമാക്കാൻ തീരുമാനിച്ചു. സ്വാഗതസംഘം ചെയർമാനായി രൂപത പ്രസിഡൻറ് ശ്രീ. സാജു കൊല്ലപ്പള്ളി, ജനറൽ കൺവീനറായി ശ്രീ. ജോൺസൺ തൊഴുത്തുങ്കലിനെയും തിരഞ്ഞെടുത്തു.

**സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം**

105-ാംജന്മവാർഷികത്തിന്റെ ഓഫീസ് ഉദ്ഘാടനം കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി ശ്രീ രാജീവ് കൊച്ചുപറമ്പിൽ നിർവഹിച്ചു 'ഗ്ലോബൽ' രൂപതാ സമിതി അംഗങ്ങൾ സന്നിഹിതരായിരുന്നു.

**രൂപത വൈദിക സമ്മേളനം**

105-ാം ജന്മവാർഷികത്തെപ്പറ്റി രൂപത വൈദിക സമ്മേളനം ചർച്ച ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി ശ്രീ സെബാസ്റ്റ്യൻ പുരയ്ക്കൽ വിഷയാവതരണം നടത്തി.

**അഭിവന്ദ്യ പിതാവുമൊന്നിച്ച്**

രൂപതയുടെ ഇടയൻ മാർ ജോസ് പെരുന്നേടം പിതാവുമായി നൂറ്റിയഞ്ചാം ജന്മവാർഷിക സമ്മേളനത്തെപ്പറ്റി ചർച്ച നടത്തി. അഭിവന്ദ്യ പിതാവ് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി.

ഇടവകകളിൽ അടിസ്ഥാന യൂണിറ്റുകൾ സ്ഥാപിക്കുവാനും സാമുദായിക നേതൃത്വം കത്തോലിക്കാ കോൺഗ്രസ് ഏറ്റെടുക്കുവാനും പിതാവ് ഓർമ്മിപ്പിച്ചു.

**ഇടവക സന്ദർശനം**

മാനന്തവാടി രൂപതയിലെ മുഴുവൻ ഇടവകകളിലും സ്വാഗത സംഘം ഭാരവാഹികളും രൂപത നേതൃത്വവും മേഖല നേതാക്കന്മാരും ചേർന്ന് സന്ദർശനം നടത്തി. ജന്മവാർഷിക സമ്മേളനത്തിന്റെ ക്ഷണക്കത്ത് നൽകുകയും, സമ്മേളനത്തെപ്പറ്റി സംസാരിക്കുകയും ചെയ്തു. സപ്ലിമെൻറ്, ബാനർ, പോസ്റ്റർ, എന്നിവ ഇടവകകളിൽ എത്തിച്ചു കൊടുത്തു.

**മൈക്ക് അനൗൺസ്മെന്റ്**

വയനാട് ജില്ലയിൽ ഉടനീളം ജന്മവാർഷികാഘോഷം വിളിച്ചറിയിച്ചുകൊണ്ട് ഏപ്രിൽ 21, 22 തീയതികളിൽ മൈക്ക് അനൗൺസ്മെന്റ് നടത്തി.

**ദീപശിഖാ പ്രയാണം**

ഏപ്രിൽ 20ന് കുറവിലങ്ങാട് കത്തോലിക്കാ കോൺഗ്രസിന്റെ പ്രഥമ അല്മായ പ്രസിഡന്റിന്റെ കബറിടത്തിൽ നിന്ന് ദീപശിഖ കത്തിച്ചു. കത്തോലിക്കാ കോൺഗ്രസ് നേതാവ് ശ്രീ ജോൺ കച്ചിറമറ്റം ഗ്ലോബൽ പ്രസിഡൻറ് അഡ്വക്കേറ്റ് ബിജു പറയനിലത്തിന് കൈമാറുകയും ചെയ്തു. വിവിധ രൂപതകളിലൂടെ പ്രയാണം ചെയ്ത ദീപശിഖ ഏപ്രിൽ 22ന് ലക്കിടിയിൽ വച്ച് മാനന്തവാടി രൂപതാ ഭാരവാഹികളും സംഘാടകസമിതി അംഗങ്ങളും വിവിധ മേഖലാ സമിതികളുടെയും ഇടവക പ്രതിനിധികളും ചേർന്ന് ഏറ്റുവാങ്ങി. നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ വൈത്തിരി, ചുണ്ട, കൽപ്പറ്റ, മീനങ്ങാടി, കെണിച്ചിറ, നടവയൽ, പനമരം, മാനന്തവാടി എന്നിവിടങ്ങളിലൂടെ പ്രയാണം ചെയ്തു സമ്മേളന നഗരിയായ ദ്വാരകയിലെ തെരിത് കുഞ്ഞിതൊമ്മൻ നഗറിൽ സ്ഥാപിച്ചു.

**ഗ്ലോബൽ എക്സിക്യൂട്ടീവ്**

22-ന് വൈകിട്ട് ഗ്ലോബൽ എക്സിക്യൂട്ടീവ് അംഗങ്ങൾ യോഗം ചേർന്ന് അജണ്ടകൾ ചർച്ച ചെയ്തു.

**പതാക ഉയർത്തൽ**

23-ന് രാവിലെ 9 30ന് കത്തോലിക്ക കോൺഗ്രസിന്റെ പതാക സംസ്ഥാന പ്രസിഡൻറ് അഡ്വക്കേറ്റ് ബിജു പറയനിലം ഉയർത്തി. തുടർന്ന് മുൻകാല നേതാക്കളുടെ സ്മൃതി മണ്ഡപത്തിൽ പുഷ്പാർ

ച്ചന നടത്തി. തുടർന്ന് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഓഡിറ്റോറിയത്തിൽ ഗ്ലോബൽ പ്രവർത്തകസമിതി യോഗം ചേർന്നു. സമ്മേളനം രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ നേതാക്കൾ നേതൃത്വം നൽകി. വരും വർഷത്തെ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു.

**കർഷകപ്രതിഷേധ ജ്വാല**

23-ന് രണ്ടുമണിക്ക് കർഷകപ്രതിഷേധ ജ്വാല മാനന്തവാടി രൂപതാ മെത്രാൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ജ്വലിപ്പിച്ച് ഗ്ലോബൽ പ്രസിഡൻറ് അഡ്വക്കേറ്റ് ബിജു പറയനിലത്തിന് കൈമാറി. ദ്വാരകയിലെ വിശുദ്ധ അൽഫോൻസാമ്മ ദേവാലയാങ്കണത്തിൽ നിന്ന് കർഷക പ്രതിഷേധ ജ്വാല ജാഥ സമ്മേളന നഗരിയിലേക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ നേതൃത്വത്തിൽ റാലിയായി നീങ്ങി.

**സമുദായം നേതൃസമ്മേളനം**

സമുദായ നേതൃസമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിലെ തെരിത് കുഞ്ഞിത്തൊമ്മൻ നഗറിൽ 2-30ന് ആരംഭിച്ചു. ഈശ്വര പ്രാർത്ഥനയോടെ യോഗം നടപടികൾ ആരംഭിച്ചു. സംസ്ഥാന പ്രസിഡൻറ് ശ്രീ അഡ്വക്കേറ്റ് ബിജു പറയനിലം അധ്യക്ഷത വഹിച്ചു. സമ്മേളനത്തിൽ പങ്കെടുത്തവർക്ക് സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ രാജീവ് കൊച്ചുപറമ്പിൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ആമുഖപ്രഭാഷണം നടത്തി.

സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ മികവ് പുലർത്തിയവരെ അവാർഡുകൾ നൽകി ആദരിച്ചു. മാനന്തവാടി രൂപതയിലെ അല്മായരിൽ സംസ്ഥാന തലത്തിൽ മികച്ച അംഗീകാരങ്ങൾ നേടിയ സമുദായങ്ങളെ ആദരിച്ചു. ആജീവനാന്ത മെമ്പർഷിപ്പ് വിതരണം ചെയ്തു. വിവിധ പ്രമേയങ്ങൾ അവതരിപ്പിച്ചു.

സംഘടനാ മികവുകൊണ്ടും പ്രാതിനിധ്യം കൊണ്ടും വളരെയേറെ ശ്രദ്ധേയമായിരുന്നു 105-ാം ജന്മ വാർഷിക സമ്മേളനം . സമുദായ അംഗങ്ങളുടെ സാന്നിധ്യം അഭിമാനാർഹമാണ്. അതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട ഇടവക വികാരിയച്ചന്മാരെയും, ഫൊറോന ഡയറക്ടർമാരെയും, കമ്മിറ്റി അംഗങ്ങളെയും, ഇടവക നേതാക്കന്മാരെയും, നന്ദിപൂർവ്വം ഓർക്കുന്നു. അഭിന്ദ്യ പിതാക്കന്മാർ, വികാരി ജനറാളച്ചന്മാർ, വിവിധ സംഘടനാ ഡയറക്ടർമാർ, പാസ്റ്റർ സെന്ററിലെ ബഹുമാനപ്പെട്ട ഡയറക്ടർ, വൈദികർ, രൂപതാ

കൂരിയായിലെ വൈദികർ, വിവിധ അത്മായ സംഘടനാ നേതാക്കൾ എന്നിവരെ ഈ അവസരത്തിൽ നന്ദിപൂർവം ഓർക്കുന്നു. മീഡിയ കമ്മീഷനിലെ വിവിധ വൈദികരുടെ സേവനം വിലമതിക്കാനാവാത്തതാണ്. മീഡിയ കമ്മീഷനെ നന്ദിപൂർവ്വം ഓർക്കുന്നു. സപ്ലിമെൻറ് ബാനർ എന്നിവ സ്പോൺസർ ചെയ്ത ശ്രീ ജിൻസിനേയും നന്ദിപൂർവ്വം ഓർക്കുന്നു. ബഹുമാനപ്പെട്ട ഡയറക്ടർ ജോബി അച്ചന്റെ നേതൃത്വത്തിൽ രൂപത, മേഖല ഭാരവാഹികളുടെ നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായ പ്രവർത്തനമാണ് സമ്മേളനത്തെ ഇത്രമാത്രം വിജയിപ്പിക്കാൻ സാധിച്ചത്. അടുത്ത സമ്മേളനം പാലാ രൂപതയുടെ നേതൃത്വത്തിൽ 2024 ൽ നടക്കും. 105-ാം ജന്മവാർഷികവും സമുദായ നേതൃസമ്മേളനവും വിജയകരമാക്കാൻ അനുഗ്രഹിച്ച് നല്ല ദൈവത്തിന് നന്ദി പറയുന്നു.

**സെബാസ്റ്റ്യൻ പുരയ്ക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

**March – April 2023**

- Sixth Semester University Examination commenced on 27th March 2023
- Forth Semester University Examination commenced on 12th April 2023
- Organized farewell for the outgoing students on 17th March 2023.
- Mr George Thomas, Associate Professor, Department of English retired on 31st March 2023.
- Mr Rons John and Mr Justin N J were appointed as Office Assistant on March 2023.
- Faculty Development programme: IQAC organized one day workshop in Outcome Based Education (OBE) on 20th March 2023. Dr Maria Martin Joseph, Principal, highlighted the importance of OBE. Rev Fr Sibichan Chelackapallil inaugurated the workshop. Mr. Andrews Jose, Assistant Professor, Viswajyothi College of Engineering and Technology, Vazhakulam was the resource person.
- Department of Commerce: Observed world consumer rights day on 16th March 2023. The Department organized photography, slogan writing, poster making and essay writing competitions.
- Department of English: In association with IQAC organized a Finishing School Programme on the topic 'What do we do with an English major?' on 18th March 2023. Dr. Karthika V K, Assistant professor, NIT Trichy was the resource person.

- Department of Computer Science: PG & Research Department of Computer Science, Mary Matha Arts and Science College, Mananthavady and PG Department of Computer Science, NAM College Kallikkandy organized an academic exchange programme for B Sc students on 20th March 2023.
  In association with Christ College Irinjalakuda, organized an Academic Exchange Programme – a residential programme for students of computer science on 24th and 25th March 2023.
- Department of Zoology: In association with Incubation cell of the college, organized a water quality testing camp in connection with World water day –'What's in Your Water?' on 22nd March 2023.
- Dr. Ramya Krishnan M: Presented a paper in an international conference on Management and Technology 2023 organized by School of Management Studies, CUSAT from 29th to 31st March 2023.
- Dr Rajitha Xavior: Published a paper in the edited book 'Leadership and Management' titled 'The Impact of Leadership Styles in Employee Work Performance'

**Dr. Maria Martin Joseph**
Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ മുഴുവൻ അധ്യാപക അനധ്യാപകരുടെയും സ്നേഹസംഗമം സദ്ഗമയ 2023 മെയ് പതിമൂന്നാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. സംഗമവേദിയിൽവെച്ചു ഈ അധ്യയനവർഷം ഔദ്യോഗിക സേവനത്തിൽ നിന്നും വിരമിക്കുന്ന അധ്യാപക അനധ്യാപകർക്കുള്ള യാത്രയയപ്പ് നൽകി. രാവിലെ 9 മണിക്ക് ആരംഭിച്ച അധ്യാപക അനധ്യാപക സംഗമത്തിൽ കോർപ്പറേറ്റ് മാനേജർ ഒരു മണിക്കൂർ നീണ്ടുനിന്ന സെഷനിൽ അടുത്ത അധ്യയനവർഷത്തെ വിദ്യാലയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള മാർഗനിർദേശങ്ങൾ നൽകുകയും മാനന്തവാടി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് അധ്യാപകജീവിതവും ആർട്ടിഫിഷ്യൽ ഇന്റലിജൻസും വിവരസാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം എന്നീ വിഷയങ്ങളിൽ ക്ലാസ് നൽകുകയും ചെയ്തു.

മാനന്തവാടി രൂപതാ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങൾക്ക് SSLC പരീക്ഷയിൽ തിളക്കമാർന്ന വിജയം കൈവരിക്കാൻ കഴിഞ്ഞു. ഒൻപത് വിദ്യാലയങ്ങളിൽ നിന്നായി 1758 വിദ്യാർത്ഥികൾ പരീക്ഷയെഴുതുകയും അതിൽ 1752 വിജയം കൈവരിക്കുകയും 356 വിദ്യാർത്ഥികൾ A+ നേട്ടം കൈവരിക്കുകയും ചെയ്തു. കൊട്ടിയൂർ IJMHS, ബത്തേരി അസംപ്ഷൻ ഹൈസ്കൂൾ, നടവയൽ സെന്റ് തോമസ് ഹൈസ്കൂൾ കബനിഗിരി നിർമല ഹൈസ്കൂൾ, അടയ്ക്കാത്തോട് ഹൈസ്കൂൾ, ഫാ . ജി. കെ. എം. ഹൈസ്കൂൾ കണിയാരം, സെന്റ് കാതറൈൻസ് ഹൈസ്ക്കൂൾ എന്നീ വിദ്യാലയങ്ങൾ 100 ശതമാനം വിജയവും കല്ലോടി സെന്റ് ജോസഫ്സ് ഹൈസ്കൂൾ, മണിമൂളി ക്രൈസ്റ്റ് കിംഗ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങൾ 99 ശതമാനം വിജയവും കൈവരിച്ചു.

## വിദ്യാലയ വാർത്തകൾ

### എൽ. പി. വിഭാഗം

**I ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി**

വിദ്യാർത്ഥികളുടെ വായനാശീലം വളർത്താൻ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തു. ഗോത്രവർഗ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു.

**II സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല**

വിദ്യാർത്ഥികളുടെ സമ്പൂർണ വിദ്യാലയ പ്രവേശനം ഉറപ്പാക്കുന്നതിനായി ഗൃഹസന്ദർശനം നടത്തി. വിദ്യാഭ്യാസ വകുപ്പ് നടത്തിയ എൽ. എസ്. എസ് പരീക്ഷയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു. സ്ഥലം മാറി പോകുന്ന വിദ്യാലയത്തിന്റെ മാനേജർക്ക് യാത്രയയപ്പ് നൽകി.

**III സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

മാമ്പഴക്കാലം അവധിക്കാല പ്രവർത്തന മൊഡ്യൂൾ തയ്യാറാക്കി വിദ്യാർത്ഥികൾക്ക് നൽകി വരുന്നു. എൽ. എസ്. എസ് പ്രത്യേക പരിശീലനം നടത്തി. അവധിക്കാലത്ത് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് നൽകുന്നു.

**IV നിർമല എൽ. പി സ്കൂൾ ആലാറ്റിൽ**

വിദ്യാർത്ഥികൾക്ക് അവധിക്കാല പരിശീലനങ്ങൾ നൽകി. ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. വിദ്യാലയത്തിലും വീടുകളിലും പച്ചക്കറി കൃഷി ആരംഭിച്ചു. രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ് നൽകി. വിദ്യാലയത്തിന്റെ മാനേജർക്ക് യാത്രയയപ്പ് നൽകി.

**V എൽ. പി സ്കൂൾ കണിയാരം**

പുതിയ അധ്യയന വർഷാരംഭത്തിന്റെ മുന്നോടിയായി വിദ്യാലയത്തിന് സുരക്ഷാഭിത്തി നിർമിച്ചു. വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു.

**VI സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

LSS പരീക്ഷയിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച വിദ്യാലയത്തിൽനിന്നും വിരമിക്കുന്ന അധ്യാപികക്കും സ്ഥലം മാറി പോകുന്ന മാനേജരച്ചനും യാത്രയയപ്പ് നൽകി. വിദ്യാലയവും പരിസരവും

വൃത്തിയാക്കി.

**VII സെന്റ് സെബാസ്ററ്യൻസ് എൽ പി സ്കൂൾ പോരൂർ**

വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. വായനയിലും എഴുത്തിലും കുട്ടികൾ പിന്നോക്കമാകാതിരിക്കാൻ അവധിക്കാല സർഗാത്മക പ്രവർത്തനങ്ങൾ കൊടുത്തു വരുന്നു. സ്റ്റാഫ് കൗൺസിൽ ചേരുകയും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**VIII പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളുന്നി**

വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. അഡ്മിഷൻ ആരംഭിച്ചു. വിദ്യാലയവും പരിസരവും രക്ഷിതാക്കളുടെ സഹായത്തോടെ വൃത്തിയാക്കി.

**IX ക്രൈസ്റ്റ് കിംഗ് എൽ. പി സ്കൂൾ മണിമൂളി**

വിദ്യാലയത്തിന്റെ പുതിയ പാചകപ്പുരയ്ക്ക് തറക്കല്ലിട്ടു.

**X സെന്റ് ജോർജ് എൽ. പി എസ് കൊളവയൽ**

അവധിക്കാലത്ത് വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കുകയും സ്കൂൾ പ്രവേശനത്തിനുള്ള ക്രമീകരണം നടത്തുകയും ചെയ്തു അവധിക്കാല പ്രവർത്തനങ്ങൾക്കായി വർക്ക് ഷീറ്റുകൾ കൊടുത്തു.

**XI സെന്റ് സെബാസ്ററ്യൻസ് എൽ പി സ്കൂൾ ഏലപ്പീടിക**

വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തുകയും വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**യു പി വിഭാഗം**

**I സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

38 വർഷത്തെ അധ്യാപനജീവിതത്തിനു ശേഷം വിരമിക്കുന്ന പ്രധാനാധ്യാപിക ലിസി ടീച്ചർക്ക് യാത്രാമംഗളങ്ങൾ നേർന്നു. എൽ. എസ്. എസ്., യു. എസ്. എസ് പരീക്ഷയ്ക്കായുള്ള ഒരുക്ക ക്ലാസ്സ് സംഘടിപ്പിച്ചു. ബഡ്ഡിങ് റൈറ്റേഴ്സ് ദ്വിദിന ശില്പശാലയിൽ പങ്കെടുത്ത വിദ്യാർത്ഥി ബെസ്ററ് പെർഫോർമർ അവാർഡ് കരസ്ഥമാക്കി.

**II സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

കോളനികളിലും മറ്റ് വീടുകളിലും അധ്യാപകർ സന്ദർശനം നടത്തി. മുഴുവൻ അധ്യാപകരും പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു.

**III സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

എസ്. ടി വിഭാഗം വിദ്യാർത്ഥികൾക്കായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു പുതിയ അധ്യയനവർഷത്തെ അഡ്മിഷൻ ആരംഭിച്ചു.

**IV സെന്റ് മേരീസ് എ. യു. പി സ്കൂൾ കബനിഗിരി**

അകാലത്തിൽ പൊലിഞ്ഞു പോയ വിദ്യാർത്ഥിക്കായി അനുസ്മരണയോഗം സംഘടിപ്പിച്ചു. വിദ്യാലയത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനു മുന്നോടിയായി സ്വാഗതസംഘം രൂപീകരിച്ചു.

**V അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി**

സംസ്ഥാനതല ശാസ്ത്രമേളയിൽ ടീച്ചേഴ്സ് പ്രോജക്ടിനു എ ഗ്രേഡ് കരസ്ഥമാക്കിയ അധ്യാപികയെ കോർപ്പറേറ്റ് അധ്യാപക അനധ്യാപക സംഗമത്തിൽ ആദരിച്ചു.

**VI സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി**

വിദ്യാർത്ഥികളെ യു എസ് എസ് പരീക്ഷയിൽ പങ്കെടുപ്പിച്ച വിദ്യാലയത്തിലെ പൂർവ അധ്യാപക വിദ്യാർത്ഥി സംഗമം നടത്തി. വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തികൾ പങ്കെടുത്തു. അവധിക്കാല പ്രവർത്തനങ്ങൾക്ക് ഓൺലൈനായി തുടക്കം കുറിച്ചു

**VII അമ്പായത്തോട് യു. പി സ്കൂൾ**

പുതിയ അധ്യയനവർഷത്തെ അഡ്മിഷന്റെ ഭാഗമായി അധ്യാപകർ ഭവനസന്ദർശനം നടത്തി. വിദ്യാലയത്തിന്റെ പരിസരം വൃത്തിയാക്കി

**VIII സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ**

മഴക്കാല രോഗങ്ങളെക്കുറിച്ചു കോളനികളിൽ ബോധവത്ക്കരണം നടത്തി. ഭൗമദിനത്തിന്റെ ഭാഗമായി വാട്സാപ്പ് ഗ്രൂപ്പുകൾ വഴി പ്രവർത്തനങ്ങൾ നടത്തി. ലോകപുസ്തക ദിനാചരണത്തിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടത്തി.

**IX സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി**

എൽ. എസ്. എസ്., യു. എസ്. എസ് പരീക്ഷകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു. SSK യും BRC യും ചേർന്ന് നടത്തിയ പഠന ക്യാമ്പിൽ കുട്ടികൾ പങ്കെടുത്തു വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന ക്യാമ്പിൽ അധ്യാപകർ പങ്കെടുത്തു. അവധിക്കാലത്ത് ഓൺലൈൻ ക്ലാസുകൾ നൽകി. വിദ്യാലയത്തിലെ അബാക്കസ് പരിശീലനത്തിലും ഫുട്ബോൾ പരിശീലനത്തിലും കുട്ടികൾ പങ്കെടുക്കുന്നു.

**X സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

ഡി. എൽ. എഡ് വിദ്യാർത്ഥികൾക്കായി സഹവാസക്യാമ്പ് സംഘടിപ്പിച്ചു. ബി. ആർ. സി യുടെ സമ്മർക്യാമ്പിന് വിദ്യാലയം ആതിഥേയത്വം വഹിച്ചു. ഔദ്യോഗിക സേവനത്തിൽനിന്നും വിരമിച്ച പ്രധാനാധ്യാപികക്ക് യാത്രയയപ്പ് നൽകി.

**XI സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്**

വിദ്യാർത്ഥികളുടെ വീടുകളിൽ അധ്യാപകർ സന്ദർശനം നടത്തി. വിദ്യാലയത്തിന്റെ മാനേജർക്ക് യാത്രയയപ്പ് നൽകി.

**XII സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ**

എൽ. എസ്. എസ് ക്ലാസുകൾ സംഘടിപ്പിച്ചു വിദ്യാലയത്തിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. പുതിയ അധ്യയനവർഷത്തെ കാര്യങ്ങൾ ആലോചിക്കുന്നതിനായി പി. ടി. എ എക്സിക്യൂട്ടീവ് ചേർന്നു.

**ഹൈസ്കൂൾ വിഭാഗം**

**I ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

വിദ്യാലയത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത വർഷത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി. സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികൾ മാനന്തവാടിയിൽ വെച്ച് നടത്തിയ ത്രിദിന ക്യാമ്പിൽ പങ്കെടുത്തു.

**II സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വിദ്യാർത്ഥികൾക്കായി വിവിധ കായികയിനങ്ങളിൽ പരിശീലനം നൽകി. അറിവരങ്ങ് എന്നപേരിൽ പഠനോത്സവം നടത്തി. ഇംഗ്ലീഷ് പഠനത്തിന്റെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ ഹ്രസ്വ

ചിത്രം പ്രദർശനമൊരുക്കി അറിവുണർവ് എന്ന വിഷയത്തിൽ ക്ലാസ് നൽകി. തായ്ക്കോണ്ടോ പരിശീലനം നടന്നുവരുന്നു.

### III സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി

SPC കുട്ടികൾക്കായി സമ്മർ സ്പെഷ്യൽ ക്യാമ്പ് നടത്തി. വിദ്യാർത്ഥികൾക്കായി മാമ്പഴക്കാലം എന്ന പേരിൽ പഠനക്യാമ്പ് നടത്തി.

### IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി

SSK വയനാട് സംഘടിപ്പിച്ച സമ്മർക്യാമ്പിൽ കുട്ടികൾ പങ്കെടുത്തു. വിദ്യാർത്ഥികൾക്കായി സ്കിൽ ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു.സ്കൂൾ മാനേജർക്ക് യാത്രയയപ്പ് നൽകി. പഠനോത്സവം നടത്തി.

### VI നിർമല ഹൈസ്കൂൾ കബനിഗിരി

വിദ്യാർത്ഥികൾക്കായി അവധിക്കാല കായിക പരിശീലനം നടത്തി. വിവിധ കോളനികൾ സന്ദർശിച്ചു.

### VII ഐ. ജെ. എം ഹൈസ്കൂൾ കൊട്ടിയൂർ

കണ്ണൂർ ജില്ലയിലെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ മികവുകൾ പൊതുവിദ്യാഭ്യാസ നാഷണൽ സെമിനാറിൽ അവതരിപ്പിച്ചു. SPC വിദ്യാർത്ഥികൾക്കായി അവധിക്കാല ക്യാമ്പ നടത്തി. ഔദ്യോഗിക സേവനത്തിൽനിന്നും വിരമിച്ച അധ്യാപകനും സ്ഥലം മാറി പോകുന്ന സ്കൂൾ മാനേജർക്കും യാത്രയയപ്പ് നൽകി.

## ഹയർസെക്കണ്ടറി വിഭാഗം

### I സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി

വിദ്യാലയത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ചു സഹപാഠിക്കൊരു തണൽ പരിപാടിയുടെ ഭാഗമായി സ്നേഹഭവനത്തിന്റെ നിർമാണം ആരംഭിച്ചു. സ്കൂളിലെ NSS യൂണിറ്റ് നിർമാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു .

### II ഫാ. ജി. കെ. എം ഹയർസെക്കണ്ടറി സ്കൂൾ കണിയാരം

വിദ്യാലയത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു. വിദ്യാലയത്തിന്റെ പെയിന്റിംഗ് നടത്തി. എൻ. എസ്. എസ് പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാലയത്തിന്റെ അടുത്തുള്ള കോളനികളിൽ വസ്തു

വിതരണം നടത്തി. മാനന്തവാടി മുനിസിപ്പാലിറ്റി നടത്തിയ ശുചീകരണ പ്രവർത്തനങ്ങളിൽ വോളണ്ടിയർമാർ സജീവമായി പങ്കെടുത്തു. SSLC പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും അവരെ അതിനായി ഒരുക്കിയ അധ്യാപകർക്കും രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ. പുതിയ അധ്യയനവർഷം മികവുകളുടേതാകാൻ ആശംസകൾ.

സ്നേഹപൂർവ്വം,

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# *Bishop's Programme* 

**June 2023**

*3 Saturday:.............. Deepthigiri: Laying of foundation stone for new church*

*4 Sunday:................. Karakkamala:*
*Family Renewal Year Inauguration*

*5 Monday:................Ondayangady: Blessing of school*

*6 Tue – 8 Thu:......... KCBC*

*11 Sunday:................Engaged*

*12 Mon- 16 Fri:...... Mount St Thomas: Synod*

*17 Sat - 14 Aug.........Abroad*



# *Auxiliary Bishop's Programme*

**June 2023**

*01 Thursday:..............Kunnoth: Good Shepherd Major Seminary, Holy Qurbana & Inauguration of the New Academic Year*

*02 Friday:..................Thamarassery, Sanatana Major Seminary, Holy Qurbana & Inauguration of the New Academic Year*

*04 Sunday:.................Kadalmad: Blessing of the Altar*

*05 Monday:................Kuzhikkattussery: Holy Qurbana*

*06 Tues -08 Thur:......POC: KCBC meeting*

*10 Saturday:...............Thrissur: Leaders' Conference at Jerusalem Retreat Centre*

*12 Sun- 16 Fri:......... Kakkanad: Syro Malabar Synod*

*17 Saturday:...............St. Jude Church, Thalapuzha: Holy Qurbana*

*18 Sunday:.................Kartikulam: Pastoral Visit*

*19 Monday:................PSDP Seminary: Diaconate*

*25 Sunday:.................Thalanji: Pastoral Visit*